# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

മാർച്ച് 2014 വാല്യം 40 ലക്കം 12 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 12 വില 5.00 രൂപ


## ജനകീയ സമര രാഷ്ട്രീയത്തിന്റെ പതാകയുമേന്തി

# ഇടതുപക്ഷ ഐക്യമുന്നണി

### ആർഎംപി, എസ്‌യുസിഐ(സി), എംസിപിഐ(യു)

റവല്യൂഷനറി മാർക്സിസ്റ്റ് പാർട്ടി(ആർ.എം.പി), സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇൻഡ്യ(കമ്മ്യൂണിസ്റ്റ്)(എസ്.യു.സി.ഐ(സി)), മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ(യുണൈറ്റഡ്)(എം.സി.പി.ഐ(യു)) എന്നീ പാർട്ടികൾ ചേർന്ന് ഇടതുപക്ഷ ഐക്യമുന്നണി എന്ന പേരിൽ ഒരു സമരമുന്നണിക്ക് രൂപം നൽകിയിരിക്കുകയാണ്. ആലുവ എം.സി.പി.ഐ(യു)വിന്റെ സംസ്ഥാനകമ്മിറ്റി ഓഫീസിൽ ഫെബ്രുവരി 24ന് ഈ പാർട്ടികളുടെ സംസ്ഥാനനേതാക്കൾ പങ്കെടുത്ത യോഗത്തിൽ വച്ചാണ് സുപ്രധാനമായ തീരുമാനം കൈക്കൊണ്ടത്. കഴിഞ്ഞ ഏതാനും മാസങ്ങളായി നടന്നുവന്ന ചർച്ചകളുടെ തുടർച്ചയെന്ന നിലയിലാണ് ഫെബ്രുവരി 24ന്റെ യോഗം നടന്നത്. ആഗോളവൽക്കരണനയങ്ങൾക്കെതിരെ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ദൃഢമായ ഉള്ളടക്കമുള്ള യോജിച്ച പോരാട്ടത്തിന്റെ പ്രസ്ഥാനമെന്ന നിലയിലാണ് ഇടതുപക്ഷ ഐക്യമുന്നണിക്ക് രൂപം നൽകിയിട്ടുള്ളത്.

**സ്വ**കാര്യമൂലധനത്തിന്റെ ചൂഷണത്തെ പതിന്മടങ്ങ് തീവ്രമാക്കിക്കൊണ്ട് രണ്ടര പതിറ്റാണ്ടായി ഏകാധിപത്യപരമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആഗോളവൽക്കരണത്തിന്റെ നയങ്ങൾ, രാജ്യത്തിന്റെ സമസ്ത രംഗത്തും സൃഷ്ടിച്ചിരിക്കുന്ന തകർച്ച നടുക്കമുണ്ടാക്കുന്നതാണ്. സാമ്പത്തിക അസമത്വം ഭയാനകമായ നിലയിൽ വർദ്ധിച്ചിരിക്കുന്നു. 20,000കോടി മുടക്കുള്ള റിലയൻസിന്റെ ആന്റില എന്ന രമ്യഹർമ്മ്യവും ചേരികളിൽ നുരയ്ക്കുന്ന പട്ടിണിപ്പാവങ്ങളുടെ കൂരകളും തമ്മിലുള്ള അന്തരമാണ് അതിന്റെ ഉത്തമ ഉദാഹരണം. തൊഴിൽ തെണ്ടി രാജ്യം മുഴുവൻ അലയുകയാണ് ഭാരതരാജ്യത്തെ തൊഴിലാളികൾ. 90കളുടെ തുടക്കത്തിൽ തമിഴ്നാട്ടിൽ നിന്നും ബീഹാറിൽ നിന്നും മഹാരാഷ്ട്രയിലേയ്ക്കും പിന്നീട് അവിടെ നിന്ന് കർണ്ണാടകത്തിലേയ്ക്കും തൊഴിലാളികൾ പണി യാചിച്ച് അലഞ്ഞു. ഇപ്പോൾ ബംഗാൾ, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് അഭയാർത്ഥികളെപ്പോലെ തൊഴിലാളികൾ പ്രവഹിക്കുന്നു. നിർമ്മാണരംഗത്തെ പ്രതിസന്ധിയെത്തുടർന്ന് അവർ ഇവിടെ നിന്നും അടുത്ത തൊഴിലിടം തേടി പോയിത്തുടങ്ങിയിരിക്കുന്നു. തുച്ഛമായ കൂലിക്കും മനുഷ്യോചിതമല്ലാത്ത തൊഴിൽ സാഹചര്യങ്ങളിൽ അവർ മാടുകളെപ്പോലെ പണിയെടുക്കുന്നു. കരാർതൊഴിൽ വ്യാപകമായിരിക്കുന്നു. അടിമപ്പണിയ്ക്ക് തുല്യമായ നിലയിൽ കരാർതൊഴിലാളികൾ പണിയെടുക്കുന്നു. കഠിനസമരങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങൾ ഒന്നൊന്നായി ഇല്ലായ്മ ചെയ്യപ്പെടുന്നു. വാർദ്ധക്യനാളുകളിലെ ഏകസംരക്ഷണമായിരുന്ന പെൻഷൻ ഏതാണ്ട് ഇല്ലാതാക്കാനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. തൊഴിലാളികളുടെ അദ്ധ്വാനത്തിലൂടെ സൃഷ്ടിക്ക

(ശേഷം പേജ് 2-ൽ)

## മാർച്ച് 5
## സ്റ്റാലിൻ അനുസ്മരണദിനം



“പെറ്റിബൂർഷ്വാ പാർട്ടികൾ, സോഷ്യലിസ്റ്റ് റെവല്യൂഷണറികളുടെയും മെൻഷെവിക്കുകളുടെയും പാർട്ടികൾ, ആയിരുന്നു സാമ്രാജ്യത്വത്തിന്റെ സാമൂഹ്യപിന്തുണയെന്ന നിലയിൽ വർത്തിച്ചിരുന്ന ഏറ്റവും അപകടകാരികളായ ശക്തികൾ. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ, അന്ന് ഈ പാർട്ടികളായിരുന്നു അനുരഞ്ജക കക്ഷികൾ; സാമ്രാജ്യത്വത്തിനും അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കുമിടയിലെ അനുരഞ്ജക പാർട്ടികൾ. സ്വാഭാവികമായും അന്നത്തെ ബോൾഷെവിക്കുകൾ അവരുടെ പ്രഹരം മുഖ്യമായും ഈ പാർട്ടികൾക്കെതിരെയാണ് തിരിച്ചുവിട്ടത്. എന്തെന്നാൽ, ഈ പാർട്ടികളെ ഒറ്റപ്പെടുത്താത്തിടത്തോളം കാലം, അദ്ധ്വാനിക്കുന്ന ബഹുജനങ്ങളും സാമ്രാജ്യത്വവും തമ്മിൽ വിച്ഛേദമുണ്ടാക്കുന്നതിനെപ്പറ്റി ചിന്തിക്കാൻ കഴിയുമായിരുന്നില്ല. അങ്ങനെയൊരു വിച്ഛേദം നിശ്ചയമായും സംഭവിക്കാത്തിടത്തോളം കാലം, സോവിയറ്റ് വിപ്ലവം വിജയം വരിക്കുമെന്ന് പ്രതീക്ഷിക്കാനാകുമായിരുന്നില്ല. ബോൾഷെവിക് തന്ത്രത്തിന്റെ ഈ പ്രത്യേകത അന്ന് പലർക്കും മനസ്സിലായില്ല. അതിനാൽ അവർ, ബോൾഷെവിക്കുകൾ സോഷ്യലിസ്റ്റ് റെവല്യൂഷണറികളോടും മെൻഷെവിക്കുകളോടും “അതിര് കടന്ന വെറുപ്പ്” വച്ചുപുലർത്തുന്നുവെന്നും, മുഖ്യലക്ഷ്യം “വിസ്മരിക്കുന്നു” വെന്നുമൊക്കെ ബോൾഷെവിക്കുകളെ കുറ്റപ്പെടുത്തുകയുണ്ടായി. എന്നാൽ ഈ തന്ത്രം അനുവർത്തിക്കുന്നതിലൂടെ മാത്രമേ ബോൾഷെവിക്കുകൾക്ക് ഒക്ടോബർവിപ്ലവത്തിന്റെ വിജയം ഉറപ്പാക്കാൻ കഴിയുമായിരുന്നുള്ളു. ഒക്ടോബർവിപ്ലവത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പിന്റേതായ മുഴുവൻ കാലഘട്ടവും ഈ വസ്തുതയെ വാചാലമായി സാക്ഷ്യപ്പെടുത്തുന്നു.”

**ജെ.വി.സ്റ്റാലിൻ**

(ഒക്ടോബർവിപ്ലവവും റഷ്യൻ കമ്മ്യൂണിസ്റ്റുകളുടെ വിപ്ലവതന്ത്രവും)

# പാർലമെന്റ് തെരഞ്ഞെടുപ്പ്: ജനങ്ങളുടെ കർത്തവ്യമെന്ത്?

ഒരു ലോക്സഭാ തെരഞ്ഞെടുപ്പിനെക്കൂടി ജനങ്ങൾ അഭിമുഖീകരിക്കുകയാണ്. പ്രധാന മത്സരക്കാരായ കോൺഗ്രസ്സ്, ബിജെപി എന്നീ ബൂർഷ്വാ പാർട്ടികളെ കൂടാതെ പ്രാദേശിക ബൂർഷ്വാ പാർട്ടികളും സിപിഐ(എം), സിപിഐ തുടങ്ങിയ കപട കമ്മ്യൂണിസ്റ്റ് പാർട്ടികളുമൊക്കെ മത്സരരംഗത്തുണ്ട്. വികസന നായകരെന്നും അഴിമതിക്കെതിരെ കുരിശുയുദ്ധം നയിക്കുന്നവരെന്നുമൊക്കെയാണ് ഇവരെല്ലാം അവകാശപ്പെടുന്നത്. ഇവരുടെ അവകാശവാദങ്ങളും വാഗ്ദാനങ്ങളും തമ്മിലടിയുമെല്ലാം പതിവുപോലെ മാദ്ധ്യമങ്ങൾ ആഘോഷമാക്കുകയാണ്.

**1952**-മുതൽ ജനങ്ങൾ പല തെരഞ്ഞെടുപ്പുകളും ഗവൺമെന്റുകളും കണ്ടു കഴിഞ്ഞു. ജനജീവിതത്തിൽ ഇതൊക്കെ എന്തെങ്കിലും മാറ്റം വരുത്തിയോ ? ജീവിതത്തിൽ എന്തെങ്കിലും ഉന്നമനമുണ്ടായോ ? ഏത്ത്തിൽ 122 പേരുമായി ഇന്ത്യ ലോകത്ത് 5-ാം സ്ഥാനത്താണ്. ആദ്യ പത്ത് പേരിൽ തന്നെ 5 ഇന്ത്യാക്കാരുണ്ട്. ഒട്ടുമിക്ക രാഷ്ട്രീയ നേതാക്കളും അതിസമ്പന്നരാണ്. ഇവരൊക്കെ അഴിമതിക്കാരുമാണ്. 543 ലോക്സഭാംഗങ്ങ

### എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയുടെ പ്രസ്താവന

പാർട്ടി എന്ത് അവകാശവാദമുന്നയിച്ചാലും ജനകോടികൾക്ക് ദുരിതങ്ങൾ മാത്രം സമ്മാനിച്ച് ഒരു പിടി കുത്തകകൾ തടിച്ചു കൊഴുത്തു എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ടു തന്നെ, ജനങ്ങൾ പട്ടിണിയും ദാരിദ്ര്യവും രോഗങ്ങളുമായി കഴിയുന്നതിൽ അത്ഭുതപ്പെടാനില്ല. 77 ശതമാനം പേർക്കും ഒരു ദിവസം 20 രൂപ പോലും വരുമാനമില്ലാത്ത സ്ഥിതിയാണ്. കർഷകരും കർഷകത്തൊഴിലാളികളും തൊഴിലന്വേഷിച്ച് വൻതോതിൽ നഗരങ്ങളിലേയ്ക്ക് പ്രയാണം ചെയ്യുകയാണ്. കടക്കെണിയിൽപ്പെട്ട് ലക്ഷക്കണക്കിന് കർഷകരാണ് ആത്മഹത്യ ചെയ്യുന്നത്. ഭിക്ഷാടനം, വ്യഭിചാരം, പെൺവാണിഭം, കൊലപാതകങ്ങൾ എന്നിവയൊക്കെ വർദ്ധിക്കുകയാണ്. ശതകോടീശ്വരന്മാരുടെ കാര്യളിൽ 321 പേർ ശതകോടീശ്വരന്മാരും 180 പേർ കോടീശ്വരന്മാരുമാണ്. ഇതിൽ കോൺഗ്രസ്സുകാരും ബിജെപിക്കാരും എന്തിന് സിപിഎം, സിപിഐക്കാരുമുണ്ട്. ഇന്ത്യയിൽനിന്നുള്ള സ്വിസ്സ് ബാങ്ക് നിക്ഷേപം 72 ലക്ഷം കോടിയാണെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. ഈ കള്ളപ്പണക്കാരിൽ രാഷ്ട്രീയക്കാരും ബിസിനസ്സുകാരും ഉദ്യോഗസ്ഥ പ്രമാണികളുമുണ്ട്. ലോകത്തുതന്നെ ഏറ്റവുമധികം കള്ളപ്പണമുള്ള രാജ്യം ഇന്ത്യയാണ്

കുത്തകകളുടെ താല്പര്യാർത്ഥമുള്ള ആഗോളവൽക്കരണ നയങ്ങൾ നടപ്പിലാക്കുന്നതിൽ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും അധികാരത്തിൽ വരുന്ന ബൂർഷ്വാ പാർട്ടികൾ പരസ്പരം മത്സരിക്കുകയാണ്. തൊഴിലാ

(ശേഷം പേജ് 8-ൽ)

### അയ്യൻകാളി നയിച്ച കാർഷിക പണിമുടക്കത്തിന്റെ ശതാബ്ദി ആചരണ കമ്മിറ്റി കോട്ടയത്ത് സംഘടിപ്പിച്ച

## നവോത്ഥാനശക്തി ചരിത്രപ്രദർശനം



കോട്ടയം തിരുനക്കരയിൽ നടന്ന നവോത്ഥാനശക്തി ചരിത്രപ്രദർശനം വീക്ഷിക്കുന്നവർ.

(വാർത്ത 6-ാംപേജിൽ)

# ഇടതുപക്ഷ ഐക്യമുന്നണിയെ ശക്തിപ്പെടുത്തുക

*(ഒന്നാം പേജിൽ നിന്ന്)*

പ്പെട്ട കോടിക്കണക്കിന് രൂപയുടെ അതിവിപുലമായ പെൻഷൻ ഫണ്ട് സ്വകാര്യകുത്തകകളുടെ ലാഭച്ചൂതാട്ടത്തിനായി വിട്ടുകൊടുത്തിരിക്കുന്നു.

ഒരു കാട്ടുതീയിൽ അകപ്പെട്ടാലെന്നപോലെ രാജ്യത്തെ കർഷക ലക്ഷങ്ങളെ ആഗോളവൽക്കരണ നയങ്ങൾ നക്കിത്തുടച്ചു. 3 ലക്ഷം കർഷകരെ ജീവനൊടുക്കാൻ ഈ നയങ്ങൾ ഇടയാക്കി. വിലക്കയറ്റം ജനജീവിതത്തിന്റെ അവസാനത്തെ സാമ്പത്തികഭദ്രതയെയും അടിമുടി ഉലച്ചിരിക്കുന്നു. ഈ സാമ്പത്തികത്തകർച്ച രാജ്യത്തെ മുഴുവൻ ജനങ്ങളെയും അളവറ്റ നിസ്സഹായതയിലേക്ക് ചവിട്ടിത്താഴ്ത്തിയിരിക്കുന്നു. ഭക്ഷ്യോൽപ്പന്നങ്ങൾ സംഭരിക്കാനും പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് യഥേഷ്ടം വിലനിശ്ചയിക്കാനും ഉൾപ്പെടെയുള്ള അവകാശങ്ങൾ കോർപ്പറേറ്റുകൾക്ക് നൽകുകയും, മറുവശത്ത് പരിമിതമായെങ്കിലും നിലവിലിരുന്ന പൊതുവിതരണ സംവിധാനം തകർക്കുകയും ചെയ്തതിലൂടെ അനിയന്ത്രിതമായ വിലക്കയറ്റത്തിന് സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. അദ്ധ്വാനിച്ചുജീവിക്കുന്ന ജനങ്ങളുടെ യഥാർത്ഥവേതനം വൻതോതിൽ കുറയാൻ ഇത് ഇടവരുത്തിയിരിക്കുന്നു. ചില്ലറവ്യാപാര രംഗത്ത് കുത്തകകൾക്ക് പ്രവേശനം അനുവദിച്ചതിലൂടെ ഈ മേഖലയിലുള്ള കോടിക്കണക്കിന് പേരുടെ ഉപജീവനമാർഗ്ഗം ഇല്ലാതാക്കുകയും, അതോടൊപ്പം വൻതോതിലുള്ള വിലക്കയറ്റത്തിന് കളമൊരുക്കുകയും ചെയ്യുന്നു.

പുതിയനിക്ഷേപസാധ്യതയായി സ്വകാര്യശക്തികൾക്കും കുത്തകകൾക്കും വിദ്യാഭ്യാസരംഗം തുറന്നുകൊടുത്തതിലൂടെ കൊള്ളലാഭത്തിന്റെ മേച്ചിൽപ്പുറമായി ഇവിടം മാറി. ശരാശരി വരുമാനമുള്ള ഇടത്തരക്കാർക്ക് പോലും മക്കൾക്ക് വിദ്യാഭ്യാസം നൽകാനാവാത്ത വിധം വിദ്യാഭ്യാസത്തിന്റെ വില വളരെ ഉയർന്നുകഴിഞ്ഞു. സാമൂഹ്യ.-സാംസ്കാരിക മേഖലകളിലെ തകർച്ച ഉൾക്കിടിലമുണ്ടാക്കുന്നതാണ്. മനുഷ്യസത്തയ്ക്ക് പകരം പണത്തിന്റെയും വിപണിയുടെയും നീചമായ സംസ്കാരം പിടിമുറുക്കുന്നു. ഉന്നതമായ മൂല്യസങ്കൽപ്പങ്ങളും നീതിവിചാരങ്ങളും ധർമ്മബോധവും ഇത്രയുമേറെ ചോർത്തിക്കളയപ്പെട്ട ഒരു സാമൂഹ്യസ്ഥിതിവിശേഷം ഇതിനു മുമ്പുണ്ടായിട്ടുണ്ടോ എന്ന് സാധാരണജനങ്ങൾ ആശങ്കപ്പെടുന്നു. അഴിമതി വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും നിലനിൽപ്പിന്റെ ഒരു സഹജരീതിയായി സ്ഥാപിക്കപ്പെട്ടുകഴിഞ്ഞു. കാർഗിൽ പോരാളികൾക്കായി പണി കഴിപ്പിച്ച 104 അപ്പാർട്ടുമെന്റുകളിൽ വെറും 2 എണ്ണം മാത്രം അവർക്ക് നൽകിയിട്ട് 102ഉം രാഷ്ട്രീയനേതാക്കളും മറ്റുള്ളവരും ചേർന്ന് തട്ടിയെടുത്തത് അധികാരരാഷ്ട്രീയ മണ്ഡലത്തിൽ പിടിമുറുക്കിയിട്ടുള്ള ഭയാനകമായ അഴിമതിയുടെ വ്യത്യസ്തമാനങ്ങളെയാണ് വെളിവാക്കുന്നത്. സ്വകാര്യനേട്ടങ്ങൾക്കായി എന്തും ചെയ്യുമെന്നതിൽ, അതിഭീമമായ തുകയുടെ 2ജി അഴിമതിയേക്കാളും ശക്തമായ ഉദാഹരണമാണ് ആദർശ് ഫ്ളാറ്റ് തട്ടിപ്പ്. ഇപ്രകാരം ആഗോളവൽക്കരണനയങ്ങൾ തുറന്നുവിട്ടത് അഴിമതിയുടെ അവിശ്വസനീയമായ സാധ്യതകളാണ്.

ഈ നയങ്ങൾക്കെതിരെ രാജ്യമെമ്പാടും അതിശക്തമായ അസംതൃപ്തിയും രോഷവും നീറിപ്പുകയുകയാണ്. സമാനസ്ഥിതിവിശേഷം നിലനിൽക്കുന്ന മറ്റെല്ലാ രാജ്യങ്ങളിലും ജനകീയപ്രക്ഷോഭങ്ങൾ ഈ നയങ്ങൾക്കതിരെ അലയടിക്കുമ്പോഴും നമ്മുടെ രാജ്യത്ത് അത്തരമൊരു മുന്നേറ്റം ഉയർത്തപ്പെടാതെ പോകുന്നതെന്തുകൊണ്ടാണ്. അഥവാ ഉയർന്നുവന്ന അപൂർവ്വം ചില മുന്നേറ്റങ്ങളിൽ ആപൽക്കരമായ അരാഷ്ട്രീയ നേതൃത്വം സ്ഥാപിക്കപ്പെടാൻ ഇടയായത് എന്തുകൊണ്ടാണ്? ജനങ്ങൾ അഭിമുഖീകരിക്കുന്ന അടിസ്ഥാനപ്രശ്നങ്ങളിൽ ആശങ്കപ്പെടുന്ന ഏതൊരാളും വളരെ ഗൗരവപൂർവ്വം ഉയർത്തുന്ന ചോദ്യമാണിത്. ഇടതെന്ന പേരു വഹിക്കുന്ന, സിപിഐ, സിപിഐ(എം) പോലുള്ള പ്രമുഖ രാഷ്ട്രീയകക്ഷികൾ അനുവർത്തിക്കുന്ന ഭരണവർഗ്ഗാനുകൂല രാഷ്ട്രീയമാണ് ഇതിന്റെ മുഖ്യകാരണം.

കുത്തകകൾക്കും കോർപ്പറേറ്റുകൾക്കും വേണ്ടി നിലകൊള്ളുന്ന വലതുപക്ഷശക്തികളിൽ നിന്നും വിഭിന്നമായി, ആഗോളവൽക്കരണനയങ്ങൾക്കെതിരെ അടിയുറച്ച നിലപാട് ജനങ്ങൾ ഇടതുപ്രസ്ഥാനങ്ങളിൽ നിന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ വിവിധ സംസ്ഥാനങ്ങളിൽ അധികാരത്തിലിരുന്നപ്പോഴും അധികാരത്തിന് വെളിയിലും ഈ നയങ്ങളുടെ നടത്തിപ്പുകാരായും പ്രചാരകരായും വ്യവസ്ഥാപിത ഇടത് കക്ഷികൾ സ്വയം മാറുന്ന കാഴ്ചയാണ് ജനങ്ങൾ ദർശിച്ചത്. അതിനുമപ്പുറം ഈ നയങ്ങൾക്കെതിരെ ഉയർന്നുവന്ന ജനകീയപ്രക്ഷോഭങ്ങളെ അധികാരവും സംഘടനാമുഷ്കും ഉപയോഗിച്ച് അടിച്ചമർത്തുക പോലും ഉണ്ടായി.നന്ദിഗ്രമിലും സിംഗൂരിലും നാം കണ്ടത് അതാണ്. ഇത്തരം പ്രസ്ഥാനങ്ങൾക്ക് എങ്ങിനെയാണ് ഈ നയങ്ങൾക്കെതിരെയുള്ള പോരാട്ടത്തിന്റെ വിശ്വസനീയമായ നേതൃത്വമാകാൻ കഴിയുക? ദേശവ്യാപകമായി വളർന്നുവരേണ്ടിയിരുന്ന ജനാധിപത്യമുന്നേറ്റത്തിന് ഈ പ്രസ്ഥാനങ്ങളുടെ നിലപാട്, അങ്ങിനെ അളവറ്റ ആഘാതം ഏൽപ്പിച്ചു.

തെരഞ്ഞെടുപ്പ് രംഗത്തെ താൽക്കാലിക നേട്ടങ്ങൾ തരിമ്പും ലാക്കാക്കാതെ ജനകീയ സമരങ്ങളെ എവ്വിധവും ശക്തിപ്പെടുത്തുക എന്ന തത്വാധിഷ്ഠിതമായ നിലപാട് സ്ഥായിയായി കൈക്കൊണ്ടുകൊണ്ട് മുന്നോട്ട് പോയിരുന്നെങ്കിൽ രാജ്യത്ത് വലിയൊരു മുന്നേറ്റം ഇതിനോടകം വളർത്തിയെടുക്കാൻ കഴിയുമായിരുന്നു. എന്നാൽ അപ്രകാരമൊരു ജനാധിപത്യസമരത്തിന്റെ തത്വാധിഷ്ഠിതമായ അടിസ്ഥാന നിലപാട് സ്വീകരിക്കാൻ ഇക്കൂട്ടർ തീർത്തും തയ്യാറായില്ല. പാർലമെന്ററി രാഷ്ട്രീയ അധികാരത്തിന്റെ വളരെ സങ്കുചിതമായ കണക്കുകൂട്ടലുകൾ മാത്രം മുമ്പിൽ വച്ചുകൊണ്ട് മാത്രം നടത്തുന്ന ഏറ്റവും അവസരവാദപരമായ നിലപാടുകൾ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ മഹത്വവും അന്തസ്സും യശസ്സും വൻതോതിൽ ജനമദ്ധ്യത്തിൽ ഇടിച്ചുതാഴ്ത്തപ്പെടാനിടയാക്കി. ഇപ്പോൾ നടക്കുന്ന തെരഞ്ഞെടുപ്പിൽ സിപിഐ(എം) മുൻകൈയെടുത്ത് ദേശീയതലത്തിൽ രൂപപ്പെടുത്തിയിട്ടുള്ള 'മതേതര' മുന്നണി അതിന്റെ ഒന്നാന്തരം ഉദാഹരണമാണ്.ഈ മുന്നണിയിലെ ഘടകകക്ഷികൾ രാഷ്ട്രീയഭാഗ്യാന്വേഷണത്തിന്റെ ഭാഗമായി ആരുമായും ചങ്ങാത്തം സ്ഥാപിക്കുകയും പൊളിക്കുകയും ചെയ്യുന്ന കക്ഷികൾ മാത്രമാണ്. എന്ത് തത്വമാണ് ഇക്കൂട്ടരെ നയിക്കുന്നത്? ഇതിൽ ഏതാണ്ട് എല്ലാ കക്ഷികളും തന്നെ കോൺഗ്രസ്സുമായും ബിജെപിയുമായും തരാതരം പോലെ കൂട്ടുകെട്ട് ഉണ്ടാക്കുകയും കാലുമാറുകയും ചെയ്തിട്ടുള്ളവരാണ്. മഹാരാഷ്ട്രയിലും കേന്ദ്രത്തിലും കോൺഗ്രസ്സിനോടൊപ്പം നിൽക്കുന്ന എൻ.സി.പി കേരളത്തിൽ ഇടതുമുന്നണിയിലാണ്. കർണ്ണാടകയിൽ ബിജെപിയോടൊപ്പം ഭരണംപങ്കിട്ട ദേവഗൗഡയുടെ ജനതാദൾ കേരളത്തിൽ ഇടതുമുന്നണിയോടൊപ്പമാണ്. ഇക്കൂട്ടരുമായി ചേർന്നുള്ള ഒരു തെരഞ്ഞെടുപ്പ് സഖ്യം ജനാധിപത്യസമരപ്രവർത്തനങ്ങളെ എപ്രകാരമാണ് സഹായിക്കുക. ഒരു വിധത്തിലും അവ സഹായിക്കില്ലെന്നു മാത്രമല്ല വൻതോതിൽ ജനാധിപത്യമുന്നേറ്റങ്ങളെ ക്ഷീണിപ്പിക്കാനാണ് ഇതിടയാക്കുക. കാലാകാലങ്ങളിൽ കൈക്കൊണ്ടിട്ടുള്ള ഈ അവസരവാദ കൂട്ടുകെട്ടുകൾ ജനാധിപത്യസമരങ്ങളെ മാത്രമല്ല, ഇടതുപ്രസ്ഥാനങ്ങളെ തന്നെ വൻതോതിൽ ദുർബ്ബലമാക്കുകയാണ് ഉണ്ടായിട്ടുള്ളത്. ഈ വൈകിയവേളയിലെങ്കിലും അത് തിരിച്ചറിയാനാകാത്തവിധം പാർലമെന്ററി രാഷ്ട്രീയത്തിന്റെ തിമിരം അവരെ ബാധിച്ചുകഴിഞ്ഞു.

> **ജനദ്രോഹനയങ്ങൾക്കെതിരെ വ്യത്യസ്ത മേഖലകളിൽ ജാതി-മത-കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായി ജനങ്ങളെ ഏകോപിപ്പിക്കുന്ന ജനാധിപത്യസമരസംഘടനകളോട് ഈ സമരമുന്നണിയുമായി ഐക്യപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു**

ഇടതുപക്ഷ രാഷ്ട്രീയം അകക്കാമ്പായി പ്രവർത്തിക്കുന്ന ഒരു ജനമുന്നേറ്റം രൂപപ്പെടാനും ഒരു ശക്തിയായി വളർന്നുവരാനും ഏറ്റവും അനുകൂലമായ സാഹചര്യമാണ് ഇന്ന് വസ്തുനിഷ്ഠമായും രാജ്യത്ത് നിലനിൽക്കുന്നത്. ജനങ്ങൾ സ്വന്തം ജീവിതാനുഭവങ്ങൾകൊണ്ട്, തങ്ങളുടെ പുരോഗതിയെയും എന്തിന് ജീവിതത്തെയും തകർക്കുന്നത് ചൂഷണാധിഷ്ഠിതമായ ഈ മുതലാളിത്തവ്യവസ്ഥയാണെന്ന് സ്വാഭാവികമായും തിരിച്ചറിയുന്നു. രാജ്യത്തിന്റെ നിരവധി മേഖലകളിൽ വ്യത്യസ്തമായ ഡിമാന്റുകളുയർത്തിക്കൊണ്ട് ഉയർന്നുവരുന്ന ചെറുതും വലുതുമായ ജനകീയസമരങ്ങളുടെ കുന്തമുന നിർദ്ദയമായ ഈ ചൂഷണത്തിനെതിരെയാണ് നീളുന്നത്. ഈ ജനകീയ പ്രക്ഷോഭങ്ങളെ വർഗ്ഗരാഷ്ട്രീയത്തിന് അനുരോധമായി വളർത്തിയെടുക്കാനും ആത്യന്തികമായി ഈ വ്യവസ്ഥയുടെ പരിവർത്തനത്തിലേക്ക് നയിക്കാനും വമ്പിച്ച സാധ്യതകൾ നിലനിൽക്കുന്ന ചരിത്രമുഹൂർത്തമാണിത്. സഹജമായിത്തന്നെ ഇടത് രാഷ്ട്രീയത്തിന്, വർഗ്ഗരാഷ്ട്രീയത്തിന് ശക്തമായി ഉദയം ചെയ്യാനും മുന്നേറാനും ഇത്രയും അനുകൂലമായ സാഹചര്യം നിലനിൽക്കുമ്പോഴും ഇടതുരാഷ്ട്രീയത്തിന്റെ ആശയനേതൃത്വത്തിൽ ഒരു പ്രക്ഷോഭമുണ്ടായി വരുന്നില്ല എന്നത് വ്യവസ്ഥാപിത ഇടത് കക്ഷികളുടെ പൂർണ്ണപരാജയത്തെയാണ് വ്യക്തമാക്കുന്നത്.

ഇത്തരമൊരു സാഹചര്യത്തിലാണ് കേരളത്തിൽ ആർ.എം.പിയും എസ്.യു.സി.ഐയും എം.സി.പി.ഐ (യു)വും ചേർന്ന് ഇടതുപക്ഷ ഐക്യമുന്നണിക്ക് രൂപം നൽകുന്നത്. ആർ.എം.പി, സിപിഐ(എം)ൽ നിന്നും വേർപെട്ട് രൂപംകൊണ്ട ഇതരപ്രസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി, മുതലാളിവർഗ്ഗത്തിന്റെ പാർട്ടികളായ കോൺഗ്രസ്സിന്റെയും ബി.ജെ.പിയുടെയും രാഷ്ട്രീയത്തിനും അവരുടെ കുത്തകാനുകൂല നയങ്ങൾക്കുമെതിരെ അടിയുറച്ച നിലപാട് കൈക്കൊണ്ടുതന്നെ പൊരുതുന്ന പ്രസ്ഥാനമാണ്.അത്തരമൊരു നിലപാട് അനുവർത്തിച്ചതുകൊണ്ടാണ് അതിന്റെ ഏറ്റവും മുതിർന്ന നേതാവായ സഖാവ് ടി.പി.ചന്ദ്രശേഖരന് സ്വന്തം ജീവൻ നൽകേണ്ടിവന്നത്. കോൺഗ്രസ്സിൽ ചെന്നടിഞ്ഞിരുന്നെങ്കിൽ സിപിഐ(എം) അദ്ദേഹത്തെ വെറുതെവിടുമായിരുന്നു. അതിനാൽ, അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തെ അതീവമായ ആദരവോടെ മാത്രമേ കേരളത്തിലെ ജനങ്ങൾക്ക് കാണാൻ കഴിയൂ. വരാനിരിക്കുന്ന നാളുകളിൽ കേരളത്തിലെ ജനാധിപത്യസമരരംഗത്ത് ഒരിടതുപക്ഷ പ്രസ്ഥാനമെന്ന നിലയിൽ ആർഎംപിക്ക് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയും.

മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന് അനുരോധമായി നാടെമ്പാടും ജനാധിപത്യസമരങ്ങൾ സംഘടിപ്പിക്കാനായി പിറവികൊണ്ട കാലം മുതലേ വിശ്രമരഹിതമായി പ്രയത്നിക്കുന്ന പ്രസ്ഥാനമാണ് എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്). കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി മുതലാളിത്ത ആഗോളവൽക്കരണ നയങ്ങൾക്കെതിരെ ചെറുതും വലുതുമായ നൂറുകണക്കിന് ജനകീയ പ്രക്ഷോഭങ്ങളാണ് പാർട്ടിയുടെ മുൻകൈയിൽ രാജ്യമെമ്പാടും നടന്നിട്ടുള്ളത്. സങ്കുചിതമായ കക്ഷിരാഷ്ട്രീയ പരിഗണനകൾക്കും മറ്റ് വൈജാത്യങ്ങൾക്കും അതീതമായി സമരോപകരണങ്ങളെന്ന നിലയിൽ താഴേത്തലം മുതൽ ജനങ്ങളുടെ സമരക്കമ്മിറ്റികൾക്ക് രൂപം നൽകിക്കൊണ്ട് ഭരണവർഗ്ഗനയങ്ങൾക്കെതിരെ പോരാടുക എന്നതാണ് എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) അനുവർത്തിച്ചുവരുന്ന നിലപാട്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടയിൽ ക്രിമിനൽ മൂലധനത്തിന്റെ മരണപിടിയിൽ നിന്നും സമൂഹത്തെ രക്ഷിക്കുന്നതിനായി കേരളത്തിൽ നടന്നിട്ടുള്ള എല്ലാ ന്യായമായ ജനകീയസമരമുഖത്തും ഈ പ്രസ്ഥാനമുണ്ടായിരുന്നു. ഒന്നുകിൽ സംഘാടകരായി, അല്ലെങ്കിൽ അടിയുറച്ച പിന്തുണയുമായി. ചെങ്ങറയിൽ, മൂലമ്പിള്ളിയിൽ, വിഴിഞ്ഞത്ത്, വിളപ്പിൽശാലയിൽ, സംഘടിതതൊഴിലാളിവർഗ്ഗത്തിന്റെ മുന്നേറ്റങ്ങളിൽ എവിടെയും ഈ പ്രസ്ഥാനമുണ്ടായിരുന്നു. ആഗോളവൽക്കരണത്തിന്റെ തേർവാഴ്ചക്കെതിരെ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി രൂപംകൊള്ളുന്ന ഇടതുപക്ഷ ഐക്യമുന്നണിയിൽ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്)ന്റെ പങ്കാളിത്തം സംസ്ഥാനത്തെ ജനാധിപത്യമുന്നേറ്റങ്ങളെ വർദ്ധിച്ച അളവിൽ ചലനാത്മകമാക്കും. തൊഴിലാളികളെ ആഗോളവൽക്കരണത്തിന്റെ നയങ്ങൾക്കെതിരെ അണിനിരത്തിക്കൊണ്ട് പൊരുതുന്ന പ്രസ്ഥാനമാണ് എം.സി.പി.ഐ(യു). പാർലമെന്ററി രാഷ്ട്രീയത്തിന്റെ ഇടുങ്ങിയ കണക്കുകൂട്ടലുകളാൽ സ്വാധീനിക്കപ്പെടാതെ മുതലാളിത്ത പാർട്ടികളുടെ നയങ്ങളെയും നടപടികളെയും ചോദ്യം ചെയ്തുകൊണ്ട് നിലകൊള്ളുന്ന പാർട്ടിയാണ് എം.സി.പി.ഐ(യു). ഇടതുപക്ഷ ഐക്യമുന്നണിയിൽ എം.സി.പി.ഐ(യു) സജീവമായ പങ്ക് വഹിച്ച് നിലകൊള്ളുന്നു.

കേരളത്തെ ജനാധിപത്യവൽക്കരിക്കുന്നതിനും നവോത്ഥാനമൂല്യങ്ങളെ വികസിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടത് ഈ ഘട്ടത്തിൽ പരമപ്രധാനമായിരിക്കുന്നു. രാഷ്ട്രീയപ്രസ്ഥാനങ്ങൾ മാഫിയാ ഉള്ളടക്കത്തിലേക്ക് വഴിമാറിപ്പോകുകയും എതിർ ശബ്ദങ്ങളെ കൊലപാതകത്തിലൂടെയും ആക്രമണപരമ്പരകളിലൂടെയും നേരിടുകയും ചെയ്യുന്നതിന്റെ നീചമായ ഉദാഹരണമായിരുന്നു ആർഎംപി സെക്രട്ടറി ടി.പി ചന്ദ്രശേഖരനെ നിഷ്ഠുരമായി കൊലപ്പെടുത്തിയത്. ബിജെപി അടക്കമുള്ള ഫാസിസ്റ്റ് സംഘടനകളും എതിരാളികളെ ഇതേ മട്ടിലാണ് കൈകാര്യം ചെയ്യുന്നത്. ഇക്കാരണത്താൽതന്നെ ജനാധിപത്യവൽക്കരണത്തിനുള്ള വിശാലമായ സാമൂഹ്യരാഷ്ട്രീയമുന്നേറ്റത്തിന് തുടക്കം കുറിക്കേണ്ടതുണ്ട്. ആഗോളീകരണനയങ്ങൾക്കെതിരെയും ഫാസിസ്റ്റ് സമീപനങ്ങൾക്കെതിരെയും നിരന്തരമായ പ്രതിരോധപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കണം. ഇക്കാര്യങ്ങളിൽ ജനങ്ങളുടെ വിപുലമായ സമരൈക്യപ്രസ്ഥാനത്തിന് രൂപം നൽകണം. ഈ അടിയന്തിര കർത്തവ്യം ഏറ്റെടുത്തുകൊണ്ടാണ് ആർ.എം.പി, എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്), എം.സി.പി.ഐ(യു) എന്നീ മൂന്ന് ഇടതുപക്ഷപ്പാർട്ടികളും ചേർന്ന് ഇടതുപക്ഷ ഐക്യമുന്നണി രൂപീകരിച്ചിരിക്കുന്നത്.

ആഗോളവൽക്കരണനയങ്ങൾക്കും അഴിമതിക്കും വർഗ്ഗീയതക്കും കൊലപാതക രാഷ്ട്രീയത്തിനുമെതിരെയുള്ള യോജിച്ച പോരാട്ടമാണ് ഇടതുപക്ഷ ഐക്യമുന്നണിയുടെ ലക്ഷ്യം. അടിസ്ഥാന പരിവർത്തനത്തിന്റേതായ ഇടതുരാഷ്ട്രീയം അകക്കാമ്പായി വരുന്ന ഈ ജനകീയ സമരൈക്യം സംസ്ഥാനത്തിന്റെ പ്രക്ഷോഭ ചരിത്രത്തിൽ വഴിത്തിരിവായി മാറും. ജനങ്ങൾക്ക് വിശ്വാസമർപ്പിക്കാവുന്ന ജനകീയ സമര നേതൃത്വമായി ഇടതുപക്ഷ ഐക്യമുന്നണി പ്രവർത്തിക്കും. തെരഞ്ഞെടുപ്പുൾപ്പെടെയുള്ള എല്ലാ ജനാധിപത്യവേദികളിലും ഈ ഐക്യമുന്നണി ജനസമരങ്ങളുടെ വളർച്ചയ്ക്ക് അനുരോധമായി യോജിച്ചുമുന്നേറും. കേരളത്തിൽ ഇന്ന് ഇടതുപക്ഷരാഷ്ട്രീയത്തിന്റെ മഹത്തായ പതാക ഉയർത്തിപ്പിടിക്കുന്ന ഇടതുപക്ഷഐക്യമുന്നണിയെ ശക്തിപ്പെടുത്താൻ ഏവരോടും അഭ്യർത്ഥിക്കുന്നു. ജനദ്രോഹനയങ്ങൾക്കെതിരെ വ്യത്യസ്ത മേഖലകളിൽ ജാതി-മത-കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായി ജനങ്ങളെ ഏകോപിപ്പിച്ചിട്ടുള്ള ജനാധിപത്യസമരസംഘടനകളോട് ഈ സമരമുന്നണിയുമായി ഐക്യപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു. ജനാധിപത്യസമരരാഷ്ട്രീയം മാത്രമാണ് ജനതാല്പര്യത്തെ പ്രതിനിധീകരിക്കുന്നതെന്ന് തിരിച്ചറിഞ്ഞ് ഇടതുപക്ഷ ഐക്യമുന്നണിയെ സർവ്വാത്മനാ ശക്തിപ്പെടുത്താൻ എല്ലാ പുരോഗമന ജനാധിപത്യവിശ്വാസികളോടും ആഹ്വാനം ചെയ്യുന്നു. ●

## സംസ്ഥാന സർക്കാരിന്റെ പാർട്ണർ കേരള പദ്ധതി

# പൊതുമുതൽ സ്വകാര്യമേഖലക്കു തീറെഴുതാനുള്ള ഗൂഢനീക്കം

കേരള സർക്കാർ പാർട്ണർ കേരള എന്ന പേരിൽ ഫെബ്രുവരി 24, 25 തീയതികളിൽ, എറണാകുളം മറൈൻ ഡ്രൈവിൽ വച്ച് നടത്തിയ നഗരവികസനസംഗമം, പൊതു സ്വകാര്യ പങ്കാളിത്തത്തിന്റെ മറവിൽ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയും അടിസ്ഥാനസൗകര്യങ്ങളും സ്വകാര്യമേഖലയ്ക്കു തീറെഴുതാനുള്ള ഗൂഢനീക്കമാണ്. ഒപ്പം, മാലിന്യനിർമ്മാർജ്ജനമടക്കമുള്ള ചുമതലകളിൽ നിന്നും സർക്കാരിന്റെ ബോധപൂർവ്വമായ പിന്മാറ്റവും ഇതിലൂടെ നടപ്പാകും. നഗരകാര്യവകുപ്പാണ് സംഗമത്തിന് ചുക്കാൻ പിടിക്കുന്നത്. കേരളത്തിലെ പൊതുസേവനസൗകര്യങ്ങളിലും അടിസ്ഥാനസൗകര്യവികസനപദ്ധതികളിലും മുതൽമുടക്കാൻ വിശാലമായ അവസരങ്ങളാണ് നിക്ഷേപകർക്ക് സംഗമം വാഗ്ദാനം ചെയ്യുന്നത്. മാലിന്യസംസ്കരണം, അമ്യൂസ്മെന്റ് പാർക്ക്, ചന്തകൾ, മാളുകൾ, പാലങ്ങൾ, ബസ് ടെർമിനലുകൾ, ശൗചാലയങ്ങൾ തുടങ്ങി ചെറുതും വലുതുമായ 84 പദ്ധതികളാണ് വിവിധ മുൻസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേതുമായി അവതരിപ്പിക്കപ്പെട്ടത്. ഇതിൽ 4291.89 കോടിയുടെ 64 ഓളം പദ്ധതികൾക്ക് നിക്ഷേപകർ താൽപ്പര്യം പ്രകടിപ്പിച്ചു എന്നാണ് ലഭ്യമായ വിവരം.

പൊതുമേഖലയിലോ, ജനസേവനത്തിനോ മുടക്കാൻ പണമില്ല എന്നത് കേന്ദ്രസർക്കാർ മുതൽ ഗ്രാമപഞ്ചായത്തുകൾ വരെ ആവർത്തിക്കുന്ന ന്യായമാണ്. ഈ ന്യായം പറഞ്ഞാണ് പൊതുവിദ്യാഭ്യാസവും പൊതുജനാരോഗ്യവും അടക്കമുള്ള മേഖലകളിൽ നിന്ന് സർക്കാരുകൾ പിൻവാങ്ങുന്നതും അവിടേക്ക് സ്വകാര്യ മൂലധനത്തിന്റെ കടന്നുവരവിന് അരങ്ങൊരുക്കിക്കൊടുക്കുന്നതും. ഇതിന്റെ തിക്തഫലങ്ങൾ എല്ലാ മേഖലകളിലും ജനങ്ങൾ ഇന്നനുഭവിക്കുന്നു. എന്തും ഏതും വിൽപ്പനച്ചരക്കാണെന്നും, കൊടുക്കുന്ന വിലക്കനുസരിച്ചുള്ള നിലവാരത്തിലുള്ള സേവനം മാത്രമേ ഒരാൾക്കു ലഭ്യമാക്കാവൂ എന്നതും ആഗോളവൽക്കരണത്തിന്റെ അടിസ്ഥാനതത്വമാണ്. ഇതിൻപ്രകാരമുള്ള നയപരിപാടികളാണ് ഓരോ മേഖലയിലും കഴിഞ്ഞ 20 വർഷമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇടതും വലതും ബിജെപിയുമെല്ലാം ഈ നയങ്ങളുടെ നടത്തിപ്പുകാരാണ്. എല്ലാ മേഖലയിലും കൃത്യമായി ഒരേ തിരക്കഥയനുസരിച്ചാണ് സർക്കാർ പിൻവാങ്ങി സ്വകാര്യമേഖലയെ വാഴിക്കുന്നത്. ആദ്യം പൊതുസംവിധാനത്തിന്റെ കാര്യക്ഷമത ബോധപൂർവ്വം നശിപ്പിക്കും. ഫണ്ടുകൾ വെട്ടിക്കുറച്ചും, നിയമനങ്ങളും, കാലോചിതമായ പരിഷ്കാരങ്ങളും നടത്താതെയും, അഴിമതി പ്രോത്സാഹിപ്പിച്ചും ജനങ്ങളുടെയിടയിൽ പൊതുസംവിധാനത്തെക്കുറിച്ച് മതിപ്പില്ലാതാക്കും. പിന്നീട്, സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനെന്ന പേരിൽ, മിക്കവാറും ലോകബാങ്ക് സഹായത്തോടെ, വമ്പിച്ച ഫണ്ട് ഒഴുക്കി പദ്ധതികൾ നടപ്പാക്കും. പുറമേക്ക് വളരെ പുരോഗമനകരം, ജനോപകാരപ്രദം എന്നൊക്കെ തോന്നിപ്പിക്കുന്ന ഇത്തരം പദ്ധതികളുടെ മറവിൽ നടക്കുന്നത് സംവിധാനത്തിന്റെ ഉടച്ചുവാർക്കലായിരിക്കും (Re-structuring). അവശേഷിക്കുന്ന പൊതുമേഖലാ സംവിധാനങ്ങളേയും തകർത്ത് സ്വകാര്യമൂലധനത്തിന്റെ കടന്നുവരവിന് അവസരമൊരുക്കുക എന്നതാണ് ഇതിലൂടെ നടക്കുന്നത്. ഡിപിഇപി, എൻആർഎച്ച്എം തുടങ്ങിയവ ഉദാഹരണങ്ങൾ. അൽപ്പം കൂടി എളുപ്പമുള്ള രീതിയാണ് പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതികൾ (Public-Private Participation) സ്വകാര്യമേഖലയെ പങ്കെടുപ്പിച്ചുള്ള വികസനം എന്നാണ് പേരെങ്കിലും, പൊതുമുതലിന്റെ സ്വകാര്യവൽക്കരണമാണ് യാഥാർത്ഥ്യം. നിലവിലുള്ള പൊതുസംവിധാനത്തെയോ, പുതിയ സംരംഭത്തെയോ ഈ രീതിയിൽ മാറ്റുമ്പോൾ, പൊതുമേഖലയിലുള്ള അടിസ്ഥാനസൗകര്യങ്ങൾ സൗജന്യമായി കൈമാറുന്നു. അധികമായി വേണ്ട ഭൂമിയും, വിഭവങ്ങളും സർക്കാർ തന്നെ സൗജന്യമായി ഏറ്റെടുത്തു നൽകുന്നു. മുടക്കുമുതലായി വേണ്ടിവരുന്ന തുകയുടെ നല്ലൊരു പങ്ക് പലപ്പോഴും സർക്കാരുകൾ ഗ്രാന്റായി നൽകും. ബാക്കി തുകയ്ക്ക് സർക്കാരിന്റെ ഗ്യാരന്റിയിൽ പദ്ധതിക്കു വായ്പയും ലഭിക്കും. 30 വർഷമോ അതിലധികമോ ഉള്ള കരാർ കാലാവധിക്കിടയിൽ തന്നിഷ്ടപ്രകാരം സ്വകാര്യമുതലാളിക്ക് സേവനത്തിന് വില ഈടാക്കാം. ആ കൊള്ളലാഭത്തിന് പലപ്പോഴും നികുതി ഇളവ് നൽകി സർക്കാർ പ്രോത്സാഹനവും നൽകുന്നു. ജനത്തിനു മാത്രം നഷ്ടം. നമ്മുടെ ദേശീയപാതകൾ ഈ രീതിയിൽ വികസിപ്പിക്കുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. ഇതേ തിരക്കഥകളിലെ ഒരു രംഗം തന്നെയാണ് പാർട്ണർ കേരളയും. അധികാരവികേന്ദ്രീകരണത്തെത്തുടർന്ന് നഗരസഭകൾക്കു കൈമാറിയ സേവനമേഖലകളും വസ്തുവകകളും പാർട്ണർ കേരളയിൽ വിൽപ്പനക്കുവെച്ചവയിൽപ്പെടും.

നമ്മുടെ നഗരങ്ങളിൽ മാലിന്യപ്രശ്നം അതിരൂക്ഷമായിത്തുടരുമ്പോഴും അതു പരിഹരിക്കാൻ ആത്മാർത്ഥമായ ശ്രമം നഗരസഭകളുടെയോ സർക്കാരിന്റെയോ ഭാഗത്തുനിന്നുണ്ടാവുന്നില്ല. തിരുവനന്തപുരം നഗരത്തിൽ മാലിന്യം അതിരൂക്ഷമായ പ്രശ്നമായപ്പോഴും, കാര്യക്ഷമമായി ചെയ്യാമായിരുന്ന നിരവധി മാർഗ്ഗങ്ങളിൽ ഒന്നുപോലും അധികാരികൾ കൈക്കൊണ്ടിരുന്നില്ല. പകരം, ഒരു പതിറ്റാണ്ടിലേറെ നഗരമാലിന്യത്തിന്റെ ദുരിതം പേറിയ വിളപ്പിൽശാലക്കാരെ പഴിക്കുകയാണ് അവർ ചെയ്തത്. ലോകത്തിന്റെ പല ഭാഗങ്ങളിലും അതിവേഗം വളരുന്ന വ്യവസായമാണിന്ന് മാലിന്യസംസ്കരണം. മാലിന്യത്തെ ഉൽപ്പന്നങ്ങളായും വൈദ്യുതിയായും മാറ്റുന്നതടക്കമുള്ള സാങ്കേതികവിദ്യകളും വികസിക്കുന്നു. പാർട്ണർ കേരളയിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികളിൽ പ്രധാനവിഭാഗം വിവിധ നഗരങ്ങളിലെ മാലിന്യസംസ്കരണമാണ്. മാലിന്യസംസ്കരണം എന്ന അടിസ്ഥാന ചുമതലയിൽ നിന്ന് നഗരസഭകളും സർക്കാരും പിൻമാറി പകരം അതിനെ സ്വകാര്യവൽക്കരിച്ച് വില കൊടുത്ത് നേടേണ്ട സേവനമാക്കി മാറ്റുന്നു. പൊതു സംവിധാനങ്ങളും പൊതുമുതലും ഉപയോഗപ്പെടുത്തി പൊതുജനത്തെ ചൂഷണം ചെയ്യാൻ സ്വകാര്യമുതലാളിമാർക്ക് വാതിൽതുറക്കുന്നു. മാലിന്യം സംസ്കരിച്ചുണ്ടാക്കുന്ന ഉപോൽപ്പന്നങ്ങൾ അവർക്ക് ലാഭത്തിന്മേലുള്ള ബോണസ്സും. സർക്കാരുകൾ തങ്ങളുടെ ചുമതലകളിൽ നിന്നും പിന്മാറി പകരം, സ്വകാര്യമുതലാളിമാർക്ക് ജനത്തെ ചൂഷണം ചെയ്ത് കൊള്ളലാഭം നേടാനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയുമാണിവിടെ. മറ്റു സംസ്ഥാനങ്ങളിലെ പല വൻനഗരങ്ങളിലും ജലവിതരണവും, വൈദ്യുതിവിതരണവും അടക്കം സ്വകാര്യവൽക്കരിക്കപ്പെടുകയും, അതിന്റെ കെടുതികൾ ജനങ്ങൾ അനുഭവിക്കുകയും ചെയ്യുന്നതിന്റെ വാർത്തകൾ നമ്മളിന്ന് വായിച്ചറിയുന്നുണ്ട്. സംഗമത്തിൽ അവതരിപ്പിക്കപ്പെട്ട വൻപദ്ധതികൾ, വിവിധ നഗരങ്ങളിലെ കണ്ണായ പ്രദേശങ്ങൾ വികസിപ്പിക്കാനുള്ളതാണ്. വികസിപ്പിക്കുകയെന്നാൽ, അവിടെ ഷോപ്പിങ്ങ് മാളുകൾ, കൺവെൻഷൻ സെന്ററുകൾ, തുടങ്ങി വൻ റിയൽ എസ്റ്റേറ്റ് പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. ശതകോടികളുടെ പദ്ധതികളാണ് ഈ രീതിയിൽ അവതരിപ്പിക്കപ്പെട്ടത്. അവയ്ക്കാണ് ഏറ്റവും പ്രതികരണം ലഭിച്ചതും. 865.60 കോടിയുടെ കോഴിക്കോട് പാളയം മേഖലാവികസനം, കോഴിക്കോട് 500 കോടിയുടെ സ്പോർട്സ് കോംപ്ലക്സ്, 750 കോടിയുടെ വലിയങ്ങാടി മേഖലാവികസനം - ഇതെല്ലാം അവതരിപ്പിക്കപ്പെട്ട ചില വമ്പൻ പദ്ധതികൾ. നഗരങ്ങളിൽ പൊതു ഉടമസ്ഥതയിലുള്ള കണ്ണായ സ്ഥലങ്ങൾ, ചുളുവിൽ റിയൽ എസ്റ്റേറ്റ് മുതലാളിമാർക്ക് കൈമാറാനുള്ള തട്ടിപ്പ് മാത്രമാണിവിടെ നടക്കുന്നത് എന്ന് പകൽ പോലെ വ്യക്തം. എടുത്തു പറയേണ്ടത്, ഇത്തരം ഏരിയ വികസനപദ്ധതികൾ ഒന്നും തന്നെ ഒട്ടും സുതാര്യമല്ല എന്നതാണ്. എന്ത് വികസനമാണ് ഉദ്ദേശിക്കുന്നത്? പദ്ധതികൾ ഏറ്റെടുക്കുന്ന നിക്ഷേപകർക്ക് ലാഭം സർക്കാർ ഉറപ്പു വരുത്തുമെന്ന് മന്ത്രിമാർ തന്നെ പറയുന്നു. അതായത്, ജനസേവനമല്ല ഈ പദ്ധതികൾക്കൊണ്ട് ഉദ്ദേശിക്കുന്നത്. താൽപ്പര്യപത്രം ലഭിച്ച പദ്ധതികൾ അതിവേഗം ചർച്ചകൾ നടത്തി നടപ്പാക്കും. ഇത് വേഗത്തിലാക്കാനായി സംസ്ഥാനതലത്തിൽ ഒരു വിദഗ്ദ സമിതിയെ ചുമതലപ്പെടുത്തും. കൊട്ടിഘോഷിച്ച അധികാരവികേന്ദ്രീകരണത്തിനോ, ജനകീയാസൂത്രണത്തിനോ ഇവിടെ സ്ഥാനമില്ല! ഭൂരിഭാഗം നഗരസഭകളിലും ഭരണം നടത്തുന്ന സിപിഐഎമ്മിന്റെയും ഇടതുപക്ഷമുന്നണിയുടെയും പൂർണ്ണപിന്തുണയോടെയാണ് പാർട്ണർ കേരള സംഗമം നടത്തപ്പെട്ടതും. സിപിഐ(എം) മേയർമാർ പദ്ധതി പങ്കാളികളും നടത്തിപ്പുകാരുമായിരുന്നു. സാധാരണ ഓഡിറ്റിംഗിനു വിധേയമല്ലാത്ത പൊതു-സ്വകാര്യ-പങ്കാളിത്ത പദ്ധതികൾ അഴിമതിയുടെ അക്ഷയഖനി കൂടിയാണ് തുറന്നിടുന്നതെന്നു കൂടി നമ്മളിവിടെ ചേർത്തു വായിക്കണം.

ലാഭക്കൊതി മൂത്ത സ്വകാര്യമുതലാളിമാർക്ക് പൊതുമുതൽ കൈമാറുവാനും, സർക്കാരുകളും തദ്ദേശസ്ഥാപനങ്ങളും, തങ്ങൾ ചെയ്യേണ്ട അടിസ്ഥാന ജനക്ഷേമപ്രവർത്തനങ്ങളിൽ നിന്നു കൂടി പിന്മാറി മൂലധനശക്തികളുടെ ചൂഷണത്തിനായി ജനങ്ങളെ എറിഞ്ഞുകൊടുക്കുവാനുമുള്ള കളം ഒരുക്കുകയാണ് പാർട്ണർ കേരളയുടെ ലക്ഷ്യം. ഇതിൽ ഇരുമുന്നണികളും ഒറ്റക്കെട്ടാണ്. തോൽപ്പിക്കപ്പെടുന്നത് ജനം മാത്രം! ജനങ്ങൾക്ക് ആവശ്യമില്ലാത്ത പദ്ധതികൾ ജനങ്ങളുടെ പേരിൽ അടിച്ചേൽപ്പിക്കുവാനും, ഉത്തരവാദിത്തങ്ങൾ സ്വകാര്യമേഖലയ്ക്കു നൽകി കൈകഴുകുവാനും, സർക്കാരിനേയോ തദ്ദേശസ്ഥാപനങ്ങളേയോ നമ്മൾ അനുവദിക്കരുത്. ഇതിനെതിരേ കക്ഷിരാഷ്ട്രീയപരിഗണനകൾ മാറ്റിവെച്ചുകൊണ്ട് യോജിച്ച പ്രതിഷേധം ഇവിടെ ഉയർന്നുവന്നേ മതിയാകൂ. ●

# വിളപ്പിൽശാല ജനകീയ സമിതിയുടെ സമരപ്രഖ്യാപന സമ്മേളനം



*വിളപ്പിൽശാലയിൽ നടന്ന സമരപ്രഖ്യാപന സമ്മേളനം ചെങ്ങര സമര സഹായ സമിതി കൺവീനർ എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു.*

2011 ഒക്ടോബർ 14-ന്റെ സർക്കാർ ഉത്തരവ് പ്രകാരം, വിളപ്പിൽശാല മാലിന്യകേന്ദ്രത്തിന് നിയമസാധുത നൽകുന്ന മോണിറ്ററിംഗ് കമ്മിറ്റിയിൽനിന്ന് പഞ്ചായത്ത് അംഗങ്ങൾ രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് ജനകീയ സമിതിയുടെ ആഭിമുഖ്യത്തിൽ വിളപ്പിൽശാല ക്ഷേത്രം ജംഗ്ഷനിൽ സമരപ്രഖ്യാപന സമ്മേളനം നടന്നു.

വിളപ്പിൽശാല മാലിന്യകേന്ദ്രം എന്നെന്നേയ്ക്കുമായി അടച്ചുപൂട്ടുന്നതിനുമുന്നിലുള്ള നിയമപരമായ തടസ്സം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതായുള്ള സർക്കാർ ഉത്തരവാണ്. ഗവണ്മെന്റിന്റെയും നഗരസഭയുടെയും പഞ്ചായത്തിന്റെയും പ്രതിനിധികൾ മോണിറ്ററിംഗ് കമ്മിറ്റിയിൽ അംഗങ്ങളാണ്. മാലിന്യകേന്ദ്രം അടച്ചുപൂട്ടുമെന്ന ഗവണ്മെന്റ് പ്രഖ്യാപനത്തിന് വിരുദ്ധമായി ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ ജനകീയ സമിതിയുടെ മൂന്ന് പ്രതിനിധികൾ മോണിറ്ററിംഗ് കമ്മിറ്റിയിൽനിന്ന് രാജിവച്ചിരുന്നു. വിളപ്പിൽ ജനതയെ വഞ്ചിക്കുന്ന ഉത്തരവ് പിൻവലിക്കണമെന്ന് ജനകീയ സമിതി ആവശ്യപ്പെട്ടിട്ടും സർക്കാർ അതിന് തയ്യാറായില്ല. പിന്നീട്, ഈ ഉത്തരവിന്റെ പിൻബലത്തിലാണ് നഗരസഭ ഹൈക്കോടതിയിൽനിന്ന് അനുകൂലമായ വിധി സമ്പാദിച്ചത്. പോലീസ് സംരക്ഷണം നൽകാൻ സന്നദ്ധമാണെന്ന് ഗവണ്മെന്റ് സത്യവാങ്മൂലം നൽകുകയും ചെയ്തിരുന്നു. തുടർന്നാണ്, ജനങ്ങൾക്കെതിരെ രണ്ട് തവണ ഹീനമായ പോലീസ് നടപടിയുണ്ടായത്.

മോണിറ്ററിംഗ് കമ്മിറ്റി നിലവിലില്ല എന്നും കമ്മിറ്റി കൂടിയിട്ടില്ല എന്നുമാണ് പഞ്ചായത്ത് പ്രസിഡന്റ് ഇപ്പോൾ പ്രസ്താവിക്കുന്നത്. നഗരസഭയ്ക്കുവേണ്ടി സർക്കാർ വ്യാജരേഖ ചമച്ചു എന്നതിന്റെ തെളിവാണിത്. ജനാധിപത്യവിരുദ്ധമായി സർക്കാർ പുറപ്പെടുവിച്ച 2011 ഒക്ടോബർ 14-ന്റെ കറുത്ത ഉത്തരവ് പിൻവലിക്കണമെന്നും വിളപ്പിൽ ജനതയെ വഞ്ചിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റിയിൽനിന്ന് പഞ്ചായത്തിന്റെ പ്രതിനിധികൾ ഉടൻ രേഖാമൂലം രാജിവയ്ക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

ജനകീയ സമിതി പ്രസിഡന്റ് എസ്. ബുർഹാൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനം ചെങ്ങര സമര സഹായ സമിതി കൺവീനർ എസ്. രാജീവൻ ഉദ്ഘാടനം ചെയ്തു. ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി എം.ഷാജർ ഖാൻ, ജനകീയസമിതി സെക്രട്ടറി എൽ.ഹരിറാം, ജി.ആർ.സുഭാഷ്, സി.ജ്ഞാനദാസ്, എസ്.മിനി തുടങ്ങിയവർ പ്രസംഗിച്ചു. ●

# മാർച്ച് 8 സാർവ്വദേശീയ വനിതാദിനം ആചരിച്ചു

**അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെയും സ്ത്രീ സുരക്ഷാ സമിതിയുടെയും ആഭിമുഖ്യത്തിൽ സംസ്ഥാനമെമ്പാടും മാർച്ച് 8 സാർവ്വദേശീയ വനിതാദിനം ആചരിച്ചു. പെരുകിവരുന്ന അതിക്രമങ്ങൾക്കെതിരെ ആത്മാഭിമാനത്തോടെ ഉണർന്നുപൊരുതാൻ വനിതകൾക്ക് ആവേശവും ദിശാബോധവും നൽകിയ സമ്മേളനങ്ങളും പ്രകടനങ്ങളും വിവിധ ജില്ലകളിൽ നടന്നു. സമൂഹത്തിന്റെ വ്യത്യസ്ത തുറകളിലുള്ള നൂറുകണക്കിന് സാധാരണ സ്ത്രീകളും വിദ്യാർത്ഥിനികളും സാമൂഹിക-സാംസ്കാരിക വ്യക്തിത്വങ്ങളും ആചരണത്തിൽ പങ്കുകൊണ്ടു.**




*ആലപ്പുഴയിൽ നടന്ന സ്ത്രീ സുരക്ഷാ കൺവൻഷൻ എഐഎംഎസ്എസ് സംസ്ഥാന ട്രഷറർ അഡ്വ.എം.എ.ബിന്ദു ഉദ്ഘാടനം ചെയ്യുന്നു.*

**സാ**ർവ്വദേശീയ മാർച്ച് 8 വനിതാദിനം ആചരിച്ചുകൊണ്ട് എഐഎംഎസ്എസ് ആലപ്പുഴ ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്ത്രീ സുരക്ഷാ കൺവൻഷൻ നടന്നു. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കും മദ്യവിപത്തിനുമെതിരെ നടന്ന കൺവൻഷൻ അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ സംസ്ഥാന ട്രഷറർ അഡ്വ.എം.എ.ബിന്ദു ഉദ്ഘാടനം ചെയ്തു. ജനകീയ പ്രതിരോധ സമിതി ജില്ലാ വൈസ്പ്രസിഡന്റ് ടി.ബി.വിശ്വനാഥൻ, സാഹിത്യകാരനായ രാമങ്കരി രാധാകൃഷ്ണൻ, മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ സെക്രട്ടറി സി.വി.പീതാംബരൻ, ആലപ്പി ശ്രീവിജയ, ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ, ടി.വസന്തകുമാരി, ജിമ്മിച്ചൻ നടുച്ചിറ തുടങ്ങിയവർ പ്രസംഗിച്ചു. എഐഎംഎസ്എസ് ജില്ലാസെക്രട്ടറി കെ.ജെ.ഷീല സ്വാഗതവും ജില്ലാ കമ്മിറ്റിയംഗം ടി.ആർ.രാജിമോൾ കൃതജ്ഞതയും പറഞ്ഞു.




*സാർവ്വദേശീയ വനിതാദിനാചരണത്തിന്റെ ഭാഗമായി സ്ത്രീ സുരക്ഷാ സമിതിയുടെ ആഭിമുഖ്യത്തിൽ പിറവം ടൗണിൽ നടന്ന വനിതകളുടെ പ്രകടനം*

എറണാകുളം:

**മാ**ർച്ച് 8 സാർവ്വദേശീയ വനിതാ ദിനം എറണാകുളം ജില്ലയിലുടനീളം സ്ത്രീസുരക്ഷാ സമിതി ആചരിച്ചു. സാർവ്വദേശീയ വനിതാദിനാചരണത്തിന്റെ ഭാഗമായി പിറവത്ത് സ്ത്രീ സുരക്ഷാ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന പൊതുസമ്മേളനം തൃശൂർ അഡീ.ജില്ലാ ജഡ്ജ് ചെറിയാൻ.കെ.കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. സ്ത്രീ സുരക്ഷാ സമിതി എറണാകുളം ജില്ലാ പ്രസിഡന്റ് ഡോ.വിൻസന്റ് മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പിറവം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാബു.കെ.ജേക്കബ് മുഖ്യപ്രഭാഷണം നടത്തി. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എം.എം.നാസർ, പിറവം എസ്.ഐ നോബിൾ പി.ജെ എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു. മഹിളാ സാംസ്കാരിക സംഘടന ജില്ലാ പ്രസിഡന്റ് കെ.കെ.ശോഭ വിഷയാവതരണം നടത്തി. അയ്യൻകാളി കർഷക സമര ശതാബ്ദി ആചരണകമ്മിറ്റി നേതാവ് എൻ.കെ.ബിജു, മദ്യവിരുദ്ധ ജനകീയ സമര സമിതി ജില്ലാ പ്രസിഡന്റ് കെ.കെ.ഗോപിനായർ, സ്ത്രീ സുരക്ഷാ സമിതി ജില്ലാ സെക്രട്ടറി എം.കെ.ഉഷ, ജനകീയ പ്രതിരോധ സമിതി പിറവം മേഖലാ സെക്രട്ടറി സി.കെ.നാഥൻ, ഐഎൻപിഎ നേതാവ് ജോയി പ്ലാത്തോട്ടം, പായിപ്ര ദമനൻ, മദ്യനിരോധന സമിതി നേതാവ് തങ്കച്ചൻ സി.എ, ട്രാഫിക് വാർഡൻ പത്മിനി, എൻഎസ്എസ് വനിതാ സെക്രട്ടറി ലതാശങ്കർ, ലൈലാ റഷീദ്, സ്ത്രീ സുരക്ഷാ സമിതി നേതാക്കളായ മേരി തോമസ്, കെ.പി.ശാന്തകുമാരി എന്നിവർ പ്രസംഗിച്ചു. ബഹുജനറാലിയിലും സമ്മേളനത്തിലും സ്ത്രീകളും കുട്ടികളും പുരുഷന്മാരുമടക്കം നൂറുകണക്കിനാളുകൾ പങ്കെടുത്തു.സമ്മേളനാനന്തരം സ്ത്രീ സുരക്ഷാ സമിതി പ്രവർത്തകർ 'നേർക്കാഴ്ചകൾ' എന്ന തെരുവുനാടകം അവതരിപ്പിച്ചു. ●




*സാർവ്വദേശീയ വനിതാദിനാചരണത്തിന്റെ ഭാഗമായി പിറവത്തു നടന്ന പൊതുസമ്മേളനം തൃശൂർ അഡീഷണൽ ജില്ലാ ജഡ്ജി ചെറിയാൻ കെ. കുര്യാക്കോസ് ഉദ്ഘാടനം ചെയ്യുന്നു.*




*സ്ത്രീ സുരക്ഷാ സമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയം നഗരത്തിൽ നടന്ന സ്ത്രീകളുടെയും വിദ്യാർത്ഥിനികളുടെയും റാലി*

**സാ**ർവ്വദേശീയ വനിതാദിനം ആചരിച്ചുകൊണ്ട് സ്ത്രീ സുരക്ഷാ സമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയത്ത് വനിതകളുടെ വമ്പിച്ച പ്രകടനവും സ്ത്രീസുരക്ഷാ സംഗമവും നടന്നു. പഴയ പോലീസ് സ്റ്റേഷൻ മൈതാനിയിൽ നടന്ന സ്ത്രീസുരക്ഷാ സംഗമം പ്രശസ്ത സംഗീതജ്ഞ ഗായത്രി സ്വാമിനാഥൻ ഉദ്ഘാടനം ചെയ്തു. സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന സെക്രട്ടറി മിനി കെ.ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. ജ്യോതി നാരായണൻ, മാത്യൂ ജോസ്, കൊച്ചുമേരി എബ്രഹാം, സജിനി മാത്യൂ, പ്രൊഫ.പി.എൻ.തങ്കച്ചൻ, ഇ.വി.പ്രകാശ് തുടങ്ങിയവർ പ്രസംഗിച്ചു. സിസ്റ്റർ വൽസ വനിതാ ദിനപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ത്രേസ്യാമ്മ മാത്യൂ സ്വാഗതവും ലിയ നന്ദിയും പറഞ്ഞു. സംഗമത്തോടനുബന്ധിച്ച് വടവാതൂർ പള്ളിക്കൂടം സ്കൂളിലെ വിദ്യാർത്ഥികൾ ആവൾ ആരുമാകാം എന്ന നാടകം അവതരിപ്പിച്ചു.

സംഗമത്തിനു മുന്നോടിയായി നടന്ന വനിതകളുടെ റാലി ബിസിഎം കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ.കരുണ ഫ്ളാഗ് ഓഫ് ചെയ്തു. സലീമ ജോസഫ്, ആശാരാജ് യു.ജെ, ജയശ്രീ, സജിനി തുടങ്ങിയവർ റാലിക്ക് നേതൃത്വം നൽകി.



*വയനാട് സുൽത്താൻബത്തേരി സ്വതന്ത്രമൈതാനിയിൽ നടന്ന സാർവ്വദേശീയ വനിതാദിനാചരണം അദ്ധ്യാപികയും എഴുത്തുകാരിയുമായ കസ്തൂരിഭായി ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ സ്ത്രീ സുരക്ഷാ സമിതി വയനാട് ജില്ലാ കൺവീനർ എം.എ.പുഷ്പ, കർഷകപ്രതിരോധ സമിതി ജില്ലാ നേതാവ് ടോമി വടക്കുംചേരി തുടങ്ങിയവർ* ●




*കോഴിക്കോട് നഗരത്തിൽ സാർവ്വദേശീയ വനിതാദിനത്തിൽ മഹിളാ സാംസ്കാരിക സംഘടനയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രകടനം.*

**സാ**ർവ്വദേശീയ വനിതാദിനം ആചരിച്ചുകൊണ്ട് അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് പ്രകടനവും പൊതുയോഗവും നടന്നു. എൽഐസി ജംഗ്ഷനിൽ നടന്ന പൊതുയോഗം എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ ഉദ്ഘാടനം ചെയ്തു. എഐഎംഎസ്എസ് ജില്ലാ കൺവീനർ സഖാവ് കെ.പി. സുബൈദ അദ്ധ്യക്ഷയായിരുന്നു. യോഗത്തിൽ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എം.എ. പുഷ്പ, എഐഡിവൈഒ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് പി.എം.ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു. സഖാവ് ജെന്നിഫർ എസ്. കൃതജ്ഞത രേഖപ്പെടുത്തി. രാവിലെ നഗരത്തിൽ നടത്തിയ പിൻഫ്ളാഗ് വിതരണം ജനശ്രദ്ധ ആകർഷിച്ചു. ●

## FACT പ്രതിസന്ധി പരിഹരിക്കുക

# സെക്രട്ടേറിയറ്റ് ധർണ്ണ



*ഫാക്ടിന്റെ പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സേവ് ഫാക്ട് ആക്ഷൻ കൗൺസിലിന്റെയും സമരസഹായസമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിനുമുൻപിൽ നടന്ന ഏകദിന ധർണ്ണയിൽ എഐയുടിയുസി സംസ്ഥാന വൈസ്പ്രസിഡന്റ് സഖാവ് ഡി.സുന്ദരേശൻ പ്രസംഗിക്കുന്നു.*

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവർത്തിക്കുന്ന ആഗോളവൽക്കരണനയങ്ങളാണ് രാജ്യത്തെ പൊതുമേഖലാ വ്യവസായങ്ങളെ നാശത്തിന്റെ പടുകുഴിയിലേക്ക് തള്ളിയിട്ടിരിക്കുന്നത്. സ്വാതന്ത്ര്യലബ്ധിക്ക് മുൻപുതന്നെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി അന്നത്തെ തിരുവിതാംകൂർ സർക്കാർ അനുമതി നൽകി മദ്രാസിലെ ശേഷസായി ഗ്രൂപ്പ് തുടങ്ങിയ എഫ്എസിടി പിന്നീട് കേന്ദ്രസർക്കാർ ഏറ്റെടുത്തു. തുടർന്നങ്ങോട്ട് രാജ്യത്തിന്റെ കാർഷികോൽപ്പാദനരംഗത്ത് ഗണ്യമായ പങ്കുവഹിച്ച എഫ്എസിടി ഇന്ന് പ്രവർത്തനമൂലധനമില്ലാതെ ഊർദ്ധശ്വാസം വലിക്കുകയാണ്. വളം നിർമ്മാണത്തിനാവശ്യമായ മുഴുവൻ അസംസ്കൃത പദാർത്ഥങ്ങളും ഇറക്കുമതി ചെയ്യേണ്ടിവരുന്നതും ഉൽപ്പാദനചെലവിനേക്കാൾ കുറഞ്ഞ നിരക്കിൽ വളം വിൽപ്പന നടത്തേണ്ടിവരുന്നതും ലളിതമായ കണക്കിൽപോലും നഷ്ടമാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി കർഷകന് കുറഞ്ഞ വിലയ്ക്ക് വളം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി സബ്സിഡിയോടുകൂടി മാത്രമേ എഫ്എസിടിക്ക് പ്രവർത്തിക്കാൻ കഴിയൂ. 1995 വരെ എഫ്എസിടി ലാഭകരമായി പ്രവർത്തിച്ചിരുന്നു. എന്നാൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഭീമമായ വിലക്കയറ്റം മൂലം നാഫ്ത ഉപയോഗിച്ച് ഉൽപ്പാദനം നടത്താൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചതുവഴി യൂറിയ, അമോണിയ പ്ലാന്റുകൾ അടച്ചുപൂട്ടി. പ്ലാസ്റ്റിക് വ്യവസായത്തിന്റെ അസംസ്കൃത വസ്തുവായ കാപ്രോലാക്ടം ഉൽപ്പാദനം നിർത്തി. ദക്ഷിണേന്ത്യ മുഴുവൻ വ്യാപിച്ചു കിടന്ന ബൃഹത്തായ വിപണനകേന്ദ്രങ്ങൾ നിർത്തലാക്കി. ഓഫീസർമാരടക്കം 8000-ത്തോളം ആളുകൾ നേരിട്ട് പണിയെടുത്തിരുന്ന എഫ്എസിടിയിലിന്ന് 3000-ൽ താഴെ പേരാണ് ജോലി ചെയ്യുന്നത്. ആശുപത്രികളും വിദ്യാലയങ്ങളും നിർത്തലാക്കി. ഒരു കാലത്ത് കലാ-കായിക രംഗത്തെ നിറ സാന്നിദ്ധ്യമായിരുന്നു എഫ്എസിടി. അങ്ങനെയുള്ള എഫ്എസിടിയുടെ നിലനിൽപ്പ് ഇന്ന് അപകടരേഖയും കടന്നിരിക്കുന്നു. സബ്സിഡിയുൾപ്പെടെ കാലാകാലങ്ങളിൽ ബഡ്ജറ്റിലൂടെ പ്രഖ്യാപിക്കുന്ന തുകപോലും നൽകാറില്ല. സമ്പൂർണ്ണമായും സർക്കാരിന്റെ പിൻബലമില്ലാതെ പ്രവർത്തിക്കാൻ കഴിയാത്ത എഫ്എസിടി ആഗോളവൽക്കരണ നയങ്ങളുടെ തുടക്കത്തോടെ പ്രതിസന്ധിയിലായി. അന്നുമുതൽ പ്രതിസന്ധി പരിഹാരത്തിനായി സേവ് ഫാക്ട് പ്രക്ഷോഭവും നടന്നുവരുന്നു. ഗവൺമെന്റിന്റെ തന്നെ ഒരു ഏജൻസി നിർദ്ദേശിച്ചിട്ടുള്ള പാക്കേജ് 991 കോടിരൂപ അടിയന്തിരമായി അനുവദിക്കുന്നതിലൂടെ ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിക്കാവുന്നതെയുള്ളൂ. സർക്കാരിലേക്ക് കൊടുക്കേണ്ടുന്ന പലിശ എഴുതിത്തള്ളുക, മിതമായ പലിശ നിരക്കിൽ വായ്പാ(സോഫ്ട് ലോൺ) സൗകര്യമേർപ്പെടുത്തുക, എൽഎൻജി മറ്റു സംസ്ഥാനങ്ങളിലെ വ്യവസായങ്ങൾക്ക് നൽകുന്ന കുറഞ്ഞ നിരക്കിൽതന്നെ എഫ്എസിടിക്കും നൽകുക, തുടങ്ങിയ നടപടികളിലൂടെ ചുരുക്കത്തിൽ സർക്കാരിന് കാര്യമായ സാമ്പത്തിക ബാധ്യതകൾ വരാത്ത നീക്കുപോക്കുകൾ മാത്രം മതിയാകൂം എന്നിരിക്കെ, അതുപോലും നൽകുന്നതിന് എന്തു തടസ്സമാണ് നിലനിൽക്കുന്നതെന്ന് വ്യക്തമല്ല. നാഫ്തയ്ക്ക് വിലവർദ്ധിച്ചപ്പോൾ എൽഎൻജി(ദ്രവീകൃത പ്രകൃതിവാതകം) ഉപയോഗിച്ച് പ്രവർത്തിക്കുന്നതിനാവശ്യമായ സാങ്കേതിക മാറ്റങ്ങൾ വരുത്തി. എന്നാൽ എൽഎൻജി ലഭ്യമായപ്പോൾ അതിന് ഭീമമായ വില! മറ്റു സംസ്ഥാനങ്ങളിലെ വ്യവസായങ്ങൾക്ക് നൽകുന്ന വിലയുടെ പതിന്മടങ്ങ് കൊടുത്താലേ എഫ്എസിടിക്ക് എൽഎൻജി ലഭ്യമാകൂ എന്നതാണ് സ്ഥിതിവിശേഷം! സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും എൽഎൻജിയുടെ 'കെവാറ്റ്' ഒഴിവാക്കിയാൽതന്നെ 50 കോടിരൂപയുടെ മെച്ചം എഫ്എസിടിക്ക് ഉണ്ടാകും. സംസ്ഥാന സർക്കാർ സാങ്കേതിക തടസ്സമുന്നയിച്ച് നിൽക്കുന്നു. കേന്ദ്രത്തിൽ ആവശ്യമായ സമർദ്ദം ചെലുത്തുന്നതിന് കേരളത്തിൽനിന്നും എട്ട് മന്ത്രിമാരുണ്ട്. സമരസഹായത്തിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ജാതി-മത വ്യത്യാസമില്ലാതെ എല്ലാ സമുദായങ്ങളുമുണ്ട്. എന്നിട്ടും വഞ്ചി തിരുനക്കരതന്നെ!

ഈ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ അടിയന്തിരമായി ചെയ്യണമെന്നും കേന്ദ്രത്തിൽ ആവശ്യമായ സമർദ്ദം ചെലുത്തണമെന്നും ആവശ്യപ്പെട്ട് സേവ് ഫാക്ട് ആക്ഷൻ കൗൺസിലിന്റെയും സമരസഹായസമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിനു മുൻപിൽ ഏകദിന ധർണ്ണ നടന്നു. ധർണ്ണ പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു. അഡ്വ. കെ.പി.ഹരിദാസ്(ഐഎൻടിയുസി) അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സി.ദിവാകരൻ(സിപിഐ), എൻ.കെ.പ്രേമചന്ദ്രൻ(ആർഎസ്പി), കോലിയക്കോട് കൃഷ്ണൻനായർ(സിപിഐ (എം), അഡ്വ.നഗരേഷ്(ബിഎംഎസ്), ഡി.സുന്ദരേശൻ, (എഐയുടിയുസി), എഫ്എസിടി യൂണിയൻ നേതാക്കളായ ചന്ദ്രൻപിള്ള, ജോർജ്ജ് തോമസ്, അഷറഫ്, സമരസഹായസമിതി നേതാക്കൾ, ഓഫീസേഴ്സ് സംഘടനാ നേതാക്കളായ കേശവൻ നമ്പൂതിരി, രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ●

# ഉക്രെയിനിൽ സാമ്രാജ്യത്വ പ്രേരിതമായ സംഘർഷം

**ഇന്റർനാഷണൽ ആന്റി-ഇംപീരിയലിസ്റ്റ് കോ-ഓർഡിനേറ്റിംഗ് കമ്മിറ്റിയുടെ (ഐ.എ.സി.സി) ജനറൽ സെക്രട്ടറി സഖാവ് മണിക് മുഖർജിയുടെ പ്രസ്താവന**

**തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ അട്ടിമറിക്കാനും തങ്ങളുടെ പാവ സർക്കാരിനെ അവരോധിക്കാനുമുള്ള അമേരിക്കൻ ഗൂഢപദ്ധതി വെളിച്ചത്തായിരിക്കുകയാണ്.**

കൽക്കട്ട, ഫെബ്രുവരി 24

**അ**മേരിക്കയുടെയും യൂറോപ്യൻ യൂണിയന്റെയും ദുഷ്പ്രേരണയുടെ ഫലമായി ഉക്രെയിൻ ഇന്നിപ്പോൾ ഒരു ആഭ്യന്തര യുദ്ധത്തിന്റെ വക്കിലാണ്. നാറ്റോ ശക്തികൾ ഉക്രെയിനെ തങ്ങളുടെ സ്വാധീനവലയത്തിൽ കൊണ്ടുവരാനുള്ള വ്യഗ്രതയിലാണ്. ഏതാനും നാളുകൾക്ക് മുൻപ് യൂറോപ്യൻ യൂണിയൻ ഉക്രെയിന് തുച്ഛമായ വായ്പ വാഗ്ദാനം ചെയ്യുകയുണ്ടായി. യൂറോപ്യൻ യൂണിയന്റെ മൂലധനത്തിന് ഉക്രെയിനിൽ പ്രവേശനം നൽകുക, അതുപോലെ തൊഴിലാളികൾ പൊരുതിനേടിയ അവകാശങ്ങൾ വെട്ടിക്കുറക്കുകയും അവർക്കുമേൽ സാമ്പത്തിക അച്ചടക്ക നടപടികൾ ഏർപ്പെടുത്തുകയും ചെയ്യുക, ഉക്രെയിൻ നാറ്റോയുമായി സൈനിക സഖ്യത്തിൽ ഏർപ്പെടുക തുടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായാണ് ഈ വായ്പ വാഗ്ദാനം ചെയ്യപ്പെട്ടത്. ഇതേ വ്യവസ്ഥകളാണ് ഗ്രീസിനെയും പോർച്ചുഗലിനെയും സ്പെയിനിനെയും സാമ്പത്തിക ത്തകർച്ചയിലേക്ക് നയിച്ചതെന്ന് ഓർക്കുക. എന്നാൽ ഉക്രെയിനിലെ പ്രസിഡന്റ് യാനുക്കോവിച്ചിന്റെ നേതൃത്വത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട സർക്കാർ യൂറോപ്യൻ യൂണിയന്റെ വാഗ്ദാനം നിരസ്സിക്കുകയും മുതലാളിത്ത റഷ്യയുമായി സാമ്പത്തിക-വ്യവസായ മേഖലകളിൽ സഹകരിക്കാൻ കരാറിൽ ഏർപ്പെടുകയും ചെയ്തു. ഇന്ന് നടക്കുന്ന സംഘർഷത്തിന്റെ തുടക്കം അതാണ്. മുതലാളിത്ത റഷ്യയുടെയും പടിഞ്ഞാറൻ സാമ്രാജ്യത്വശക്തികളുടെയും രൂക്ഷമായ സാമ്പത്തിക കിടമൽസരത്തിന്റെ ഇരയായി മാറി ഉക്രെയിൻ. എന്നാൽ ജനങ്ങളുടെ താൽപ്പര്യങ്ങൾ അവഗണിക്കപ്പെട്ടു. പാശ്ചാത്യ സാമ്രാജ്യത്വശക്തികൾ (അമേരിക്കയും യൂറോപ്യൻ യൂണിയനും) ഉക്രെയിനുമേലുള്ള റഷ്യൻ സ്വാധീനം തകർക്കുവാൻ നിശ്ചയിക്കുകയും പ്രതിപക്ഷ കക്ഷികളെ ഇളക്കിവിടുകയും കീവിൽ യാനുക്കോവിച്ച് വിരുദ്ധ അക്രമാസക്ത പ്രതിഷേധങ്ങൾ സംഘടിപ്പിക്കുവാൻ എല്ലാവിധ ഒത്താശകളും സഹായങ്ങളും പുറമെനിന്ന് നൽകുകയും ചെയ്തു. ഹെൽമെറ്റ് ധരിച്ച, കവചധാരികളും ആയുധധാരികളുമായ പ്രതിഷേധക്കാർ സുരക്ഷാസൈനികരുമായി അക്രമാസക്തമായ ഏറ്റുമുട്ടലുകളിൽ ഏർപ്പെട്ടു. ഈ കലാപത്തിൽ പോലീസുകാരും കലാപകാരികളും ഒരുപോലെ കൊല്ലപ്പെട്ടു. എന്നാൽ പാശ്ചാത്യ സാമ്രാജ്യത്വ ആഭിമുഖ്യമുള്ള മാധ്യമങ്ങൾ ജനാധിപത്യ ബഹുജന പ്രക്ഷോഭവും സ്വേച്ഛാധിപത്യ ഭരണാധികാരിയും തമ്മിലുള്ള ഏറ്റുമുട്ടലായി ഈ സംഘർഷത്തെ അവതരിപ്പിച്ചു. സത്യത്തിൽ ഈ പ്രതിഷേധം റ്റിമോഷെങ്കോ, യാറ്റ്സെന്യൂക്, ക്ലിച്ച്കോ, റ്റ്യാഹിനിയോക്ക് തുടങ്ങിയ അങ്ങേയറ്റം വലതുപക്ഷക്കാരും വംശീയവെറിയന്മാരും നവഫാസിസ്റ്റുകളുമായ ആളുകൾ നേതൃത്വം നൽകുന്നതാണ്. അമേരിക്കയും യൂറോപ്യൻ യൂണിയനും പ്രസിഡന്റ് യാനുക്കോവിച്ചിന്റെ രക്തത്തിനുവേണ്ടി ഗർജ്ജിക്കുകയും ജനതാൽപ്പര്യത്തിന് മുന്നിൽ കീഴടങ്ങണമെന്നും അധികാരം കൈമാറണമെന്നും ഒച്ചവെയ്ക്കുകയും ചെയ്തു. യു.എസ് അണ്ടർ സെക്രട്ടറി വിക്ടോറിയ ന്യൂലാന്റും കീവിലെ യു.എസ് അമ്പാസിഡറും തമ്മിലുള്ള സംഭാഷണം പുറത്തായതോടെ തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ അട്ടിമറിക്കാനും തങ്ങളുടെ പാവ സർക്കാരിനെ അവരോധിക്കാനുമുള്ള അമേരിക്കൻ ഗൂഢപദ്ധതി വെളിച്ചത്തായിരിക്കുകയാണ്. അതുപോലെ പ്രതിപക്ഷ കക്ഷികൾ അമേരിക്കയുടെ താളത്തിനനുസരിച്ചാണ് തുള്ളുന്നതെന്നതിന്റെ തുറന്ന സമ്മതവുമാണത്. അതേസമയം മുതലാളിത്ത ശക്തികളായ അമേരിക്കയും യൂറോപ്യൻ യൂണിയനും തമ്മിൽ തങ്ങളുടെ സ്വാധീനമേഖല ഉറപ്പിക്കാനുള്ള കടുത്ത കിടമൽസരവും ഈ സംഘർഷം വെളിച്ചത്ത് കൊണ്ടുവന്നിരിക്കുകയാണ്. സായുധമായ ഏറ്റുമുട്ടലും കൊള്ളയും കൊള്ളിവയ്പ്പും വർദ്ധിച്ചപ്പോൾ യാനുക്കോവിച്ച് സർക്കാരിനെക്കൊണ്ട് പ്രതിപക്ഷ കക്ഷികളുമായി ഒരു കരാറിൽ ഒപ്പുവയ്പ്പിക്കുവാൻ പാശ്ചാത്യ സാമ്രാജ്യത്വശക്തികൾക്ക് സാധിച്ചു. ഇതനുസരിച്ച് പ്രസിഡന്റിന് നിസ്സാരമായ അധികാരം മാത്രമുള്ള, 2004-ലെ ഭരണഘടനയിലേക്ക് പോകുവാൻ സർക്കാർ നിർബന്ധിതമായി. അതുപോലെ 2014 അവസാനത്തോടെ തെരഞ്ഞെടുപ്പ് നടത്തുവാനും സമ്മതിക്കേണ്ടിവന്നു. എന്നാൽ സാമ്രാജ്യത്വ കുൽസിത ശക്തികൾ ഇതുകൊണ്ട് തൃപ്തരായില്ല. അവർ ഒരു വിഭാഗം പ്രതിപക്ഷ ശക്തികളെക്കൊണ്ട് ഈ ഒത്തുതീർപ്പ് വ്യവസ്ഥക്കെതിരെ പ്രതിഷേധം ഇളക്കിവിട്ടു. അടുത്ത ദിവസം പ്രതിഷേധക്കാർ പ്രസിഡന്റിന്റെ ഭരണകാര്യ ഓഫീസ് കെട്ടിടത്തിന്റെ നിയന്ത്രണം കൈയടക്കുകയും യാനുക്കോവിച്ചിനെ നീക്കുവാൻ പാർലമെന്റ് വോട്ട് ചെയ്യുകയും മെയ് 25-ന് പുതിയ ഇലക്ഷൻ നടത്തുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. പാശ്ചാത്യ ആഭിമുഖ്യമുള്ള നേതാവ് യൂലിയ റ്റിമോഷെങ്കോയെ ജയിലിൽനിന്ന് വിമോചിപ്പിക്കുകയും അടുത്ത പ്രസിഡന്റായി ഉയർത്തിക്കാട്ടുകയും ചെയ്തു. ഉക്രെയിനിൽ ജനാധിപത്യം സ്ഥാപിക്കുകയെന്നതല്ല അമേരിക്കയുടെയും യൂറോപ്യൻ യൂണിയന്റെയും ലക്ഷ്യം. മറിച്ച് തങ്ങളുടെ മൂലധനത്തിന് ഉക്രെയിന്റെ മണ്ണിൽ പ്രവേശിക്കുവാനും അവിടുത്തെ വിലകുറഞ്ഞ അദ്ധ്വാനത്തെയും പ്രകൃതിവിഭങ്ങളെയും യഥേഷ്ടം ചൂഷണം ചെയ്യുവാൻ അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയെന്നതുമാണ്. ഉക്രെയിനിലെ സാമ്രാജ്യത്വശക്തികളുടെ വിജയം ലോകമെമ്പാടുമുള്ള തൊഴിലാളി വർഗ്ഗത്തിനും മറ്റ് അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾക്കും വിനാശകരമായ ഫലങ്ങളാണ് ഉളവാക്കുവാൻ പോകുന്നത്. ഉക്രെയിനിലെ സാമ്രാജ്യത്വ ഗൂഢപദ്ധതിയെ ഇന്റർനാഷണൽ ആന്റി ഇംപീരിയലിസ്റ്റ് കോ-ഓർഡിനേറ്റിംഗ് കമ്മിറ്റി അതിശക്തമായി അപലപിക്കുന്നു. ലോകമെമ്പാടുമുള്ള ജനങ്ങളുടെ ഏകോപിതവും വീറുറ്റതുമായ മുന്നേറ്റത്തിനുമാത്രമേ സാമ്രാജ്യത്വ ഇടങ്കോലിടലുകളെ പരാജയപ്പെടുത്താനാകൂവെന്നും ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു. 'സാമ്രാജ്യത്വം ഉക്രെയിനിൽ കൈകടത്തരുത്' എന്ന മുദ്രാവാക്യം ഉച്ചത്തിൽ ഉയർത്തുവാൻ ലോകമെമ്പാടുമുള്ള തൊഴിലാളികളോടും അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളോടും ഐ.എ.സി.സി അഭ്യർത്ഥിക്കുന്നു. ●

# അയ്യൻകാളി നയിച്ച കാർഷിക പണിമ

## നവോത്ഥാന ശക്തി ചരിത്രപ്രദർശനം സ



*സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത പ്രശസ്ത സിനിമ സംവിധായകൻ കമൽ നവോത്ഥാന ശക്തി ചരിത്ര പ്രദർശനം വീക്ഷിക്കുന്നു. ആചരണകമ്മിറ്റി ജില്ലാ കൺവീനർ ഇ.വി.പ്രകാശ് സമീപം.*

മഹാനായ അയ്യൻകാളിയുടെ നേതൃത്വത്തിൽ നടന്ന ഐതിഹാസിക കാർഷിക പണിമുടക്കത്തിന് ശതാബ്ദിയുടെ നിറവ്. അധഃസ്ഥിതരുടെ കുട്ടികൾക്ക് സർക്കാർ സ്കൂളുകളിൽ പ്രവേശനം നൽകുക, കർഷക തൊഴിലാളികൾക്ക് നെല്ലിനുപകരം കൂലി പണമായി നൽകുക, ആറുദിവസത്തെ തൊഴിലിനുശേഷം ഒരു ദിവസം വിശ്രമം അനുവദിക്കുക തുടങ്ങിയവയായിരുന്നു സമരത്തിന്റെ ആവശ്യങ്ങൾ. നൂറ്റാണ്ടുകളായി അടിമകളെപ്പോലെ കഴിഞ്ഞുപോന്നിരുന്ന അധഃസ്ഥിത ജനത വലിയൊരു സമരശക്തിയായി ഉയർത്തെഴുന്നേൽക്കുന്നത് കാർഷിക പണിമുടക്കത്തോടുകൂടിയാണ്. ശരീരവും മനസ്സും ജാത്യാചാരങ്ങളുടെ ബന്ധനങ്ങളിൽ തളച്ചിടപ്പെട്ട ഒരു ജനതയെ നട്ടെല്ലുയർത്തി നിൽക്കാൻ പ്രാപ്തമാക്കിയത് അയ്യൻകാളി ആവിഷ്ക്കരിച്ച കാർഷിക പണിമുടക്കമെന്ന ആ കാലഘട്ടത്തിലെ നൂതന സമരമാർഗ്ഗത്തിലൂടെയാണ്. കാർഷിക പണിമുടക്കത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന ആചരണപ്രവർത്തനങ്ങൾക്കുവേണ്ടി ഡോ. എൻ.എ.കരീം ചെയർമാനും ജി.എസ്.പത്മകുമാർ കൺവീനറുമായി രൂപീകരിച്ച ആചരണ കമ്മിറ്റിയുടെ പ്രവർത്തനോൽഘാടനം തിരുവനന്തപുരത്ത് ആറുമാസങ്ങൾക്ക് മുമ്പ് നടക്കുകയുണ്ടായി. തുടർന്ന് ഹരിപ്പാട്, മുട്ടം നേതാജി സാമൂഹ്യ-സാംസ്കാരിക പഠനകേന്ദ്രത്തിന്റെ സഹായത്തോടുകൂടി 'അയ്യൻകാളിയും കേരള നവോത്ഥാനവും' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. സംസ്ഥാനത്തുടനീളം സെമിനാറുകളും ചർച്ചകളും നടന്നുവരുന്നു.

ആലുവ സർവ്വമതസമ്മേളനത്തിന് ആമുഖമായി ശ്രീനാരായണഗുരു മുന്നോട്ടുവച്ച, 'വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ് എന്ന ആദർശവാക്യമുയർത്തി ഫെബ്രുവരി 17,18,19 തീയതികളിൽ കോട്ടയം പഴയ പോലീസ് സ്റ്റേഷൻ മൈതാനിയിൽ 'നവോത്ഥാനശക്തി ചരിത്രപ്രദർശനം' നടന്നു. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച കേരളത്തെ ആധുനിക കേരളമായി മാറ്റിയ ശ്രീനാരായണഗുരുവും അയ്യൻകാളിയും ചട്ടമ്പിസ്വാമികളും വി.ടി.ഭട്ടതിരിപ്പാടും പണ്ഡിറ്റ് കറുപ്പനും പോയ്കയിൽ യോഹന്നാനുമടക്കമുള്ള നവോത്ഥാന നായകന്മാരുടെ ജീവിതവും പോരാട്ടവും നവോത്ഥാനശക്തി ചരിത്രപ്രദർശനത്തിൽ സമന്വയിപ്പിച്ചിരിക്കുന്നു.

ഫെബ്രുവരി 17 ന് രാവിലെ കോട്ടയം തിരുനക്കര പഴയ പോലീസ് സ്റ്റേഷൻ മൈതാനത്ത് ആരംഭിച്ച 'നവോത്ഥാന ശക്തി' ചരിത്രപ്രദർശനം കോട്ടയം നഗരസഭാ ചെയർമാൻ എം.പി.സന്തോഷ്കുമാർ ഉദ്ഘാടനം ചെയ്തു. കാർഷിക പ്രക്ഷോഭണത്തിന്റെ ശതാബ്ദി ആചരണ കമ്മിറ്റി ജില്ലാ ചെയർമാൻ നൗഷാദ് എസ്.മുഹമ്മദ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ബിഷപ്പ് ഡോ.പത്രോസ് കൊച്ചുതറയിൽ, എൻ.കെ. ബിജു എന്നിവർ പ്രസംഗിച്ചു. ശതാബ്ദി ആചരണ കമ്മിറ്റി ജില്ലാ കൺവീനർ ഇ.വി. പ്രകാശ് സ്വാഗതവും പി.അനിൽകുമാർ കൃതജ്ഞതയും രേഖപ്പെടുത്തി. അന്നു വൈകുന്നേരം 'ആധുനികകേരളത്തെ രൂപപ്പെടുത്തിയ നവോത്ഥാനപ്രസ്ഥാനം' എന്ന വിഷയത്തിൽ സെമിനാർ നടന്നു. കാർഷിക പ്രക്ഷോഭത്തിന്റെ ശതാബ്ദി ആചരണ കമ്മിറ്റി സംസ്ഥാന കൺവീനർ ജി.എസ്.പത്മകുമാറിന്റെ അദ്ധ്യക്ഷതയിൽ നടന്ന സെമിനാറിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസിലെ അദ്ധ്യാപകൻ ഡോ.കെ.എം.സീതി, സ്കൂൾ ഓഫ് സോഷ്യൽസയൻസിൽ നിന്നും ഡോ. രാജേഷ് കോമത്ത്, പ്രൊഫ. സി.മാമ്മച്ചൻ, അഡ്വ. ജോഷി ജേക്കബ്, ജോർജ്ജ് മുല്ലക്കര, ആർ.പാർത്ഥസാരഥിവർമ്മ എന്നിവർ പങ്കെടുത്തു. കേരള അൺഎയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് ജയ്സൺ ജോസഫ് സ്വാഗതവും എൻ.വേണുഗോപാൽ കൃതജ്ഞതയും ആശംസിച്ചു.

ഫെബ്രുവരി 18 ന് നടന്ന 'അയ്യൻകാളിയും കേരള നവോത്ഥാനവും' എന്ന പുസ്തക ചർച്ചയിൽ രഘുമുതുകുളം പുസ്തകാവതരണം നടത്തി. എം.കൃഷ്ണകുമാർ അദ്ധ്യക്ഷനായിരുന്നു. എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സി.കെ.ലൂക്കോസ്, എം.ജി.യൂണിവേഴ്സിറ്റി 'സംസ്കാര' പ്രസിഡന്റ് പി.ആർ. ജയകുമാർ, എ.വി.ദിവാകരൻ, പി.കെ.കൃഷ്ണൻ, എൻഡിഎൽഎഫ് ദേശീയ സെക്രട്ടറി കെ.കെ.എസ്.ദാസ്എന്നിവർ പങ്കെടുത്തു. കെ.എസ്.ശശികല സ്വാഗതവും പ്രകാശ് പള്ളിക്കൂടം കൃതജ്ഞതയും പറഞ്ഞു. വൈകുന്നേരം 'കേരള നവോത്ഥാന പ്രസ്ഥാനവും മലയാള സാഹിത്യവും' എന്ന വിഷയത്തിൽ നടന്ന സെമിനാർ പി.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രശസ്ത സിനിമാസംവിധായകൻ കമൽ മുഖ്യാതിഥിയായിരുന്നു. കെ.കെ.സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പുരോഗമന കലാസാഹിത്യസംഘം കോട്ടയം ജില്ലാ പ്രസിഡന്റ് പ്രൊഫ. എം.ജി.ബാബുജി, എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ, എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ടി.കെ.സുധീർകുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്ത് പ്രസംഗിച്ചു. ബ്രേക്ത്രൂ സയൻസ് സൊസൈറ്റി ജില്ലാ കൺവീനർ പ്രൊഫ. പി.എൻ.തങ്കച്ചൻ സ്വാഗതവും റ്റി.ജെ.ബൈജു കൃതജ്ഞതയും രേഖപ്പെടുത്തി. ഫെബ്രുവരി 19 ന് രാവിലെ 'ചെങ്ങറ-ജീവിതവും സമരവും' അനുഭവങ്ങളുടെ പങ്കുവയ്ക്കൽ നടന്നു. ചെങ്ങറ സമര നായകൻ ളാഹ ഗോപാലൻ പരിപാടി ഉദ്ഘാടനം ചെയ്തു. അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന വൈസ് പ്രസിഡന്റ് മിനി.കെ.ഫിലിപ്പ് അദ്ധ്യക്ഷയായിരുന്നു. മാധ്യമപ്രവർത്തകനായ രാജേഷ് കെ. എരുമേലി, ചെങ്ങറ സമരസഹായ സമിതി കൺവീനർ എസ്.രാജീവൻ എന്നിവർ ചർച്ചയിൽ പങ്കെടുത്ത് പ്രസംഗിച്ചു. രാജു വട്ടപ്പാറ സ്വാഗതവും എൻ.ജി.രാധാകൃഷ്ണൻ കൃതജ്ഞതയും പറഞ്ഞു.

'നവോത്ഥാന മുന്നേറ്റത്തിന്റെ അവശേഷിക്കുന്ന കടമകൾ' എന്ന വിഷയത്തിൽ നടന്ന സമാപന സെമിനാർ ഡോ.ഗീവർഗ്ഗീസ് മാർ കുറിലോസ് മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്തു. ബ്രഹ്മശ്രീ സച്ചിദാനന്ദസ്വാമികൾ മുഖ്യാതിഥിയായിരുന്നു. ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ആൾ ഇന്ത്യാ ഡമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു വിഷയാവതരണം നടത്തി. കെ.പി.എം.എസ്. സംസ്ഥാന ട്രഷറർ തുറവൂർ സുരേഷ്, രാജഗോപാൽ വാകത്താനം, എ.കെ.സി.എച്ച്.എം.എസ്. സംസ്ഥാന പ്രസിഡന്റ് അഡ്വ.വി. ആർ.രാജു, പ്രത്യക്ഷ രക്ഷാ ദൈവസഭ എം.എസ്.കുട്ടപ്പൻ, കേരള ചേരമർ സൊസൈറ്റി എം.വി.ജയപ്രകാശ്, ജനകീയപ്രതിരോധ സമിതി സംസ്ഥാന സെക്രട്ടേറിയറ്റംഗം ജ്യോതികൃഷ്ണൻ, സീഡിയൻ സംസ്ഥാന സെക്രട്ടറി ലൂക്കോസ് നീലംപേരൂർ, പി.സി. ഉലഹന്നാൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. കെ.സദാനന്ദൻ സ്വാഗതവും ശതാബ്ദി ആചരണ കമ്മിറ്റി പാമ്പാടി മേഖലാ പ്രസിഡന്റ് എൻ.എ.ബാബു കൃതജ്ഞതയും പറഞ്ഞു.

അനീഷ് കെ.തമ്പി അവതരിപ്പിച്ച ഏകാഭിനയ നാടകവും എഐഡിവൈഒ മ്യൂസിക് സ്ക്വാഡിന്റെ നേതൃത്വത്തിലുള്ള സംഗീത സന്ധ്യയും ചരിത്രപ്രദർശനത്തോട് അനുബന്ധിച്ചു നടന്നു. മൂന്നു ദിവസങ്ങളിലായി ആയിരക്കണക്കിനു ജനങ്ങൾ പ്രദർശനം വീക്ഷിക്കുവാൻ എത്തിയിരിക്കുന്നു. ആധുനിക കേരളത്തെ സൃഷ്ടിക്കുന്നതിൽ നവോത്ഥാന നായകന്മാർ വഹിച്ച പങ്കിനെ അർത്ഥവത്തായി അടയാളപ്പെടുത്തുന്ന ചരിത്രപ്രദർശനം ബഹുജനങ്ങളിൽ ആവേശവും പ്രതീക്ഷയും ഉണർത്തിയാണ് സമാപിച്ചത്.




*പ്രദർശനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച നവോത്ഥാന മുന്നേറ്റത്തിന്റെ അവശേഷിക്കുന്ന കടമകൾ സമാപന സെമിനാറിൽ ചാലക്കുടി ഗായത്രി ആശ്രമം രക്ഷാധികാരി ബ്രഹ്മശ്രീ സച്ചിദാനന്ദ സ്വാമികൾ മുഖ്യാതിഥിയായി പങ്കെടുത്തുകൊണ്ട് പ്രസംഗിക്കുന്നു. വേദിയിൽ ബിഷപ്പ് ഡോ. ഗീവർഗ്ഗീസ് മാർ കുറീലോസ്, ഡോ.വി.വേണുഗോപാൽ, രാജഗോപാൽ വാകത്താനം, കെ.സദാനന്ദൻ, എൻ.എ.ബാബു, തുറവൂർ സുരേഷ് തുടങ്ങിയവർ*




*കേരള നവോത്ഥാന പ്രസ്ഥാനവും മലയാള സാഹിത്യവും സെമിനാർ പ്രശസ്ത സാഹിത്യകാരൻ പി.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ ഡോ.കെ.ശിശുപാലൻ, പ്രൊഫ. എം.ജി. ബാബുജി, പ്രൊഫ.പി.എൻ.തങ്കച്ചൻ, കെ.കെ.സുരേന്ദ്രൻ തുടങ്ങിയവർ.*



*ഉദ്ഘാടന സമ്മേളനത്തിന്റെ സദസ്സ്*

# നിമുടക്കത്തിന്റെ ശതാബ്ദി ആചരണം

## നം സംസ്ഥാനതല ഉദ്ഘാടനം കോട്ടയത്ത്




*പ്രദർശനത്തോടനുബന്ധിച്ച നടന്ന ചെങ്ങറ-ജീവിതവും സമരവും അനുഭവങ്ങളുടെ പങ്കുവയ്ക്കൽ സമ്മേളനം ചെങ്ങറ സമരനായകൻ ളാഹ ഗോപാലൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ എസ്.രാജീവൻ, രാജേഷ് കെ.എരുമേലി, മിനി.കെ.ഫിലിപ്പ്, രാജു വട്ടപ്പാറ, എം.എസ്.കുട്ടപ്പൻ, വി.പി.കൊച്ചുമോൻ തുടങ്ങിയവർ.*




*ആധുനീക കേരളത്തെ രൂപപ്പെടുത്തി നവോത്ഥാനപ്രസ്ഥാനം സെമിനാർ ഡോ.കെ.എം. സീതി ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ ഡോ.രാജേഷ് കോമത്ത്, ജയ്സൺ ജോസഫ്, നൗഷാദ് എസ്.മുഹമ്മദ്, എൻ.കെ.ബിജു, ജി.എസ്.പത്മകുമാർ, പാർത്ഥസാരഥിവർമ്മ, അഡ്വ. ജോഷി ജേക്കബ്, പ്രൊഫ.സി.മാമച്ചൻ തുടങ്ങിയവർ* •

# മഹാനായ അയ്യൻകാളി സംഘഗാനങ്ങൾ വിദ്യാധരൻ മാസ്റ്റർ പ്രകാശനം ചെയ്തു



*അയ്യൻകാളി നയിച്ച കാർഷിക പണിമുടക്കത്തിന്റെ ശതാബ്ദി ആചരണ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ മഹാനായ അയ്യൻകാളി സംഘഗാനങ്ങൾ പ്രശസ്ത സംഗീത സംവിധായകൻ വിദ്യാധരൻ മാസ്റ്റർ പ്രകാശനം ചെയ്യുന്നു.*

അയ്യൻകാളി നയിച്ച കാർഷിക പണിമുടക്കത്തിന്റെ ശതാബ്ദി ആചരണ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ മഹാനായ അയ്യൻകാളി സംഘഗാനങ്ങൾ പ്രശസ്ത സംഗീത സംവിധായകൻ വിദ്യാധരൻ മാസ്റ്റർ പ്രകാശനം ചെയ്തു. ചാവക്കാട് ബ്ലാങ്ങാട് കേന്ദ്രമായി കഴിഞ്ഞ പന്ത്രണ്ട് വർഷമായി പ്രവർത്തിച്ചുവരുന്ന ജനകീയ സംഗീത സഭയും അയ്യൻകാളി നയിച്ച കാർഷികപണിമുടക്കത്തിന്റെ ശതാബ്ദി ആചരണ തൃശൂർ ജില്ലാ കമ്മിറ്റിയും ചേർന്നാണ് സി.ഡി പ്രകാശന പരിപാടി സംഘടിപ്പിച്ചത്. ശ്രീനാരായണ ഗുരുവിനെപ്പോലെ തന്നെ മനുഷ്യ സ്നേഹവും സമത്വ സങ്കൽപ്പങ്ങളും ഉയർത്തിപ്പിടിച്ച മഹത് വ്യക്തിയായിരുന്നു മഹാത്മ അയ്യൻകാളിയെന്ന് അദ്ദേഹം പറഞ്ഞു. മികവുറ്റ വരികളാണ് അയ്യൻകാളിയെക്കുറിച്ചുള്ള സംഘഗാനങ്ങളിലുള്ളതെന്ന് വിദ്യാധരൻ മാസ്റ്റർ കൂട്ടിച്ചേർത്തു. അയ്യൻകാളി സംഘഗാനങ്ങൾ ഒരുക്കിയ ടി.കെ സുധീർകുമാർ, സിബി ഇറക്കത്തിൽ, ബിറ്റോ ജേക്കബ്, സന്തോഷ് കെ.വി, സുജ ആന്റണി തുടങ്ങിയവരെ ജനകീയ സംഗീത സഭ പ്രസിഡന്റ് കെ.കെ ബാലൻ ഇരട്ടപ്പുഴ പൂച്ചെണ്ടുകൾ നൽകി അനുമോദിച്ചു.

കർമ്മംകൊണ്ട് പ്രത്യയശാസ്ത്രം സൃഷ്ടിച്ച യുഗപ്രഭാവന്മാരാണ് ശ്രീനാരായണ ഗുരുവും അയ്യൻകാളിയുമെന്ന് സംഗീത നിരൂപകൻ ജയകൃഷ്ണൻ പറഞ്ഞു. ലോകത്തിലുണ്ടായ ഏറ്റവും മഹത്തായ ഒക്ടോബർ വിപ്ലവം നടക്കുന്നതിന് വളരെമുമ്പ് നമ്മുടെ ഈ കൊച്ചു കേരളത്തിൽ നടന്ന വളരെ വലിയ വിപ്ലവമായിരുന്നു കാർഷിക സമരം. മഹാനായ അയ്യൻകാളി നയിച്ച ആ കാർഷിക പണിമുടക്കത്തിന്റെയും നവോത്ഥാന പ്രവർത്തനങ്ങളുടെയും സന്ദേശം എല്ലായിടങ്ങളിലും നാം കൊണ്ടെത്തിക്കേണ്ടതുണ്ട്. നവോത്ഥാന പരിപാലനത്തിന് പകരം ഇന്നു നടക്കുന്നത് പുനരുത്ഥാനമാണെന്നും അദ്ദേഹം തുടർന്നു പറഞ്ഞു.

അയ്യൻകാളി ആചരണ ജില്ലാ സമിതി ഉപദേശക സമിതിയംഗം പ്രൊഫ: കെ.ബി. ഉണ്ണിത്താൻ അദ്ധ്യക്ഷത വഹിച്ചു. ടി.കെ സുധീർകുമാർ, മുസ്തഫ പാടൂർ, ശംഭുരീശൻ, ഉണ്ണി ആർട്സ്, എം.എസ് ബാബു, ഡോ. പി.എസ്. ബാബു, ഒ.കെ. ഗോപി, ജില്ലാ ആചരണ സമിതി കൺവീനർ എം.പ്രദീപൻ തുടങ്ങിയവർ പ്രസംഗിച്ചു. സി.ആർ ഉണ്ണികൃഷ്ണൻ സ്വാഗതവും സംഗീത സഭ സെക്രട്ടറി സി.വി പ്രേംരാജ് നന്ദിയും പറഞ്ഞു. •




*ഹരിപ്പാട് നേതാജി സാമൂഹ്യ-സാംസ്കാരിക പഠനകേന്ദ്രത്തിൽ നടന്ന വാർഷികാചരണ സമ്മേളനം പ്രശസ്ത കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു.* •

# ഇടതുപക്ഷ ഐക്യമുന്നണിയുടെ ആഭിമുഖ്യത്തിൽ മത്സരിക്കുന്ന എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥികൾ

**ആർ.എം.പി, എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്), എം.സി.പി.ഐ (യു)** എന്നീ പാർട്ടികൾ ചേർന്ന്, സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള **ഇടതുപക്ഷ ഐക്യമുന്നണി**യുടെ ബാനറിൽ മത്സരിക്കുന്ന എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥികളുടെ പട്ടിക പാർട്ടി സംസ്ഥാനകമ്മിറ്റി പ്രഖ്യാപിച്ചു. **തിരുവനന്തപുരം – എം.ഷാജർഖാൻ, പത്തനംതിട്ട– എസ്.രാധാമണി, മാവേലിക്കര– കെ.എസ്.ശശികല, ആലപ്പുഴ–അഡ്വ.എം.എ.ബിന്ദു, കോട്ടയം– എൻ.കെ.ബിജു, കണ്ണൂർ– അഡ്വ.പി.സി.വിവേക്. കൊല്ലം മണ്ഡലത്തിൽ ഇടതുപക്ഷ ഐക്യമുന്നണിയുടെ പിന്തുണയുള്ള സ്വതന്ത്രസ്ഥാനാർത്ഥിയായി ശ്രീ.കെ.ഭാസ്കരൻ** മത്സരിക്കും.

ആർ.എം.പിയുടെയും എം.സി.പി.ഐ(യു) വിന്റെയും സ്ഥാനാർത്ഥിപ്പട്ടിക അതാത് പാർട്ടികളുടെ സംസ്ഥാനനേതൃത്വം പിന്നീട് പ്രഖ്യാപിക്കുന്നതാണ്.

ദേശീയതലത്തിൽ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) 16 സംസ്ഥാനങ്ങളിലായി 82 മണ്ഡലങ്ങളിൽ മത്സരിക്കുന്നു. കേരളത്തിലെ 6 സീറ്റുകൾക്കു പുറമെ, ആന്ധ്രപ്രദേശ് (2), അസ്സം (6), ബീഹാർ (4), ഛത്തീസ്ഖഡ് (1), ഡൽഹി (1), ഗുജറാത്ത് (1), ഹര്യാന (2), ഝാർഖണ്ഡ് (2), കർണ്ണാടക (6), മദ്ധ്യപ്രദേശ് (2), ഒഡീഷ (5), ഉത്തർപ്രദേശ് (3), തമിഴ്നാട് (3), ത്രിപുര (1), പശ്ചിമബംഗാൾ (37) എന്നീ സംസ്ഥാനങ്ങളിലും പാർട്ടിസ്ഥാനാർത്ഥികൾ മത്സരിക്കുന്നു. പശ്ചിമബംഗാളിലെ ജോയ്നഗർ മണ്ഡലത്തിലെ എസ്.യു.സി.ഐ(സി) സിറ്റിംഗ് എം.പിയായ ഡോ.തരുൺ മണ്ഡൽ അതേ മണ്ഡലത്തിൽ നിന്ന് തന്നെ ജനവിധി തേടുന്നുണ്ട്. •

# ആറന്മുള വിമാനത്താവള പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കുക




*ആറന്മുള വിമാനത്താവള പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കുക എന്നാവശ്യപ്പെട്ടുകൊണ്ട് ആറമുള വിമാനത്താവള വിരുദ്ധ കർമ്മ സമിതി നടത്തിവരുന്ന അനിശ്ചിതകാല സത്യാഗ്രഹ സമരത്തിന്റെ ഭാഗമായി ഫെബ്രുവരി 3 ന് നടന്ന സത്യാഗ്രഹം എസ്യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് മിനി.കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ, കർമ്മ സമിതി പ്രസിഡന്റ് ഇ. ഇന്ദുചൂഡൻ, എസ്യുസിഐ(സി) പത്തനംതിട്ട ജില്ലാ കമ്മിറ്റിയംഗം സഖാവ് എസ്.രാധാമണി, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ജില്ലാ നേതാവ് സനിലാ ജോർജ്ജ്, ഹിന്ദു ഐക്യവേദി സംസ്ഥാന നേതാക്കളായ അരവിന്ദാക്ഷൻ, കെ.പി.ഹരിദാസ് തുടങ്ങിയവർ മുൻനിരയിൽ* •

# ചൂഷണ മുതലാളിത്ത വ്യവസ്ഥയെയും മർദ്ദക ഭരണകൂടത്തെയും തെരഞ്ഞെടുപ്പുകൾ മാറ്റുന്നില്ല.

*(പേജ് 1-ൽ നിന്ന്)*

ളികളുടെ എണ്ണം ഗണ്യമായി കുറയ്ക്കുക, അടച്ചുപൂട്ടൽ, ലോക്കൗട്ട്, കരാർ തൊഴിലിന്റെ വ്യാപനം, ജോലി സമയവും ജോലി ഭാരവും വർദ്ധിക്കുക, വേതനം മരവിപ്പിക്കൽ, ഔട്ട്സോഴ്സിംഗ് തുടങ്ങിയവയൊക്കെയാണ് ഇതിന്റെ പ്രത്യാഘാതങ്ങൾ. തൊഴിലാളികളുടെ അവകാശങ്ങൾ ഒന്നൊന്നായി സർക്കാരുകൾ എടുത്തുകളയുകയാണ്. അതോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങൾ കുത്തകകൾക്ക് കൈമാറുകയും ചെയ്യുന്നു. ഭൂമിയിലും പ്രകൃതിവിഭവങ്ങളിലും വ്യാപാരരംഗത്തുമൊക്കെ ഇതുവഴി ബഹുരാഷ്ട്രകുത്തകകൾ ആധിപത്യമുറപ്പിക്കുന്നു. നികുതി ഇളവുകൾ, സംരക്ഷണപദ്ധതികൾ, തുടങ്ങിയവയ്ക്കായി ഖജനാവിലെ പണം കുത്തകകൾക്ക് കോരിച്ചൊരിയുന്നു. ഇതിന്റെ ഭാരം നികുതി വർദ്ധനവായും ക്ഷേമപ്രവർത്തനങ്ങൾ വെട്ടിച്ചുരുക്കലായും ജനങ്ങളുടെമേൽ വന്നു പതിക്കുകയും ചെയ്യുന്നു. നിരന്തരമായ വിലക്കയറ്റവും, നികുതിവർദ്ധനവും, പണപ്പെരുപ്പവും, രൂപയുടെ മൂല്യശോഷണവും ജനങ്ങളുടെ ജീവിതഭാരം വൻതോതിൽ വർദ്ധിപ്പിക്കുന്നു. കർഷകരെ പുറത്താക്കി കൃഷിഭൂമി പിടിച്ചെടുത്ത് പ്രത്യേക സാമ്പത്തിക മേഖലകൾ പടുത്തുയർത്തുന്നു. പ്രകൃതി ദുരന്തങ്ങൾ മൂലം അനേകം മനുഷ്യജീവനും കാർഷിക വിളകളും വസ്തുവകകളുമൊക്കെ നശിക്കുന്നത് തടയാൻ ഒരു സർക്കാരും ഒരു നടപടിയും സ്വീകരിക്കുന്നില്ല. വിത്ത്, വളം, കീടനാശിനി, വൈദ്യുതി എന്നിവയുടെയൊക്കെ വില നിരന്തരം വർദ്ധിപ്പിക്കുകയും കർഷകർക്ക് താങ്ങുവില പോലും നിഷേധിക്കപ്പെടുകയും ചെയ്യുന്നു. കരിഞ്ചന്തക്കാരും പൂഴ്ത്തി വയ്പുകാരുമൊക്കെ തോന്നും പോലെ വിലനിശ്ചയിക്കുന്ന സ്ഥിതിയാണ്. വിദ്യാഭ്യാസത്തിന്റെയും ആരോഗ്യപരിപാലനത്തിന്റെയും ബജറ്റ് വിഹിതം നിരന്തരം വെട്ടിക്കുറയ്ക്കുകയും ഈ മേഖലകളൊക്കെ കുത്തകകൾക്ക് കൈമാറുകയും ചെയ്യുന്നു. സാധാരണക്കാർക്ക് ഇതൊക്കെ അപ്രാപ്യമായിത്തീരുകയാണ് .മതേതര - ജനാധിപത്യ സമീപനവും വീക്ഷണവും വികസിച്ചു വരുന്നതിനുപകരം അന്ധവിശ്വാസവും മതഭ്രാന്തും മനുഷ്യത്വരഹിതമായ ഫാസിസ്റ്റ് സംസ്ക്കാരവും വളർന്നുവരാനുതകും വിധമാണ് പാഠ്യപദ്ധതിയും സിലബസുമൊക്കെ രൂപീകരിക്കുന്നത്. പാവപ്പെട്ടവന്റെ മുന്നിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ വാതിൽ കൊട്ടിയടയ്ക്കാൻ വേണ്ടി സാധാരണക്കാർ പഠിക്കുന്ന സ്ക്കൂളുകളിൽ പരീക്ഷാ സമ്പ്രദായം എടുത്തു കളഞ്ഞിരിക്കുകയാണ്. സമ്പന്നരുടെ കുട്ടികൾ പഠിക്കുന്ന സ്ക്കൂളുകളിൽ അത് നിലനിർത്തിയിട്ടുമുണ്ട്. വികസനത്തിന്റെയും സൽഭരണത്തിന്റെയും സവിശേഷതകളായിട്ടാണ് ഭരണവർഗ്ഗപാർട്ടികൾ ഇതെല്ലാം അവതരിപ്പിക്കുന്നത്. ആരുടെ വികസനം എന്നതാണ് ഇവിടെ ഉയരുന്ന പ്രസക്തമായ ചോദ്യം.

പ്രതിസന്ധിഗ്രസ്തവും മരണാസന്നവുമായ മുതലാളിത്തത്തിന്റെ യഥാർത്ഥ ചിത്രം അല്പം വിശദമായി ചർച്ച ചെയ്യാം. 18-ാം നൂറ്റാണ്ടിലും, 19-ാം നൂറ്റാണ്ടിലും ജന്മിത്തത്തിനും ഏകാധിപത്യത്തിനും രാജവാഴ്ചയ്ക്കുമെതിരെ വിപ്ലവകരമായ പോരാട്ടം നടത്തിക്കൊണ്ട് ജനാധിപത്യ വ്യവസ്ഥ സ്ഥാപിച്ചെടുത്തത് മുതലാളിത്തമാണ്. മതാന്ധതയ്ക്കെതിരെ അത് മതേതരമാനവവാദ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ചു. 'സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം' എന്ന മുദ്രാവാക്യമുയർത്തി, അന്നത്തെ ചരിത്രഘട്ടത്തിൽ സാദ്ധ്യമായിരുന്ന ഒരു ജനാധിപത്യ സംവിധാനം രൂപപ്പെടുത്തി. ആ മുതലാളിത്തത്തിൽനിന്ന് തികച്ചും ഭിന്നമാണ് ഇന്നത്തെ മുതലാളിത്തം. ആ മുദ്രാവാക്യങ്ങളെല്ലാം ഇന്നത്തെ പ്രതിസന്ധിഗ്രസ്തമായ മുതലാളിത്തം ചവിട്ടിമെതിച്ചിരിക്കുന്നു. ഇന്ന് സാമ്രാജ്യത്വ ഘട്ടത്തിലെത്തിയ മുതലാളിത്തം തികച്ചും പിന്തിരിപ്പനും മർദ്ദകനും ഫാസിസ്റ്റ് സ്വാഭാവമുള്ളതും ആയി മാറിക്കഴിഞ്ഞിരിക്കുന്നു. എല്ലാ ജനാധിപത്യ പ്രക്ഷോഭങ്ങളെയും തൊഴിലാളിവർഗ്ഗ സമരങ്ങളെയും അത് നിർദ്ദാക്ഷിണ്യം അടിച്ചമർത്തുന്നു. ജനാധിപത്യ തത്വങ്ങളും മൂല്യങ്ങളും കീഴ്വഴക്കങ്ങളുമൊക്കെ കാറ്റിൽപ്പറത്തുന്നു. 1947 ൽ അധികാരം കയ്യാളിയ നാൾ മുതൽ, മരണാസന്നമായ ആഗോളമുതലാളിത്തത്തിന്റെ അഭേദ്യഭാഗമെന്ന നിലയിൽ ഇന്ത്യൻ മുതലാളിത്തവും അതേ പ്രതിലോമകരമായ നയം തന്നെയാണ് പിന്തുടരുന്നത്. ഇന്ന് മൂലധനം ഒരു പിടിയാളുകളുടെ കയ്യിലും രാഷ്ട്രീയ അധികാരം ഭരണകൂടത്തിലും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. ചിന്താപ്രക്രിയയെ ചിട്ടപ്പെടുത്തിക്കൊണ്ട് അത് ഫാസിസ്റ്റ് ഭീഷണിയുയർത്തുകയാണ്. പ്രാദേശിക മൂലധനം സാമ്പത്തിക - രാഷ്ട്രീയ രംഗങ്ങളിൽ ഇന്നും കാര്യമായ സ്വാധീനം ചെലുത്തുന്നതുകൊണ്ട് രാജ്യം സമ്പൂർണ്ണ ഫാസിസത്തിലേയ്ക്ക് എത്തിയിട്ടില്ല എന്നുമാത്രം. ജനാധിപത്യ തത്വങ്ങളോ **മാനുഷികമൂല്യങ്ങളോ രാജ്യത്തിന്റെയും ജനങ്ങളുടെയും താൽപര്യങ്ങളോ ഒന്നും ഇന്നത്തെ മുതലാളിത്തത്തിന് പരിഗണനാ വിഷയങ്ങളല്ല. കൊടിയ ചൂഷണത്തിലൂടെ പരമാവധി ലാഭം നേടുക എന്നതു മാത്രമാണതിന്റെ ലക്ഷ്യം. ജനങ്ങൾ അതിന് ചൂഷണ സംവിധാനം ചലിപ്പിക്കാനുള്ള വിഭവവും, രാജ്യം ചൂഷണം ചെയ്യാനുള്ള ഒരു കമ്പോളവും മാത്രമാണ്. അത് കൂടുതൽ കൂടുതൽ മനുഷ്യത്വവിരുദ്ധവും അധാർമ്മികവും അഴിമതിഭരിതവും ആയിത്തീർന്നിരിക്കുന്നു. അതുകൊണ്ടാണ് മുതലാളിത്ത വ്യവസ്ഥയെ സേവിക്കുന്ന എല്ലാ പാർട്ടികളുടെയും നേതാക്കൾ അഴിമതിക്കാരും ഇരട്ടത്താപ്പുകാരും ജനവിരുദ്ധരുമായിരിക്കുന്നത്.** പല സിപിഐ(എം) നേതാക്കളും ഇന്ന് അഴിമതിക്കാരാണ്. അധികാരത്തിലിരിക്കുമ്പോൾ ജനവിരുദ്ധ നയങ്ങൾ നടപ്പിലാക്കുകയും ജനാധിപത്യ സമരങ്ങളെ അടിച്ചമർത്തുകയും മാത്രമല്ല ജനങ്ങളുടെ ധാർമ്മിക നട്ടെല്ല് തകർക്കുകയും കൂടി ചെയ്യുന്നു. ഇന്ത്യൻ നവോത്ഥാനത്തിന്റെയും സ്വാതന്ത്ര്യസമരത്തിന്റെയും, വിശേഷിച്ച് അതിലെ വിപ്ലവധാരയുടെയും, മഹത്തായ പാരമ്പര്യം ചരിത്രത്തിൽ നിന്ന് തുടച്ചു നീക്കാനാണ് ഈ ഭരണവർഗ്ഗപ്പാർട്ടികളെല്ലാം ശ്രമിക്കുന്നത്. പുതിയ തലമുറയെ ധാർമ്മികതയും മനുഷ്യത്വവുമില്ലാത്തവരാക്കി, അവരുടെ ചിന്താശേഷി നശിപ്പിച്ച്, എതിർസ്വരങ്ങളെയും സമരവീര്യത്തെയും അടിച്ചമർത്തി അങ്ങേയറ്റം ഹീനമായ ഒരു പദ്ധതിയാണ് മുതലാളിവർഗ്ഗം നടപ്പിലാക്കുന്നത്. സെക്സ്, അശ്ലീല സിനിമ, അശ്ലീലസാഹിത്യം, അക്രമം, മയക്കുമരുന്ന്, മദ്യം, ചൂതുകളി, ഭാഗ്യാന്വേഷണം തുടങ്ങിയവയൊക്കെ മാദ്ധ്യമങ്ങളിലൂടെ പ്രോത്സാഹിപ്പിച്ച് വിദ്യാർത്ഥികളെയും യുവാക്കളെയും തികച്ചും അധഃപതിച്ച മാർഗ്ഗങ്ങളിലേയ്ക്ക് തള്ളിവിടുകയാണ്. ഇന്ത്യ ഇന്ന് പെൺവാണിഭത്തിന്റെയും അക്രമത്തിന്റെയും ബലാൽസംഗത്തിന്റെയുമൊക്കെ കാര്യത്തിൽ ലോകത്ത് ഒന്നാം നിരയിൽ നിൽക്കുന്നത് യാദൃച്ഛികമല്ല. കൊച്ചു പെൺകുഞ്ഞുങ്ങളെയും വൃദ്ധകളെയും പോലും വെറുതെ വിടുന്നില്ല. ഈ ഹീന പ്രവൃത്തികൾ ചെയ്യുന്നത് മൃഗങ്ങളല്ല, മനുഷ്യർ തന്നെയാണ്.മനസ്സാക്ഷിയോ മാനുഷിക മൂല്യങ്ങളോ ഇല്ലാത്ത ഈ പ്രത്യേകതരം ജീവികൾ അധഃപതിച്ച മുതലാളിത്ത സംസ്ക്കാരത്തിന്റെ സൃഷ്ടികളാണ്. സാമ്പത്തിക രാഷ്ട്രീയ സാമൂഹിക സാംസ്ക്കാരിക ജീവിതത്തിലാകെ മുതലാളിത്തം നാശം വിതയ്ക്കുകയാണ്. അത് കുടുംബ ജീവിതത്തിലെ സ്വസ്ഥതയും സമാധാനവും കെടുത്തുകയാണ്. സാമൂഹ്യ പുരോഗതിക്ക് വിഘാതമായി നില്ക്കുന്ന ഈ വ്യവസ്ഥയെ മാറ്റി പുതിയൊരു വ്യവസ്ഥ, ഒരു സോഷ്യലിസ്റ്റ് സംവിധാനം സ്ഥാപിക്കേണ്ടതുണ്ട്. മാർക്സിസം- ലെനിനിസം-സഖാവ് ശിബ്ദാസ്ഘോഷ് ചിന്ത നൽകുന്ന ചരിത്ര പ്രധാനമായ പാഠമിതാണ്.

**തെരഞ്ഞെടുപ്പുകൾ ഗവൺമെന്റുകളെ മാത്രമേ മാറ്റുന്നുള്ളൂ. ചൂഷണ മുതലാളിത്ത വ്യവസ്ഥയെയും അതിന്റെ മർദ്ദകഭരണകൂടത്തെയും മാറ്റുന്നില്ല. തെരഞ്ഞെടുപ്പുകളിലൂടെ ഭരണമുതലാളി വർഗ്ഗം അവരുടെ ആവശ്യകതയ്ക്ക് നിരക്കുംപടി അതിന്റെ രാഷ്ട്രീയ കാര്യദർശികളെ മാറ്റുകയും, ജനങ്ങളെ കബളിപ്പിച്ച് അവരെ വിപ്ലവ രാഷ്ട്രീയ പാതയിൽനിന്ന് വ്യതിചലിപ്പിക്കുകയും ചെയ്യുന്നു. എന്നു മാത്രമല്ല, തെരഞ്ഞെടുപ്പിലൂടെ യഥാർത്ഥ ജനവിധി ഉണ്ടാകുന്നുമില്ല. പണവും കയ്യൂക്കും മാദ്ധ്യമങ്ങളും ഉപയോഗിച്ച് മുതലാളിവർഗ്ഗം നടത്തുന്ന വിധി മാത്രമാണ് തെരഞ്ഞെടുപ്പിലുണ്ടാകുന്നത്.**

പതിറ്റാണ്ടുകളായി കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും കോൺഗ്രസ്സാണ് അധികാരം കയ്യാളിയത്. എസ്പി, ബിഎസ്പി, ഡിഎംകെ, എഐഎഡിഎംകെ, അകാലിദൾ, ശിവസേന, എൻസിപി, ജെഡി(യു), ബിജെഡി, ടിഡിപി, എജിപി, സിപിഐ(എം), ടിഎംസി തുടങ്ങിയ പ്രാദേശിക പാർട്ടികൾ വിവിധ സംസ്ഥാനങ്ങളിലും ഭരിക്കുന്നു. പേരിലും കൊടിയിലുമുള്ള വ്യത്യാസമല്ലാതെ ഇവർക്ക് നയങ്ങളിലോ ഭരണരീതിയിലോ യാതൊരു വ്യത്യാസവുമില്ല. കോൺഗ്രസ്സ് ഒരു 'മതേതര' പാർട്ടിയെന്ന് അവകാശപ്പെടുന്നു. സിപിഎം, സിപിഐ പാർട്ടികൾ അങ്ങനെയൊരു പ്രതിച്ഛായ സൃഷ്ടിച്ചെടുക്കാൻ എക്കാലവും അവരെ സഹായിച്ചിട്ടുണ്ട്. എന്നാൽ അവർ അനുവർത്തിച്ചത് മതേതരത്വമല്ല, എല്ലാ മതങ്ങൾക്കും തുല്ല്യപ്രോത്സാഹനം എന്ന നയമാണ്. അതായത് സർവ്വമത സമഭാവന. **ഭരണകൂടത്തിന്റെ എല്ലാ സ്ഥാപനങ്ങളും വിദ്യാഭ്യാസമടക്കമുള്ള പ്രവർത്തനങ്ങളും മതത്തിന്റെ സ്വാധീനത്തിൽനിന്ന് മുക്തമായിരിക്കുകയും, മതേതര - ജനാധിപത്യ രീതിയിൽ ഭരണം നടത്തുകയുമാണ് ചരിത്രപരമായും പ്രത്യയശാസ്ത്രപരമായും മതേതരത്വം എന്നതുകൊണ്ടുദ്ദേശിക്കുന്നത്.** ഒരു മതേതര ഭരണകൂടം മതത്തെ വ്യക്തിയുടെ സ്വകാര്യപ്രശ്നമായി കാണുകയും മതത്തെ പ്രോത്സാഹിപ്പിക്കുകയോ അതിൽ ഇടപെടുകയോ ചെയ്യുന്നത് ഒഴിവാക്കുകയും ചെയ്യുന്നു. വിശ്വാസികളെയും അവിശ്വാസികളെയും അത് ഒരു പോലെ കാണുന്നു. എല്ലാ മതങ്ങൾക്കും തുല്യപ്രോത്സാഹനം എന്ന നിലപാട് സ്വീകരിച്ചതിലൂടെ സ്വാതന്ത്ര്യ സമരകാലത്ത് കോൺഗ്രസ്സ് ഫലത്തിൽ സവർണ്ണ ഹിന്ദുക്കളുടെ രാഷ്ട്രീയമാണ് അനുവർത്തിച്ചത്. ഇത്, മുസ്ലീങ്ങളെയും 'കീഴ്ജാതിക്കാർ' എന്ന് വിളിക്കപ്പെട്ടിരുന്ന ഹിന്ദുക്കളെയും സ്വാതന്ത്ര്യ സമരത്തിൽനിന്ന് അകറ്റുകയും ജനങ്ങൾക്കിടയിൽ അനൈക്യമുണ്ടാക്കുകയും അതുവഴി രാഷ്ട്ര വിഭജനത്തിന് ബ്രിട്ടീഷുകാർക്ക് സഹായകമായി വർത്തിക്കുകയും ചെയ്തു. ജനങ്ങളിൽ അനൈക്യം വിതച്ച് വോട്ടുബാങ്ക് സൃഷ്ടിച്ചെടുക്കാൻ കോൺഗ്രസ്സ് പല കലാപങ്ങളും ആസൂത്രണം ചെയ്തു. 1984 ലെ സിഖ്‌വിരുദ്ധ കലാപം ഇതിലൊന്നായിരുന്നു. ബിജെപി അഭിമാനത്തോടെ 'ഹിന്ദുത്വ' രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്നു. അദ്വാനിയുടെ രഥയാത്രയിലൂടെ മുസ്ലിം വിരുദ്ധവികാരം ആളിക്കത്തിച്ചതും, ബാബ്റി മസ്ജിദ് തകർത്തതും, ഗുജറാത്തിൽ 2500 ലേറെ മുസ്ലിങ്ങളെ കൂട്ടക്കശാപ്പ് നടത്തിയതുമൊക്കെ ഇതിന്റെ ഭാഗമായിട്ടാണ്. രാമകൃഷ്ണ പരമഹംസരെയും വിവേകാനന്ദനെയുംകാൾ വലിയ ഹിന്ദുമത വിശ്വാസികളും ഭക്തരുമാണോ ഈ മതഭ്രാന്തന്മാർ? ഇവരെ ഹിന്ദുക്കൾ എന്നുതന്നെ വിളിക്കാൻ കഴിയുമോ? യഥാർത്ഥ മതാചാര്യന്മാർ ബാബ്റി മസ്ജിദ് തകർത്ത് രാമക്ഷേത്രം പണിയണമെന്ന് സ്വപ്നത്തിൽ പോലും വിചാരിക്കില്ല. വിവിധ മതവിശ്വാസികൾ തമ്മിൽ സൗഹാർദ്ദത്തോടെ കഴിയണമെന്നാണ് അവരെല്ലാം ഉപദേശിച്ചത്. ഗുജറാത്ത് കൂട്ടക്കുരുതിയുടെ സൂത്രധാരനും, ഭരണാധികാരി എന്ന നിലയിൽ സ്വന്തം ഉത്തരവാദിത്വം നിറവേറ്റിയില്ല എന്ന് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പേയിയുടെ വിമർശനം നേരിടേണ്ടി വന്ന ആളുമായ നരേന്ദ്രമോഡി എന്ന ഘാതകനെയാണ് ഇപ്പോൾ ബിജെപി ഭാവിപ്രധാനമന്ത്രിയായി ഉയർത്തിക്കാണിക്കുന്നത്. കോൺഗ്രസ്സ് നേതൃത്വം നൽകുന്ന യുപിഎ സർക്കാരിന്റെ ദുർഭരണത്തോടുള്ള ജനങ്ങളുടെ വിദ്വേഷം മുതലെടുത്ത് ഒരു ഹിന്ദു വോട്ട് ബാങ്ക് സൃഷ്ടിച്ചെടുക്കാനാണ് ബിജെപിയുടെ ശ്രമം. കടുത്ത വർഗ്ഗീയവാദിയായ നരേന്ദ്രമോഡിയെയാണ് ഇതിൽ മുന്നിൽ നിർത്തുന്നത്. കർഷകരെ പുറത്താക്കി കൃഷിഭൂമി പിടിച്ചെടുത്ത് കുത്തകൾക്ക് പ്രത്യേക സാമ്പത്തിക മേഖലകൾക്കായി കൈമാറുകയും, അവർക്ക് കുറഞ്ഞ ചെലവിൽ വെള്ളവും വൈദ്യുതിയുമൊക്കെ നൽകുകയും, സബ്സിഡികൾ ചൊരിയുകയും, തൊഴിലാളിസമരങ്ങൾ ഉണ്ടാവില്ല എന്ന് ഉറപ്പു നൽകുകയും ചെയ്തതോടെ മോഡി കുത്തകകളുടെ വിശ്വാസമാർജ്ജിച്ചിരിക്കുകയാണ്. ഇപ്പോൾ അവർ മോഡിയെ ഭാവി പ്രധാനമന്ത്രിയായി ഉയർത്തിക്കാട്ടിക്കൊണ്ട് കോടിക്കണക്കിന് രൂപ ചെലവഴിച്ച് പ്രചാരണം നടത്തുന്നു.

സിപിഐ(എം), സിപിഐ പാർട്ടികൾ 'മതേതര സഖ്യകക്ഷികൾ' എന്നു കരുതുന്ന മറ്റ് പ്രാദേശിക പാർട്ടികളാകട്ടെ വോട്ട് ബാങ്ക് ലക്ഷ്യമാക്കി ജാതീയതയും പ്രാദേശിക വികാരങ്ങളുമൊക്കെ ആളിക്കത്തിക്കുന്നു. പരിഷ്കരണവാദപരമായ ഒരു സമീപനത്തോടെ ഇടതുപാർട്ടികൾ 1960 കളുടെ മദ്ധ്യം വരെയൊക്കെ ചില ജനകീയ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചിരുന്നു. എന്നാൽ അധികാരത്തിന്റെ രുചിയറിഞ്ഞതോടെ അവർ പാർലമെന്ററി രാഷ്ട്രീയത്തിന് അടിപ്പെട്ടുപോകുകയും സമരപാത എന്നെന്നേയ്ക്കുമായി ഉപേക്ഷിക്കുകയും ചെയ്തിരിക്കുന്നു. ജനങ്ങൾ സമരങ്ങൾക്കായി മുറവിളി കൂട്ടുമ്പോൾ പോലും അവർ മുഖം തിരിക്കുകയാണ്. പാർലമെന്റിൽ ചില ചോദ്യങ്ങൾ ഉന്നയിക്കലും പ്രസ്താവന പുറപ്പെടുവിക്കലും മാത്രമാണവരിപ്പോൾ ചെയ്യുന്നത്. സംസ്ഥാനങ്ങളിൽ അധികാരം കയ്യാളാൻ അവസരം ലഭിക്കുമ്പോഴാകട്ടെ അവർ കർഷകരുടെയും തൊഴിലാളികളുടെയും പ്രക്ഷോഭങ്ങളെയും ജനകീയ സമരങ്ങളെയും അടിച്ചമർത്തി കുത്തകകളെയും ബഹുരാഷ്ട്ര കോർപ്പറേറ്റുകളെയും പ്രീണിപ്പിക്കുന്നു. അധികാരത്തിനായി അവർ പലപ്പോഴും കോൺഗ്രസ്സുമായി കൈകോർത്തു. ചിലപ്പോഴെങ്കിലും ബിജെപിയുമായിപ്പോലും ചങ്ങാത്തമുണ്ടാക്കി. അപ്പോഴൊക്കെ എന്തെങ്കിലും ന്യായങ്ങൾ പറഞ്ഞ് അവർ ജനങ്ങളെ വിഡ്ഢികളാക്കി. എങ്ങനെയെങ്കിലും പ്രാദേശികപ്പാർട്ടികളുമായി ചങ്ങാത്തം കൂടി ചില സീറ്റുകൾ കരസ്ഥമാക്കി ഇന്നത്തെ പ്രതിസന്ധി മറികടക്കാൻ കോൺഗ്രസ്സിനെ സഹായിക്കുക എന്നതുമാത്രമാണ് ഇന്നവരുടെ ലക്ഷ്യം. ഈ രണ്ട് കപട കമ്മ്യൂണിസ്റ്റ് പാർട്ടികളും ഒരു സോഷ്യൽ ഡെമോക്രാറ്റിക്ക് ശക്തി എന്ന നിലയിൽ ബ്രിട്ടീഷ് ലേബർ പാർട്ടിയെയൊക്കെപ്പോലെ വെറും പാർലമെന്ററിയൻ പാർട്ടികളായി അധഃപതിച്ചിരിക്കുന്നു. തൽഫലമായി ജനാധിപത്യ സമരരംഗത്ത് ഒരു ശൂന്യത സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ശക്തമായ ഒരു ജനാധിപത്യ സമരപ്രസ്ഥാനത്തിന്റെ അഭാവത്തിൽ ജനാധിപത്യവിശ്വാസികളായ ബുദ്ധിജീവികൾപോലും ആം ആദ്മി പാർട്ടിയെ പിന്തുണയ്ക്കുകയാണ്. ഇതാകട്ടെ മറ്റൊരു ബൂർഷ്വാ പ്രസ്ഥാനമാണുതാനും. അടുത്തിടെ നടന്ന ഒരു പത്ര സമ്മേളനത്തിൽ എഎപി നേതാവ് കെജ്രിവാൾതന്നെ ഇത് വ്യക്തമാക്കിയിട്ടുണ്ട്. തന്റെ പാർട്ടി മുതലാളിത്തത്തിന് എതിരല്ലെന്നും സ്വകാര്യവൽക്കരണത്തിൽ ഉറച്ചു വിശ്വസിക്കുന്നുവെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

ഫാസിസത്തിന്റെ കാർമേഘങ്ങൾ ചക്രവാളത്തിൽ ഇരുൾപരത്തുന്ന ഇന്നത്തെ

*(ശേഷം പേജ് 10-ൽ)*

# സ്റ്റാലിനെ സ്വഭാവഹത്യ ചെയ്യാനുള്ള ബൂർഷ്വാ ഗൂഢാലോചനയുടെ യഥാർത്ഥ ഉന്നമെന്ത്?



ചൂഷകവ്യവസ്ഥിതിക്കെതിരെ പൊരുതുന്ന ജനങ്ങൾ സ്റ്റാലിന്റെ ആദർശങ്ങളിലേയ്ക്ക് ആകൃഷ്ടരാകുന്നതിനെ ഭയക്കുന്ന ബൂർഷ്വാവർഗ്ഗം മഹാനായ ഈ ആചാര്യനെ അപകീർത്തിപ്പെടുത്തുന്നതിനായി പുതിയൊരു ശൈലിയിലുള്ള ആക്രമണം അഴിച്ചുവിട്ടിരിക്കുന്നു

സാമ്രാജ്യത്വ-മുതലാളിത്ത ചേരിയിലുള്ളവർ സ്റ്റാലിനെപ്പോലുള്ള മഹാന്മാരായ വിപ്ലവനേതാക്കളെ അപകീർത്തിപ്പെടുത്താൻ കിണഞ്ഞു ശ്രമിച്ചുവരികയാണ്. തിരുത്തൽവാദികളും വർഗ്ഗവഞ്ചകരും ഇക്കാര്യത്തിൽ അവരുടെയൊപ്പം ചേർന്നിരിക്കുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ മഹാന്മാരായ നേതാക്കളെ ഏകാധിപതികളും ക്രൂരന്മാരായ കൊലയാളികളുമായി ചിത്രീകരിക്കുകയെന്നതാണ് അവർ സ്വീകരിച്ച ഒരു തന്ത്രം. അതിന് വേണ്ടി അവർ ചരിത്രം വളച്ചൊടിച്ചും കള്ളക്കഥകൾ ചമച്ചും വ്യാജരേഖകൾ ചമച്ചും അപവാദപ്രചാരണങ്ങളുടെ ഒരു പെരുവെള്ളപ്പാച്ചിൽ തന്നെ സൃഷ്ടിച്ചും ഈ നേതാക്കളെ സ്വഭാവഹത്യ ചെയ്തു. എന്നാൽ അവരുടെ എല്ലാ കുത്തിത്തിരുപ്പുകളെയും അവഗണിച്ചും ജനങ്ങൾ ഈ നേതാക്കളിലേയ്ക്ക് ആകൃഷ്ടരായിക്കൊണ്ടിരിക്കുന്നു. മുതലാളിത്ത ചൂഷണനുകത്തിൻ കീഴിൽ ഞെരിഞ്ഞമർന്ന് മോചനമാർഗ്ഗമന്വേഷിക്കുന്ന മർദ്ദിത ജനത മഹാന്മാരായ ചരിത്രപുരുഷന്മാരെ അത്യാദരപൂർവ്വം വീക്ഷിക്കുകയും, അവർ പ്രതിനിധാനം ചെയ്തിരുന്ന ദർശനമായ മാർക്സിസം-ലെനിനിസത്തിലേയ്ക്ക് കൂടുതൽ കൂടുതൽ ആകൃഷ്ടരായിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവെന്നതാണ് ഇന്നത്തെ അവസ്ഥ. പ്രത്യേകിച്ചും റഷ്യയിലും ചൈനയിലും ഇന്ന് നാം കാണുന്നത് അതാണ്. ശാസ്ത്രീയസോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ ശ്രേഷ്ഠത നേരിട്ട് കണ്ട ജനങ്ങളാണവർ. പിൽക്കാലത്ത് തിരുത്തൽവാദികളും മുതലാളിത്ത പാതക്കാരുമായ നേതാക്കൾ മുതലാളിത്ത-സാമ്രാജ്യത്വ ക്യാമ്പുമായി കൂട്ടുചേർന്ന് സോഷ്യലിസത്തെ അട്ടിമറിച്ചതിനെത്തുടർന്ന് നിലവിൽ വന്ന, കൊടിയ ചൂഷണത്തിലധിഷ്ഠിതമായ മുതലാളിത്ത വ്യവസ്ഥിതിയും അവർ നേരിട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

### സ്റ്റാലിൻ മടങ്ങിവരുന്നു

റഷ്യയിൽ സോഷ്യലിസവും ലെനിന്റെയും സ്റ്റാലിന്റെയും പാരമ്പര്യവും തള്ളിക്കളഞ്ഞ് മുതലാളിത്തം സ്വീകരിച്ചതിൽ ജനങ്ങൾ അതീവസന്തുഷ്ടരാണെന്ന് വരുത്തിത്തീർക്കാൻ വേണ്ടി മുതലാളിവർഗ്ഗ ഭരണാധികാരികളും പ്രസിഡന്റ് പുടിനെപ്പോലുള്ള അവരുടെ രാഷ്ട്രീയ കാര്യദർശികളും കിണഞ്ഞ് ശ്രമിച്ചുവരികയാണ്. പക്ഷെ, അവർ എത്രയൊക്കെ ശ്രമിച്ചാലും യാഥാർത്ഥ്യം ചിലപ്പോഴൊക്കെ മറനീക്കി പുറത്തുവന്നുകൊണ്ടിരിക്കുന്നു. മുതലാളിത്ത റഷ്യയിലെ മർദ്ദിതജനത ഗോർബച്ചേവ്-യെൽസിൻ-പുടിൻ വാഴ്ചയ്ക്കെതിരെ ശബ്ദമുയർത്തിക്കൊണ്ട് ലെനിന്റെയും സ്റ്റാലിന്റെയും ചിത്രങ്ങളുമേന്തി തെരുവിലിറങ്ങുന്ന കാഴ്ചയ്ക്ക് ലോകം സാക്ഷ്യം വഹിക്കുന്നു. സമീപകാലത്തെ ചില സംഭവവികാസങ്ങൾ പ്രസ്താവ്യമാണ്. "പാശ്ചാത്യശക്തികൾ ചരിത്രം വളച്ചൊടിക്കാനും, ഫാസിസത്തിനെതിരായ വിജയത്തിൽ ഞങ്ങളുടെ രാജ്യം വഹിച്ച പങ്കിനെ കുറച്ചുകാണിക്കാനും തക്കം പാർത്തിരിക്കുകയാണ്. സ്റ്റാലിനെ വിസ്മരിക്കാതിരിക്കേണ്ടതിന് ഇതും ഒരു കാരണമാണ്" - പാർലമെന്ററി വൈസ് സ്പീക്കറായ ല്യുബോവ് സ്ലിസ്ക ഏതാനും ദിവസം മുമ്പ് പറഞ്ഞ വാക്കുകളാണിവ. ഫാസിസ്റ്റ് ജർമ്മനിക്ക് കനത്ത പരാജയമേല്പിച്ചുകൊണ്ട് രണ്ടാം ലോകയുദ്ധത്തിന്റെ ഗതി തിരിച്ചുവിട്ട നിർണ്ണായക സംഭവമായിരുന്നു 200 ദിവസം നീണ്ടുനിന്നതും ചരിത്രപ്രസിദ്ധവുമായ സ്റ്റാലിൻഗ്രാഡ് യുദ്ധം. മഹാനായ നേതാവിന്റെ ഓർമ്മ തുടച്ചുമാറ്റുകയെന്ന ലക്ഷ്യത്തോടെ റഷ്യയിലെ ഭരണാധികാരികൾ സ്റ്റാലിൻഗ്രാഡിന്റെ പേര് വോൾഗോഗ്രാഡ് എന്ന് മാറ്റിയിരുന്നു. എന്നാൽ സ്റ്റാലിൻഗ്രാഡ് യുദ്ധത്തിന്റെ 70-ാം വാർഷികാചരണവേളയിൽ ജനങ്ങളുടെ സമ്മർദ്ദത്തിന് വഴങ്ങി സ്റ്റാലിൻഗ്രാഡ് എന്ന പേര് പുനഃസ്ഥാപിക്കാൻ പുടിൻ ഗവണ്മെന്റ് നിർബ്ബന്ധിത്മായി. മഹാനായ സ്റ്റാലിനോടുള്ള ആദരവ് സൂചിപ്പിക്കാനായി നൂറുകണക്കിന് ആരാധകർ ഗവണ്മെന്റുത്തരവിനെ തൃണവൽഗണിച്ചുകൊണ്ട് മിനിബസുകളിൽ സ്റ്റാലിന്റെ ഛായാചിത്രം പ്രദർശിപ്പിക്കുകയുണ്ടായി. സ്റ്റാലിൻഗ്രാഡിലെ ചുവപ്പുസേനയിൽ അംഗങ്ങളായിരുന്നവരിൽ ഇന്ന് ആ മേഖലയിൽ ജീവിച്ചിരിക്കുന്ന 920 പേർ ചേർന്ന് ഗവണ്മെന്റിന് സമർപ്പിച്ച നിവേദനത്തിൽ യുദ്ധകാലത്ത് സ്റ്റാലിൻ നൽകിയ ഉജ്ജ്വലമായ നേതൃത്വത്തെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് സ്റ്റാലിൻഗ്രാഡിന്റെ പേര് പുനഃസ്ഥാപിക്കാൻ ആവശ്യപ്പെടുകയായിരുന്നു.

മുൻ സോവിയറ്റ് യൂണിയനിൽ പ്രതിവിപ്ലവം നടത്താനുള്ള മിഖയിൽ ഗോർബച്ചേവിന്റെ നീക്കം ഉച്ചസ്ഥായിയിലായിരുന്ന 1989-ൽ നടത്തിയ ഒരു അഭിപ്രായസർവേയിൽ 12 ശതമാനം റഷ്യക്കാർ മാത്രമാണ്, സ്റ്റാലിൻ ഏറ്റവും പ്രമുഖരായ ചരിത്രവ്യക്തിത്വങ്ങളിലൊരാളായിരുന്നു എന്ന് അഭിപ്രായപ്പെട്ടത്. എന്നാൽ, കഴിഞ്ഞ വർഷം നടന്ന കർണേഗി അഭിപ്രായവോട്ടെടുപ്പിൽ 42 ശതമാനം റഷ്യക്കാർ ആ അഭിപ്രായം പ്രകടിപ്പിച്ചു. 68 ശതമാനം ജോർജിയക്കാരും പറഞ്ഞത് സ്റ്റാലിൻ സോവിയറ്റ് യൂണിയനെ കരുത്തുറ്റതും സമ്പൽസമൃദ്ധവുമായ രാജ്യമാക്കി മാറ്റിയ വിവേകശാലിയായ നേതാവാണ് എന്നായിരുന്നു. "സ്റ്റാലിൻ മനുഷ്യരാശിയുടെ മുന്നേറ്റത്തിന് ഒരു പുതിയ ആക്കം നൽകി"- ജോർജിയയിലെ സ്റ്റാലിൻ സൊസൈറ്റിയുടെ ഗോറി ഘടകത്തിന് നേതൃത്വം നൽകുന്ന, 58 വയസ്സുള്ള ചരിത്രാദ്ധ്യാപിക, അലികോ ലുർസ്മനാസ്വിലി പറഞ്ഞു. കർണേഗി റിപ്പോർട്ടിന്റെ രചയിതാക്കളിലൊരാളായ മരിയ ലിപ്മാൻ അതിനോട് പ്രതികരിച്ചുകൊണ്ട് പറഞ്ഞു: "മോസ്കോയിൽ സംസ്കരിക്കപ്പെട്ടുവെങ്കിലും സ്റ്റാലിൻ മരിച്ചിട്ടില്ല."

### പുടിനും സംഘവും നടത്തുന്ന പ്രച്ഛന്നമായ സ്റ്റാലിൻ വിരുദ്ധ പ്രചാരണം

ലെനിന്റെ മഹാനായ ശിഷ്യനും സമുന്നതനായ മാർക്സിസ്റ്റ് പ്രാമാണികനുമായ സ്റ്റാലിനോട് ജനങ്ങൾക്കിടയിൽ വളർന്നുവരുന്ന ആദരവ് റഷ്യയിലെ ബൂർഷ്വാഭരണാധികാരികളെ ഭയചകിതരാക്കുന്നു. മുൻ സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തെത്തുടർന്നുണ്ടായ ഇതര രാജ്യങ്ങളിലെ മുതലാളിവർഗ്ഗ ഭരണാധികാരികളുടെ കാര്യവും അങ്ങനെ തന്നെ. മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തെപ്പറ്റി ഭയപ്പെട്ടിരിക്കുന്ന അവർ സ്റ്റാലിനെതിരെ പുതിയൊരു തരം പ്രചാരണം അഴിച്ചുവിട്ടിരിക്കുന്നു. ജനങ്ങൾക്കിടയിൽ സ്റ്റാലിനനുകൂല മനോഭാവമുണ്ടാകുന്നത് പുടിന് ഗുണകരമാണ്, എന്തെന്നാൽ കൂടുതൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സ്റ്റാലിന്റെ പ്രതിച്ഛായ പുടിനെ സഹായിക്കും എന്ന വാദം പ്രചരിപ്പിക്കാൻ അവർ തുനിഞ്ഞിരിക്കുന്നു. അതോടൊപ്പം തന്നെ, സ്റ്റാലിന്റെ കാലത്ത് വലിയ മർദ്ദനങ്ങൾ നടന്നിരുന്നതായും പ്രചരിപ്പിക്കുന്നു. "രാഷ്ട്രീയക്കുറ്റങ്ങളുടെ പേരിൽ 40 ലക്ഷം പേരെ അറസ്റ്റ് ചെയ്തു; 8 ലക്ഷത്തോളം പേരെ വെടിവച്ചുകൊന്നു; മറ്റ് ദശലക്ഷക്കണക്കിന് നിരപരാധികൾ കൊല്ലപ്പെട്ടു; 20 ലക്ഷത്തോളം കർഷകരെ തടങ്കൽപ്പാളയത്തിലയച്ചു; ചെച്ചൻ, ഇൻഗുഷ്, ക്രിമിയൻ, ടാട്ടാർ വംശങ്ങളിൽപ്പെടുന്ന ദശലക്ഷക്കണക്കിനാൾക്കാരെ അവരുടെ ജന്മദേശങ്ങളിൽ നിന്ന് മാറ്റിപ്പാർപ്പിച്ചു..."എന്നിങ്ങനെയുള്ള ആരോപണങ്ങൾ പ്രചരിപ്പിക്കുന്നു. ഇതെല്ലാം അടിസ്ഥാനരഹിതമായ ആരോപണങ്ങളാണെന്നത് മുമ്പേ തെളിയിക്കപ്പെട്ടതാണെന്ന് പറയേണ്ടതില്ല. സോവിയറ്റ് യൂണിയനെ തകർക്കുന്ന പ്രക്രിയയ്ക്ക് തുടക്കം കുറിച്ച ആധുനിക തിരുത്തൽവാദത്തിന്റെ പിതാവായ ക്രൂഷ്ചേവ്, സ്റ്റാലിന്റെ ആധികാരികത തകർക്കുക എന്ന ഉദ്ദേശ്യത്തോടെ അദ്ദേഹത്തിനെതിരെ ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചതോടെ, പ്രതിലോമകാരികൾ കെട്ടിച്ചമച്ച് പ്രചരിപ്പിച്ചിരുന്ന കഥകൾക്ക് ആക്കം കൂടി, ആ കഥകളനുസരിച്ച് പീഡിതരായ ആൾക്കാരുടെ എണ്ണവും വർദ്ധിച്ചു. അടുത്തകാലത്ത് ഗ്രോവർ ഫർ എന്ന ഗ്രന്ഥകാരൻ പ്രസിദ്ധീകരിച്ച *ക്രൂഷ്ചേവ് നുണ പറഞ്ഞു (Khrushchev Lied)* എന്ന പുസ്തകം, ക്രൂഷ്ചേവ് ഉന്നയിച്ച ഓരോ ആരോപണവും വസ്തുതാവിരുദ്ധമായിരുന്നുവെന്ന് സ്ഥാപിക്കുന്ന ഗവേഷണരേഖകൾ അവതരിപ്പിച്ചിരിക്കുന്നു. "ക്രൂഷ്ചേവ് സ്റ്റാലിനെതിരെ നടത്തിയ വെളിപ്പെടുത്തലിൽ പറഞ്ഞിരിക്കുന്ന ഒരൊറ്റ പ്രസ്താവന പോലും സത്യമല്ല എന്നാണ് കണ്ടത്"- ഫർ പറയുന്നു. മുഖ്യമായും പിൽക്കാലത്ത് പരസ്യമാക്കപ്പെട്ട, സോവിയറ്റ് കാലഘട്ടത്തിലെ ഔദ്യോഗിക രഹസ്യ രേഖകളെയും, ചുരുക്കമായി മറ്റ് രേഖകളെയും ആശ്രയിച്ചാണ് താൻ ഈ നിഗമനത്തിലെത്തിയതെന്ന് അദ്ദേഹം പറയുന്നു. താൻ ഉപയോഗപ്പെടുത്തിയ രേഖകളെല്ലാം അദ്ദേഹം തന്റെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. സോഷ്യലിസത്തെയും സ്റ്റാലിനെയും ഇടിച്ചുകാണിക്കാൻ വേണ്ടി കള്ളക്കഥകൾ ചമയ്ക്കാനും വ്യാജസ്ഥിതിവിവരങ്ങൾ കെട്ടിയുണ്ടാക്കാനുമായി നിയോഗിക്കപ്പെട്ടിരുന്ന ചിലരെക്കുറിച്ച് മുമ്പ് മരിയ സൗസയും മറ്റും ആധികാരിക വസ്തുതകളുടെ വെളിച്ചത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഉദാഹരണമായി, സാമ്രാജ്യത്വ-മുതലാളിത്ത ക്യാമ്പിൽ ഊട്ടിവളർത്തപ്പെട്ട മുരത്ത കമ്മ്യൂണിസ്റ്റ് വിരുദ്ധനും മുൻ ബ്രിട്ടീഷ് ചാരനുമായ റോബർട്ട് കോൺക്വസ്റ്റ്. സോവിയറ്റ് യൂണിയനിൽ പ്രതിവിപ്ലവപ്രവർത്തനം നടത്തിയതിന്റെ പേരിൽ കുറ്റാരോപിതനും, അറിയപ്പെടുന്ന നാസി അനുകൂലിയുമായ അലക്സാണ്ടർ സോൾഷെനിറ്റ്സിൻ ആണ് മറ്റൊരാൾ.

### മുതലാളിത്ത റഷ്യയിലെ ജനങ്ങളുടെ ദുരവസ്ഥ

സ്റ്റാലിന്റെ നേതൃത്വത്തിൽ സോവിയറ്റ് യൂണിയൻ, മുതലാളിത്ത-സാമ്രാജ്യത്വ ശക്തികൾ നടത്തിയ എല്ലാത്തരം ഗൂഢാലോചനകളെയും അട്ടിമറിശ്രമങ്ങളെയും അതിജീവിച്ചുകൊണ്ട് കേവലം രണ്ട് പതിറ്റാണ്ട് കാലം കൊണ്ട് എല്ലാ രംഗങ്ങളിലും വമ്പിച്ച മുന്നേറ്റം കൈവരിച്ചുവെന്നത് ശ്രദ്ധേയമായ വസ്തുതയാണ്. പക്ഷെ, സ്റ്റാലിനെ അവഹേളിക്കുകയും പരിഷ്കൃത ജനാധിപത്യവാദികളെന്ന് സ്വയം മേനി നടിക്കുകയും ചെയ്യുന്ന പുടിനെപ്പോലുള്ള കൂട്ടർ അധികാരത്തിലിരിക്കുന്ന ഇക്കാലത്ത് റഷ്യയുടെ അവസ്ഥയെന്തെന്ന് സ്ഥിതിവിവരക്കണക്കുകൾ തുറന്നുകാട്ടുന്നു. ഇന്ന് റഷ്യയ്ക്ക് ജനങ്ങളുടെ ജീവിത നിലവാരത്തിന്റെ കാര്യത്തിൽ ലോകത്ത് 67-ാം സ്ഥാനമാണുള്ളത്. ആധുനിക വിവരസാങ്കേതിക വിദ്യയുടെ ഉപയോഗത്തിന്റെ കാര്യത്തിൽ 70-ാം സ്ഥാനം. ജനങ്ങൾക്കുവേണ്ടി പ്രതിശീർഷം ചെലവഴിക്കുന്ന തുകയുടെ കാര്യത്തിൽ 72-ാം സ്ഥാനം. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ 134-ാം സ്ഥാനം. അതേ സമയം, മനോരോഗികളുടെ എണ്ണം, കുട്ടികളുടെയും കൗമാരപ്രായക്കാരുടെയും ഇടയിലെ ആത്മഹത്യ, മാതാപിതാക്കൾ ഉപേക്ഷിച്ച കുട്ടികളുടെ എണ്ണം, ഗർഭച്ഛിദ്രം, പ്രസവത്തോടനുബന്ധിച്ചുള്ള സ്ത്രീകളുടെ മരണം. വിവാഹമോചിതരുടെ എണ്ണം, വിവാഹബന്ധത്തിലൂടെയല്ലാതെയുള്ള കുഞ്ഞുങ്ങളുടെ ജനനം, ഹൃദ്രോഗം മൂലമുള്ള മരണം, അന്തർദ്ദേശീയ കരിഞ്ചന്തയിലേയ്ക്കുള്ള അടിമകളുടെ കയറ്റുമതി, മദ്യോപയോഗം എന്നീ കാര്യങ്ങളിലെല്ലാം ആ രാജ്യം ഇന്ന് ഒന്നാം സ്ഥാനത്താണ്. ശതകോടീശ്വരന്മാരുടെ എണ്ണം, ആത്മഹത്യാനിരക്ക്, ജയിൽവാസം അനുഭവിക്കുന്നവരുടെ ജനസംഖ്യാനുപാതികമായ എണ്ണം, വ്യാജമരുന്നുകളുടെ വ്യാപനം എന്നിവയിലെല്ലാം രണ്ടാം സ്ഥാനം. ശിശുക്കളെ ഉപയോഗിച്ചുള്ള അശ്ലീലസിനിമയുടെയും മറ്റും പ്രചാരത്തിന്റെ കാര്യത്തിൽ മൂന്നാം സ്ഥാനം. വ്യഭിചാരവും പെൺവാണിഭവും ഭയാനകമായ തോതിൽ വളർന്നുകൊണ്ടിരിക്കുന്നു. കടുത്ത സാമ്പത്തിക പ്രശ്നങ്ങൾ, സാംസ്കാരികജീർണ്ണത, കുടുംബബന്ധങ്ങളുടെ തകർച്ച, വർദ്ധിച്ച വിവാഹമോചനനിരക്ക്, പുരുഷാധിപത്യത്തിന്റെ കാഠിന്യം, മദ്യാസക്തി, ലൈംഗിക മനോവൈകൃതം, ഇവയെയെല്ലാം രൂക്ഷമാക്കിത്തീർക്കാൻ സഹായിച്ചുകൊണ്ടിരിക്കുന്ന അങ്ങേയറ്റം അഴിമതി നിറഞ്ഞ ഗവണ്മെന്റ് എന്നിവ മൂലം ഏറ്റവും ഉയർന്ന നിരക്കിൽ വ്യഭിചാരം നടന്നുകൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ കൂട്ടത്തിൽ ഒന്നാം സ്ഥാനമാണ് റഷ്യയ്ക്കുള്ളത്. വ്യഭിചാരത്തിന് വേണ്ടി പ്രതിമാസം ഇരുന്നൂറിൽ കുറയാതെ നൈജീരിയൻ പെൺകുട്ടികളെ റഷ്യയിൽ വിറ്റുകൊണ്ടിരിക്കുന്നുവെന്ന വിവരം പുറത്തുവന്നത് കഷ്ടിച്ച് രണ്ട് മാസം മുമ്പാണ്. ഇന്ന് റഷ്യയിലെ പല നഗരങ്ങളിലെയും തെരുവുകൾ പലതരത്തിൽപ്പെടുന്ന യാചകരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഭിക്ഷാടനം ഒരു വൻ ബിസിനസ്സായിത്തീർന്നിരിക്കുന്നു. പണപ്പെരുപ്പം നിരന്തരം ഉയർന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വില നിരക്കുകൾ ഇരട്ടിയായാണ് ഉയർന്നത്. ഭീഷണമായ സ്ഥിതിവിശേഷമാണിത്. പുടിന്റെ റഷ്യയെ കാത്തിരിക്കുന്നത് കൂടുതൽ ഇരുണ്ട നാളുകളാണെന്നാണ് പരക്കെയുള്ള അഭിപ്രായം. ജനങ്ങളുടെ ക്രയശേഷി കുറഞ്ഞുകൊണ്ടിരിക്കുന്നതിനാൽ വിപണിയിൽ ഡിമാന്റ് കുറഞ്ഞുവരുന്നു. തന്മൂലം കുത്തകകൾ മൂലധന നിക്ഷേപം നടത്തുന്നത് മരവിപ്പിച്ചിരിക്കുന്നു. അതിനാൽ റഷ്യയിലെ വ്യാവസായികോൽപ്പാദനം അതിവേഗം ചുരുങ്ങിവരികയാണ്. റഷ്യൻ പട്ടണങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട ജനങ്ങൾ കൊടുംശൈത്യത്തിൽ പട്ടിണി സഹിക്കാനാവാതെ കലാപത്തിനിറങ്ങുന്നതായി റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു.

### സ്റ്റാലിന്റെ റഷ്യ - ഒരു വിഹഗവീക്ഷണം

ഇന്നത്തെ റഷ്യയെ സംബന്ധിച്ച ഈ സ്ഥിതിവിവരങ്ങളെ സ്റ്റാലിന്റെ കാലത്തെ പ്രസക്തമായ സ്ഥിതിവിവരങ്ങളുമായി ഒന്നു തട്ടിച്ചുനോക്കുക. 1933-ൽ റഷ്യയിൽ വ്യാവസായിക ഉൽപ്പാദനത്തിന്റെ അളവ് 1929 ലേതിന്റെ 206.1 ശതമാനം വർദ്ധിച്ചു. വെറും നാല് വർഷത്തിനുള്ളിലുണ്ടായ വർദ്ധനവ്! സാമ്രാജ്യത്വ വൻശക്തികളായ അമേരിക്കയുടെയും ബ്രിട്ടന്റെയും ജർമ്മനിയുടെയും കാര്യത്തിൽ ഇതേ കാലയളവിൽ വ്യാവസായികോൽപ്പാദനത്തിലുണ്ടായ വർദ്ധനവ് യഥാക്രമം 64.9, 86.1, 66.8 ശതമാനം വീതമായിരുന്നു. 1913 ആണ് അടിസ്ഥാനവർഷമായി എടുക്കുന്നതെങ്കിൽ 1933 -ൽ അത് സോവിയറ്റ് യൂണിയന്റെ കാര്യത്തിൽ 391.9 ശതമാനമായി കുതിച്ചുയർന്നുവെന്ന് കാണാം. അതേ കാലയളവിൽ അമേരിക്കയുടെയും ബ്രിട്ടന്റെയും ജർമ്മനിയുടെയും കാര്യത്തിൽ അത് യഥാക്രമം 110.2, 85.2, 75.4 ശതമാനം വീതമായിരുന്നു. വൻ സാമ്രാജ്യത്വ രാജ്യങ്ങളിൽ വ്യാവസായികോൽപ്പാദനം ശരാശരി 25 ശതമാനം കണ്ട് ക്ഷയിച്ചുവരിക

(ശേഷം പേജ് 10-ൽ)

# സ്റ്റാലിനെ ആക്രമിക്കുന്നവർ ചൂഷണവ്യവസ്ഥയുടെ സംരക്ഷകർ

(9-ാംപേജിൽ നിന്ന്)

യായിരുന്നപ്പോൾ, സ്റ്റാലിന്റെ നേതൃത്വത്തിൽ സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥയുടെ തത്വങ്ങൾ അനുവർത്തിച്ചുവന്ന സോവിയറ്റ് യൂണിയനിൽ അത് ഇരട്ടിയിലേറെയായി വർദ്ധിക്കുകയാണുണ്ടായത് എന്ന് സൂക്ഷ്മവിശകലനത്തിൽ കാണാൻ കഴിയും.

കാർഷികമേഖലയിലും സമാനമായ മുന്നേറ്റമാണുണ്ടായത്. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതത്തിൽ, ഭൗതികമായും സാംസ്കാരികമായും, ശ്രദ്ധേയമായ ഉയർച്ചയുണ്ടായി. അക്കാലത്ത് ആ രാജ്യം സന്ദർശിച്ച മഹാകവി രവീന്ദ്രനാഥ് ടാഗോറിനെപ്പോലുള്ള മഹാന്മാരും അന്നാ ലൂയിസ് സ്ട്രോങിനെപ്പോലുള്ള പത്രപ്രവർത്തകരും എല്ലാവരും സാക്ഷ്യപ്പെടുത്തിയിട്ടുള്ള വസ്തുതയാണിത്. അതിന്റെ പേരിൽ റൊമെയ്ൻ റൊളാങ്ങ്, ബർണാഡ് ഷാ, ഐൻസ്റ്റീൻ, ചാപ്ലിൻ തുടങ്ങിയ അനവധി പ്രഗത്ഭമതികൾ സോവിയറ്റ് സോഷ്യലിസത്തെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. അന്ന് വിലകൾ സ്ഥിരമായി കുറഞ്ഞുവരികയായിരുന്നു. ഭക്ഷണവും യാത്രയും മിക്കവാറും സൗജന്യമായിരുന്നു. തൊഴിലില്ലായ്മയെന്നത് കേട്ടുകേഴ്‌വിയില്ലാത്ത വാക്കായി. വേതനം സ്ഥിരമായി ഉയർന്നുകൊണ്ടിരുന്നു. കരയിലുള്ള വ്യവസായങ്ങളിലെല്ലാം തൊഴിൽസമയം ഏഴ് മണിക്കൂറായി കുറച്ചു. ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ളതായി പറയപ്പെടുന്ന ശത്രുതാപരമായ വൈരുദ്ധ്യം അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരുന്നു. ചൂഷകരായ മദ്ധ്യവർത്തികൾ അപ്രത്യക്ഷരായി. ഭിക്ഷാടനവും വേശ്യാവൃത്തിയും നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. ശാസ്ത്രീയവും മതേതരവുമായ വിദ്യാഭ്യാസം പ്രത്യക്ഷത്തിൽത്തന്നെ സാർവത്രികമായിത്തീർന്നു. സ്റ്റാലിന്റെ നേതൃത്വത്തിൻ കീഴിലുണ്ടായിരുന്ന സോഷ്യലിസ്റ്റ് റഷ്യയുടെ ചിത്രം ഇതായിരുന്നു. സ്റ്റാലിനും സോഷ്യലിസത്തിനുമെതിരെ അപവാദപ്രചാരണം നടത്തുന്നവർ പറയുന്നത്, റഷ്യയെ സംബന്ധിച്ചിടത്തോളം സ്റ്റാലിന്റെ കാലം 'ഇരുളടഞ്ഞതും അസ്വസ്ഥതയും അവ്യവസ്ഥയും നിറഞ്ഞതും' ആയിരുന്നുവെന്നും, പുടിന്റെ റഷ്യ 'ഊർജ്ജസ്വലമായ പുരോഗതിയുടെയും വളർച്ചയുടെയും' ചിത്രം കാഴ്ച വയ്ക്കുന്നുവെന്നുമാണ്. ഈ വാദം ശരിയോ തെറ്റോ എന്ന് ജനങ്ങൾ വിലയിരുത്തട്ടെ.

സോഷ്യലിസത്തിന്റെ പതനത്തോടെ തങ്ങൾക്കുണ്ടായ നഷ്ടമെന്തെന്ന് റഷ്യയിലെയും മുൻ സോവിയറ്റ് യൂണിയന്റെ ഭാഗമായിരുന്ന ഇതര രാജ്യങ്ങളിലെയും ജനങ്ങൾക്ക് സ്വന്തം അനുഭവത്തിലൂടെ ബോദ്ധ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനാൽ സോഷ്യലിസത്തോടുള്ള ആഭിമുഖ്യം അവരിൽ വീണ്ടും വളർന്നുവരികയാണ്. ലെനിനെയും സ്റ്റാലിനെയും വീണ്ടും അവർ തുറന്ന് ശ്ലാഘിക്കുകയും ആദരിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. സ്റ്റാലിനോടുള്ള ഈ വർദ്ധിച്ചുവരുന്ന സ്നേഹാദരങ്ങൾ പരസ്യമായി പ്രകടിപ്പിക്കുന്നതിനെ ബലാൽക്കാരം തടഞ്ഞാൽ അത് ചിലപ്പോൾ വിപരീതഫലമുളവാക്കിയേക്കുമെന്ന ആശങ്ക റഷ്യൻ ഭരണാധികാരികൾക്കുണ്ട്. അതിനാൽ അവർ കൗശലപൂർവ്വമായ ഒരു തന്ത്രം സ്വീകരിച്ചിരിക്കുന്നു. സ്റ്റാലിനെ അവർ പരസ്യമായി എതിർക്കുകയില്ല; എന്നാൽ അദ്ദേഹത്തിനെതിരെ കെട്ടിച്ചമച്ച കഥകളും ദുരാരോപണങ്ങളും പ്രചരിപ്പിക്കുന്നതിന് കൂടുതൽ പ്രോത്സാഹനം നൽകിക്കൊണ്ട് സ്റ്റാലിനെ തേജോവധം ചെയ്ത് ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കും – ഇതാണ് തന്ത്രം. "എന്തെല്ലാം പാതകങ്ങളും തെറ്റുകളും ചെയ്തിട്ടുണ്ടെങ്കിലും ശരി, അവഗണിക്കാനാവാത്ത ചില നല്ല കാര്യങ്ങളും സ്റ്റാലിൻ ചെയ്തിട്ടുണ്ട്"- ഇതാണവരുടെ ഭാഷ. സ്റ്റാലിന്റെ ചുരുക്കം നന്മകൾ അദ്ദേഹത്തിന്റെ തിന്മകളുമായി തട്ടിച്ചുനോക്കുമ്പോൾ നിസ്സാരമാണ് എന്ന തോന്നൽ സൃഷ്ടിക്കാനാണ് ശ്രമം. സ്റ്റാലിനെ അപകീർത്തിപ്പെടുത്താനും ഇടിച്ചുതാഴ്ത്താനുമുള്ള ഏറ്റവും പുതിയ ബൂർഷ്വാ കുതന്ത്രമാണിത്.

**സ്റ്റാലിനെ തേജോവധം ചെയ്യുന്നവരുടെ യഥാർത്ഥ ഉന്നമെന്ത്?**

സ്റ്റാലിനെ അപകീർത്തിപ്പെടുത്താൻ നടക്കുന്ന കൊണ്ടുപിടിച്ച ശ്രമങ്ങളുടെ യഥാർത്ഥ ഉന്നം കമ്മ്യൂണിസ്റ്റ് മുന്നേറ്റത്തെ തടയുക എന്നതാണ്. എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും സമുന്നത മാർക്സിസ്റ്റ് ദാർശനികനുമായ **സഖാവ് ശിബ്ദാസ് ഘോഷ്**, അറുപതുകളുടെ ആദ്യം ക്രൂഷ്ചേവിന്റെ നേതൃത്വത്തിലുള്ള ആധുനിക തിരുത്തൽവാദികൾ സ്റ്റാലിനെതിരായ അപവാദപ്രചാരണം ആരംഭിച്ച വേളയിൽത്തന്നെ അത് ചൂണ്ടിക്കാട്ടിയിരുന്നു. *സ്റ്റാലിനെതിരെ സി.പി.എസ്.യു കൈക്കൊണ്ട നടപടികളെപ്പറ്റി* എന്ന കൃതിയിൽ അദ്ദേഹം ചൂണ്ടിക്കാട്ടി: "സ്റ്റാലിൻ, ട്രോട്സ്കിയുടെയും ബുഖാറിന്റെയും ആശയഗതികൾക്കെതിരെ സമരം ചെയ്തുകൊണ്ട് മാർക്സിസം-ലെനിനിസത്തെ വളച്ചൊടിക്കലിൽ നിന്നും രക്ഷിച്ചു. മുതലാളിത്തത്തിന്റെ പൊതുക്കുഴപ്പത്തിന്റെയും ലോകമുതലാളിത്തത്തിന്റെ വീണ്ടുമുള്ള ശിഥിലീകരണത്തിന്റെയും കാലഘട്ടത്തിലെ ചരിത്രപരമായ അനുഭവങ്ങളെ ക്രോഡീകരിച്ചുകൊണ്ട് മാർക്സിസം-ലെനിനിസത്തെ സമ്പന്നമാക്കി. വിശേഷിച്ച്, ലെനിനിസത്തിന്റെ പ്രശ്നങ്ങളെപ്പറ്റിയും, ദേശീയപ്രശ്നത്തെ സംബന്ധിച്ചും, ഭാഷാശാസ്ത്രത്തിലും, സോവിയറ്റ് യൂണിയനിലെ സാമ്പത്തിക പ്രശ്നങ്ങളെ സംബന്ധിച്ചുമുള്ള അദ്ദേഹത്തിന്റെ കൃതികളും, വിപ്ലവ സൈനികശാസ്ത്രത്തിന് അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകളും വിപ്ലവശാസ്ത്രത്തിലെ അമൂല്യ നിധികളാണ്. ഒരു മഹാനായ കമ്മ്യൂണിസ്റ്റ് നേതാവെന്ന നിലയിൽ സ്റ്റാലിനുള്ള നേതൃത്വപരമായ പങ്കിനെ കുറച്ചുകാണിക്കുക എന്നാൽ — അദ്ദേഹത്തിന്റെ കൃതികൾ പ്രസിദ്ധീകരിക്കാൻ വിസമ്മതിക്കുന്നതിലൂടെ സി.പി.എസ്.യുവിന്റെ ഇന്നത്തെ നേതാക്കൾ യഥാർത്ഥത്തിൽ അതാണ് ചെയ്യുന്നത് – അതിനർത്ഥം അദ്ദേഹത്തിന്റെ മൂല്യങ്ങൾക്ക് അർഹമായ അംഗീകാരം നിഷേധിക്കുക എന്നാണ്. *യഥാർത്ഥത്തിൽ, സോഷ്യൽഡെമോക്രസിയിൽ നിന്നും ട്രോട്സ്കിയിസത്തിൽ നിന്നും വ്യത്യസ്തമായ, ലെനിനിസത്തെപ്പറ്റിയുള്ള ഇന്നത്തെ ധാരണയ്ക്ക് നാം സ്റ്റാലിനോട് കടപ്പെട്ടിരിക്കുന്നു.* ലെനിനിസത്തെപ്പറ്റിയുള്ള ധാരണയിൽ ട്രോട്സ്കിക്ക് സ്റ്റാലിനുമായി അടിസ്ഥാനപരമായ വിയോജിപ്പുകൾ ഉണ്ടായിരുന്നുവെങ്കിൽപ്പോലും ട്രോട്സ്കി സ്വയം ഒരു ലെനിനിസ്റ്റ് എന്നാണ് അവകാശപ്പെട്ടിരുന്നത്. ട്രോട്സ്കിയുടെ അനുയായികളും സ്വയം ലെനിനിസ്റ്റുകളെന്നവകാശപ്പെടുന്നു. അവർ ലെനിനെ ഒരു പ്രാമാണികനായി അംഗീകരിക്കുന്നു. അവർക്ക് വിയോജിപ്പുള്ളത് ലെനിനിസത്തിന് സ്റ്റാലിൻ നൽകിയ വ്യാഖ്യാനത്തോടാണ്. സോഷ്യൽഡെമോക്രാറ്റുകളെയും ട്രോട്സ്കിയെറ്റുകളെയും കമ്മ്യൂണിസ്റ്റുകളായി കണക്കാക്കാത്തത്, സ്റ്റാലിൻ വ്യാഖ്യാനിച്ച അർത്ഥത്തിൽ മാർക്സിസം-ലെനിനിസത്തെപ്പറ്റിയുള്ള ധാരണ അംഗീകരിക്കാൻ അവർ തയ്യാറാകുന്നില്ല എന്നതുകൊണ്ടാണ്. *ലെനിനിസത്തെപ്പറ്റിയുള്ള സ്റ്റാലിന്റെ ധാരണയാണ് മാർക്സിസം-ലെനിനിസത്തെപ്പറ്റിയുള്ള ശരിയായ ധാരണ. ഈ ധാരണയാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ അതിന്റെ പിന്നീടങ്ങോട്ടുള്ള ഔന്നത്യത്തിലെത്തിച്ചത്.* പുതിയ പ്രശ്നങ്ങളുടെയും സംഭവ വികാസങ്ങളുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ, തീർച്ചയായും അത് വീണ്ടും സമ്പന്നമാക്കപ്പെടും. പക്ഷെ, അപ്പോഴും മാർക്സിസം-ലെനിനിസത്തെപ്പറ്റിയുള്ള അടിസ്ഥാന ധാരണ സ്റ്റാലിൻ സ്ഥാപിച്ചതുപോലെ നിലനിൽക്കുകയും, വീണ്ടുമുള്ള വളർച്ചയിലും പുരോഗതിയിലും കമ്മ്യൂണിസ്റ്റുകൾക്ക് മാർഗ്ഗദർശകമായിരിക്കുകയും ചെയ്യും. യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ മുൻഗാമികളായ മാർക്സിനെയും എംഗൽസിനെയും ലെനിനെയും പോലെ സ്റ്റാലിനും മാർക്സിസം-ലെനിനിസത്തിലെ ഒരു പ്രാമാണികനാണ്. സ്റ്റാലിനെ തുടച്ചുനീക്കുകയാണെങ്കിൽ, അതിന്റെ അനിവാര്യ ഭവിഷ്യത്ത് സ്റ്റാലിന്റെ ആധികാരികതയെ തള്ളിപ്പറയുക എന്നതായിരിക്കും. തൽഫലമായി, ലെനിനിസത്തിന് അദ്ദേഹം നൽകിയിട്ടുള്ള വ്യാഖ്യാനം — അതാണ് മാർക്സിസം-ലെനിനിസത്തെപ്പറ്റിയുള്ള ഇന്നത്തെ ശരിയായ ധാരണ — നിരാകരിക്കപ്പെടും. മാർക്സിസം-ലെനിനിസത്തിന്റെ വിപ്ലവകരമായ അന്തഃസത്ത കാത്തുപുലർത്താനായി ട്രോട്സ്കിയെറ്റുകൾക്കും ബുഖാറിനൈറ്റുകൾക്കുമെതിരെ സ്റ്റാലിൻ നടത്തിയ വിട്ടുവീഴ്ചയില്ലാത്ത സമരത്തിന്റെ അദ്ധ്യായം വരും തലമുറയെ സംബന്ധിച്ചിടത്തോളം തമസ്കരിക്കപ്പെടും. പ്രത്യയശാസ്ത്രപരമായി ഉരുക്കുപോലുറച്ച ദാർഢ്യം നേടാനുള്ള അവസരവും അതിലൂടെ അവർക്ക് നിഷേധിക്കപ്പെടും. ഇത് എല്ലാത്തരം പ്രതിവിപ്ലവാശയങ്ങൾക്കും മാർക്സിസം-ലെനിനിസമെന്ന പേരിൽ സ്ഥാനം പിടിക്കാൻ അവസരം നൽകുകയും, അതുവഴി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രത്യയശാസ്ത്രാടിത്തറയ്ക്ക് തിരിച്ചടിയേൽപ്പിക്കുകയും ചെയ്യും. ചുരുക്കത്തിൽ *അത് വസ്തുനിഷ്ഠമായി, ലെനിനെത്തന്നെ നിഷ്കാസിതനാക്കും.*" സഖാവ് ശിബ്ദാസ് ഘോഷ് നൽകിയ ഈ അമൂല്യമായ മുന്നറിയിപ്പിനെ അക്ഷരംപ്രതി ശരിവയ്ക്കുന്നവയാണ് പിന്നീടുണ്ടായ സംഭവവികാസങ്ങൾ. തൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെയും ലോകസമാധാനത്തിന്റെയും നെടുങ്കോട്ടയായിരുന്ന സോവിയറ്റ് യൂണിയന്റെയും സോഷ്യലിസ്റ്റ് ചേരിയുടെയും തകർച്ചയിലേയ്ക്ക് നയിച്ച ദുഃഖകരമായ സംഭവവികാസങ്ങൾ.

എന്നാൽ, സാമൂഹ്യവികാസത്തെ സംബന്ധിച്ചിടത്തോളം മുതലാളിത്തം അവസാനവാക്കല്ല എന്ന് നമുക്കറിയാം. മുതലാളിത്തപുനഃസ്ഥാപനം നടന്ന മുൻ സോവിയറ്റ് യൂണിയനും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളും ചൈനയുമുൾപ്പെടെയുള്ള മുതലാളിത്ത ലോകമപ്പാടെ ഇന്ന് പ്രതിസന്ധിയുടെ നടുക്കയത്തിലാണ്. സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവും സാംസ്കാരികവുമായ സർവ്വമണ്ഡലങ്ങളെയും വിഴുങ്ങുന്ന പ്രതിസന്ധി. അനുദിനം, അനുനിമിഷം ആഴമേറിവരുന്ന ഈ പ്രതിസന്ധിയിൽ നിന്ന് കരകയറാൻ ഇന്ന് ഒരൊറ്റ മാർഗ്ഗമേയുള്ളു. ലെനിനും സ്റ്റാലിനും പ്രാവർത്തികമാക്കിക്കാട്ടിയ ശാസ്ത്രീയ സോഷ്യലിസത്തിന്റെ മാർഗ്ഗം. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ കൂടുതൽ കൂടുതൽ വിഭാഗങ്ങൾക്ക് നാൾചെല്ലുന്തോറും അത് ബോദ്ധ്യപ്പെട്ടുവരികയുമാണ്. സംസ്കൃതിയുടെ ശത്രുക്കളായ മുതലാളിത്ത സാമ്രാജ്യത്വ ഫാസിസ്റ്റ് ശക്തികളും അത് കാണുന്നുണ്ട്. സ്റ്റാലിനെതിരായ ദുഷ്പ്രചാരണങ്ങൾക്ക് അവർ ആക്കം വർദ്ധിപ്പിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. ഈ കുപ്രചാരണങ്ങളുടെ പിന്നിലുള്ള യഥാർത്ഥ ഉന്നം തൊഴിലാളിവർഗ്ഗത്തിനും മറ്റ് അദ്ധ്വാനിക്കുന്ന ജനങ്ങൾക്കും മനസ്സിലാക്കിക്കൊടുത്തുകൊണ്ട് അവരെ മാർക്സിസം-ലെനിനിസത്തിന്റെ ശരിയായ വിപ്ലവപാതയിലേയ്ക്ക് ആനയിക്കുകയെന്നതാണ് അതിനാൽ ഇന്ന് കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളുടെ കർത്തവ്യം. ●

# തെരഞ്ഞെടുപ്പ്: കേന്ദ്രകമ്മിറ്റിയുടെ പ്രസ്താവന

(8-ാം പേജിൽ നിന്ന്)

സാഹചര്യത്തിൽ ജനങ്ങളുടെ ഏകപ്രതീക്ഷ, ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ദാർശനികൻ സഖാവ് ശിബ്ദാസ് ഘോഷ് രൂപം നൽകിയ ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവപ്രസ്ഥാനമായ സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) മാത്രമാണ്. രൂപം കൊണ്ട നാൾ മുതൽ മാർക്സിസം – ലെനിനിസം ശിബ്ദാസ്ഘോഷ് ചിന്തയാൽ സായുധമായ ഈ പാർട്ടി, ഇന്ത്യയെമ്പാടും ജനദ്രോഹനയങ്ങൾക്കും മുതലാളിത്ത ചൂഷണത്തിനും സാമ്രാജ്യത്വ പദ്ധതികൾക്കുമെതിരെ തൊഴിലാളിവർഗ്ഗ സമരങ്ങളും ജനാധിപത്യ പ്രക്ഷോഭങ്ങളും വളർത്തിയെടുക്കുകയാണ്.

മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെയല്ലാതെ മുതലാളിത്തം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്കൊന്നും ശാശ്വത പരിഹാരമില്ല എന്ന് നമ്മുടെ പാർട്ടി ഉറച്ചു വിശ്വസിക്കുന്നു. പ്രത്യയശാസ്ത്രപരമായും രാഷ്ട്രീയപരമായും സംഘടനാപരമായും സാംസ്കാരികമായും അത്തരമൊരു വിപ്ലവസന്നദ്ധത കൈവരിക്കുന്നതിനായി ഉന്നതമായ സംസ്ക്കാരത്തിലും നൈതിക-സദാചാര ധാരണകളിലും അടിയുറച്ച തൊഴിലാളിവർഗ്ഗ സമരങ്ങളും ജനാധിപത്യ പ്രക്ഷോഭങ്ങളും കെട്ടിപ്പടുക്കേണ്ടതുണ്ട്. ജനാധിപത്യ- മതേതര സമരങ്ങൾ വളർത്തിയെടുക്കാൻ എല്ലാ ശ്രദ്ധയും ചെലുത്തുമ്പോൾത്തന്നെ പുതിയ തലമുറയെ പ്രചോദിപ്പിക്കുന്നതിനായി മഹാന്മാരായ നവോത്ഥാന നായകരെയും സ്വാതന്ത്ര്യസമരത്തിലെ വിപ്ലവകാരികളെയും അനുസ്മരിച്ചുകൊണ്ടുള്ള ദിനാചരണങ്ങളും സംഘടിപ്പിക്കുന്നു.

തൊഴിലാളിവർഗ്ഗവും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളും പാർലമെന്ററി വ്യാമോഹങ്ങളിൽ നിന്ന് മുക്തരായി വിപ്ലവത്തിന് സന്നദ്ധരാകുന്നതുവരെ, തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കേണ്ടതുണ്ടെന്ന് നമ്മുടെ പാർട്ടി വിശ്വസിക്കുന്നു. ജനങ്ങളിലുള്ള പാർലമെന്ററി വ്യാമോഹം ദൂരീകരിക്കുകയും ബൂർഷ്വാ പാർട്ടികളെയും കപട കമ്മ്യൂണിസ്റ്റുകളെയും രാഷ്ട്രീയമായി തുറന്നു കാണിക്കുകയും അതുവഴി ജനങ്ങളുടെ രാഷ്ട്രീയ ബോധനിലവാരമുയർത്തുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ജനങ്ങളുടെ പ്രതിഷേധ ശബ്ദം പാർലമെന്ററി വേദികളിൽ ഉയർത്താനും പാർലമെന്റിലെ സമരങ്ങളെ പാർലമെന്റേതര സമരങ്ങളുമായി ഉദ്ഗ്രഥിക്കാനും അവയെ ശക്തിപ്പെടുത്താനുംകൂടി സഹായകമാകും എന്നതും തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ കാരണമാകുന്നു.

ഈ തെരഞ്ഞെടുപ്പുവേദിയിൽ പല പാർട്ടികളും രംഗത്തുണ്ടെങ്കിലും യഥാർത്ഥത്തിൽ രണ്ട് രാഷ്ട്രീയം തമ്മിലും രണ്ട് ശക്തികൾ തമ്മിലുമാണ് പോരാട്ടം. കോൺഗ്രസ്സ്, ബിജെപി, പ്രാദേശിക പാർട്ടികൾ ഇവരൊക്കെ ബൂർഷ്വാ പാർട്ടികളാണ്. സിപിഐ(എം), സിപിഐ തുടങ്ങിയ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികൾ ഈ ബൂർഷ്വാ പാർട്ടികളുടെ ചുവടുപിടിച്ചാണ് നീങ്ങുന്നത്. മറുവശത്ത്, വിശാലമായ ചൂഷിതജനവിഭാഗങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ട് എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയും നിലയുറപ്പിച്ചിരിക്കുന്നു. മുതലാളിത്ത വ്യവസ്ഥയെ സേവിക്കാനും സംരക്ഷിക്കാനുമാണ് ആദ്യത്തെ കൂട്ടർ ശ്രമിക്കുന്നത്. നമ്മളാകട്ടെ, ഗ്രാമങ്ങളിലും നഗരങ്ങളിലും കൃഷിയിടങ്ങളിലും ഫാക്ടറികളിലുമൊക്കെ ജനങ്ങളുടെ സമരക്കമ്മിറ്റികൾക്ക് രൂപം കൊടുത്തു കൊണ്ട് ജനങ്ങളുടെ യഥാർത്ഥ രാഷ്ട്രീയാധികാരം സൃഷ്ടിച്ചെടുക്കാനും ഒരു നാൾ അവർക്ക് സ്വന്തം ഭാഗധേയം സ്വയം നിർണ്ണയിക്കാൻ കഴിയുന്ന അവസ്ഥ സൃഷ്ടിച്ചെടുക്കാനും വേണ്ടി പരിശ്രമിക്കുന്നു.

ജനജീവിതത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായക പ്രാധാന്യമുള്ള ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ, മുതലാളിത്തചൂഷണം തുടരാൻ അനുവദിക്കണോ അതോ വിമോചനപ്പോരാട്ടത്തെ ശക്തിപ്പെടുത്തണോ എന്ന വിഷയം മുൻ നിർത്തിയാണ് ജനങ്ങൾ നിലപാടെടുക്കേണ്ടത്. ●

*Date of Posting9 th & 10 thof every month at RMS, Trivandrum.*
*Date of publishing March 1st, 2014.*
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

# UNITY
MALAYALAM MONTHLY

Vol 40 No.12
Price : Rs 5.00
March 2014

# കെ.എസ്.ഇ.ബി. തൊഴിലാളികളുടെ വൈദ്യുതിഭവൻ മാർച്ച്






*കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയന്റെയും പെറ്റി കോൺട്രാക്ടേഴ്സ് ആന്റ് കോൺട്രാക്ട് ലൈൻ വർക്കേഴ്സ് യൂണിയന്റെയും സംയുക്താഭിമുഖ്യത്തിൽ കെഎസ്ഇബി ആസ്ഥാനമായ പട്ടം വൈദ്യുതി ഭവനിലേക്ക് നടന്ന മാർച്ച് സഖാവ് പെരുങ്ങുഴി എം. തങ്കപ്പൻ ഉദ്ഘാടനം ചെയ്യുന്നു. സഖാക്കൾ സമർകുമാർ സിൻഹ, വി.കെ.സദാനന്ദൻ, എസ്.സീതിലാൽ, ഡി.സുന്ദരേശൻ എന്നിവർ മുൻ നിരയിൽ.*

**സം**സ്ഥാനവൈദ്യുതി ബോർഡിനെ കമ്പനിയാക്കുന്നത് 2003 വൈദ്യുതി നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്നും ഇത് സ്വകാര്യവൽക്കരണത്തിന് മുന്നോടിയായുള്ള നടപടിയാണെന്നും പ്രമുഖ ട്രേഡ് യൂണിയൻ നേതാവ് സഖാവ് പെരുങ്ങുഴി എം.തങ്കപ്പൻ അഭിപ്രായപ്പെട്ടു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയന്റെയും പെറ്റി കോൺട്രാക്ടേഴ്സ് ആന്റ് കോൺട്രാക്ട് ലൈൻ വർക്കേഴ്സ് യൂണിയന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന കെഎസ്ഇബി ആസ്ഥാനമായ പട്ടം വൈദ്യുതി ഭവൻ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ദേശീയ തലത്തിൽ പ്രമുഖ ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിലുള്ള ഫെഡറേഷനുകൾ സ്വകാര്യവൽക്കരണത്തിനും തൊഴിലാളിവിരുദ്ധനയങ്ങൾക്കുമെതിരെ വീറുറ്റപ്രക്ഷോഭങ്ങൾ വളർത്തിയെടുക്കാൻ തയ്യാറാവുന്നില്ലെന്നുമാത്രമല്ല, വഞ്ചനാപരമായ നിലപാടാണ് കൈക്കൊള്ളുന്നതെന്നും മുഖ്യപ്രസംഗം നടത്തിയ ഓൾ ഇന്ത്യാ പവർമെൻസ് ഫെഡറേഷൻ ജനറൽ സെക്രട്ടറി സഖാവ് സമർകുമാർ സിൻഹ പ്രസ്താവിച്ചു. പശ്ചിമബംഗാളിൽ വൈദ്യുതി ജീവനക്കാർക്ക് പെൻഷനില്ലാതാക്കിയ മുൻ ഇടതുമുന്നണി സർക്കാരിനെതിരെ ശക്തമായ പ്രക്ഷോഭം വളർത്തിയെടുക്കാൻ തയ്യാറാവാതിരുന്നത് ഇതിന് തെളിവാണെന്നും അദ്ദേഹം പറഞ്ഞു. കെഎസ്ഇബി സ്വകാര്യവൽക്കരണത്തിന് മുന്നോടിയായുള്ള കമ്പനിവൽക്കരണം ഉപേക്ഷിക്കുക, ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ അട്ടിമറിക്കാനുള്ള നീക്കം ഉപേക്ഷിക്കുക, സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായം നിലനിർത്തുക, കമ്പനിവൽക്കരണത്തിന്റെ ഭാഗമായി കരാർത്തൊഴിലാളികളുടെ തൊഴിൽ നിഷേധിക്കുന്നത് അവസാനിപ്പിക്കുക, പിഎസ്സി മസ്ദൂർ നിയമനത്തിന് 25% കരാർത്തൊഴിലാളികൾക്കായി മാറ്റിവയ്ക്കുക, കരാർത്തൊഴിലാളികൾക്ക് ആശ്രിത നിയമനവും ചികിത്സാ സഹായവും അനുവദിക്കുക, 1995-ലെ എഗ്രിമെന്റ് വ്യവസ്ഥകൾ പൂർണ്ണമായി നടപ്പിലാക്കുക, അഡീഷണൽ ലേബർ കമ്മീഷണർ തയ്യാറാക്കിയ ഫൈനൽ ലിസ്റ്റിലുള്ള കരാർത്തൊഴിലാളികൾക്ക് ഉടൻ നിയമനം നൽകുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് നടന്ന വമ്പിച്ച മാർച്ചിൽ സ്ഥിരം ജീവനക്കാരും കരാർത്തൊഴിലാളികളും അണിനിരന്നു. ഇരുയൂണിയനുകളുടെയും സംസ്ഥാന ജോയിന്റ് സെക്രട്ടറി സഖാവ് എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന നേതാക്കളായ സഖാക്കൾ ഡി.സുന്ദരേശൻ, വി.കെ.സദാനന്ദൻ, കെ.കെ. സുരേന്ദ്രൻ, അബ്ദുൾ അസീസ്, കെ.എ.ജോൺ, പി.എം.ദിനേശൻ എന്നിവർ പ്രസംഗിച്ചു. എ.വി. ബെന്നി, റ്റി.ബി.അനിൽകുമാർ, കെ. എസ്.കുട്ടപ്പൻ, പി.ബാലകൃഷ്ണൻ നായർ, എം.ബിനു, വി.റ്റി.ശശി, പി. നന്ദകുമാർ, ആന്റണി ലീനസ്, ഡി. തങ്കൻ, കെ.കെ.മോഹനൻ, പി.കെ. സജി, സി.എൻ. പ്രഭഞ്ജനൻ, വി. പി.കൊച്ചുമോൻ, ബി.വിനോദ്, ഡി. ഹരികൃഷ്ണൻ തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി. ●

## റെയിൽവെയെ പൊതു – സ്വകാര്യ പങ്കാളിത്തത്തോടെയും വിദേശ പ്രത്യക്ഷ നിക്ഷേപത്തിലൂടെയും സ്വകാര്യവൽക്കരിക്കാനുള്ള ഹീനപദ്ധതിയായ റെയിൽ താരിഫ് അതോറിറ്റി രൂപീകരണത്തെ എസ്.യു.സി.ഐ(സി) അതിശക്തമായി എതിർക്കുന്നു.

*എസ്.യു.സി.ഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് 2014 ഫെബ്രുവരി 13-ന് താഴെപ്പറയുന്ന പ്രസ്താവന പുറപ്പെടുവിച്ചു.*

നിശ്ചിതമായ ഇടവേളകളിൽ യാത്രക്കൂലി-ചരക്കുകൂലി ഘടന പരിശോധിക്കുവാനും നിർണ്ണയിക്കുവാനുമുള്ള സവിശേഷാധികാരത്തോടുകൂടിയ സ്വതന്ത്ര ഏജൻസിയായ റെയിൽ താരിഫ് അതോറിറ്റി രൂപീകരിക്കാനുള്ള കേന്ദ്ര റെയിൽവെ മന്ത്രിയുടെ അങ്ങേയറ്റം ജനവിരുദ്ധമായ തീരുമാനത്തിൽ എസ്.യു.സി.ഐ(സി) അതിശക്തമായി പ്രതിഷേധിക്കുന്നു. ഇത്തരത്തിൽ അങ്ങേയറ്റം ജനാധിപത്യവിരുദ്ധമായ ഒരു സമിതിയുടെ രൂപീകരത്തിലൂടെ നാളിതുവരെ 'തിരശ്ശീലയ്ക്കുപിന്നിൽ' നടന്നിരുന്ന റെയിൽവെ നിരക്ക് നിർണ്ണയത്തിന് അന്ത്യം കുറിക്കപ്പെടുമെന്ന റയിൽവെ മന്ത്രിയുടെ അവകാശവാദം തീർത്തും കാപട്യമാണ്. ജീവൽപ്രധാനമായ ഈ പൊതുക്ഷേമ രംഗത്തെ പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെയും വിദേശ പ്രത്യക്ഷ നിക്ഷേപത്തിലൂടെയും ക്രമേണ സ്വകാര്യവൽക്കരിക്കാനുള്ള ദുഷ്ട നീക്കത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ടിരിക്കുന്ന ഈ റെയിൽ താരിഫ് അതോറിറ്റി, ഏകപക്ഷീയവും സ്വേച്ഛാപരവുമായ രീതിയിൽ റെയിൽവെ യാത്രക്കൂലിയും കടത്തുകൂലിയും അടിക്കടി വർദ്ധിപ്പിക്കും. അങ്ങനെ വിലക്കയറ്റത്തിലും ജീവിതദുരിതത്തിലും നട്ടംതിരിയുന്ന സാധാരണക്കാരന്റെ തലയ്ക്കുമേൽ വ്യാജവും ജനദ്രോഹകരവുമായ ഒരു സംവിധാനത്തെ അടിച്ചേൽപ്പിച്ചിരിക്കുകയുമാണ്. യഥാർത്ഥത്തിൽ കഴിഞ്ഞവർഷത്തെ റെയിൽവെ ബജറ്റിൽത്തന്നെ ഇത്തരമൊരു അതോറിറ്റിയുടെ രൂപീകരണത്തെക്കുറിച്ച് സർക്കാർ പ്രഖ്യാപനം നടത്തിയിരുന്നു. ദേശവ്യാപകമായ എതിർപ്പിനെയും രോഷത്തെയും അവഗണിച്ചുകൊണ്ടാണ് സർക്കാർ ഇന്നിപ്പോൾ ഈ സമിതി രൂപീകരിക്കാൻ മുതിർന്നിരിക്കുന്നത്. ആവശ്യകതയെ അടിസ്ഥാനമാക്കി റെയിൽവെ നിരക്ക് നിശ്ചയിക്കുവാനുള്ള ഗൂഢപദ്ധതിയെ ഞങ്ങൾ എതിർക്കുന്നു. ഇത് റെയിൽവെ നിരക്ക് ഫലത്തിൽ കുത്തനെ വർദ്ധിപ്പിക്കുന്നതിന് ഇടയാക്കും. ഇന്നിപ്പോൾ ചുരുക്കം ചില സ്പെഷ്യൽ ട്രയിനുകളിൽമാത്രമാണ് ഈ നിരക്ക് ഘടന പ്രാവർത്തികമാക്കിയിട്ടുള്ളുവെങ്കിലും ഇത് എല്ലാ ട്രെയിനുകൾക്കും ബാധകമാക്കാനുള്ള എല്ലാ സാധ്യതയും നിലനിൽക്കുന്നു. റെയിൽവെയുടെ ഇടക്കാല വോട്ട്-ഓൺ അക്കൗണ്ട് ബജറ്റിലൂടെ എല്ലാ ജനാധിപത്യതത്ത്വങ്ങളെയും ഭരണഘടനാപരമായ വ്യവസ്ഥകളെയും നഗ്നമായി ലംഘിച്ചുകൊണ്ട് ഈ തീരുമാനം അടിച്ചേൽപ്പിച്ച കോൺഗ്രസ്സ് നേതൃത്വം കൊടുക്കുന്ന യു.പി.എ സർക്കാരിന്റെ ഹീനമായ രീതിയെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു. അങ്ങേയറ്റം വിവാദപരമായ ഈ സംവിധാനം രൂപവൽക്കരിക്കാനുള്ള തീരുമാനം ഉടനടി പിൻവലിക്കുവാനും, റെയിൽവെയെ സ്വകാര്യൽക്കരിക്കാനുള്ള നിർലജ്ജമായ നീക്കം ഉപേക്ഷിക്കുവാനും, ആവശ്യകത അടിസ്ഥാനമാക്കി റെയിൽവെ യാത്രക്കൂലി നിശ്ചയിക്കുവാനും അങ്ങനെ പിൻവാതിലിലൂടെ റെയിൽവെ ചാർജ്ജ് വർദ്ധിപ്പിക്കാനുമുള്ള നീക്കത്തിൽനിന്ന് പിന്തിരിയുവാനും സർക്കാരിനോട് ഞങ്ങൾ ആവശ്യപ്പെടുന്നു. ജനദ്രോഹകരമായ തീരുമാനത്തിൽനിന്നും സർക്കാരിനെ പിന്തിരിപ്പിക്കുവാൻ നിർബന്ധിതമാക്കുന്ന തരത്തിൽ സംഘടിതമായ പ്രക്ഷോഭം രാജ്യവ്യാപകമായി വളർത്തിയെടുക്കുവാൻ ജനങ്ങളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ●

# പ്രൈവറ്റ് രജിസ്ട്രേഷൻ നിലനിർത്തുക: പാരലൽ വിദ്യാഭ്യാസ സംരക്ഷണ സംഗമം

**പ്രൈ**വറ്റ് രജിസ്ട്രേഷൻ നിർത്തലാക്കിക്കൊണ്ട് ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ ആരംഭിക്കുവാനുള്ള കേരളാ സർവ്വകലാശാലയുടെ നീക്കത്തിനെതിരെ പാരലൽ വിദ്യാഭ്യാസ സംരക്ഷണ സമിതി ഫെബ്രുവരി 20 ന് പാരലൽ വിദ്യാഭ്യാസ സംരക്ഷണ സംഗമം സംഘടിപ്പിച്ചു. യൂണിവേഴ്സിറ്റിക്കു മുന്നിൽ പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാന്ദൻ സംഗമം ഉദ്ഘാടനം ചെയ്തു. പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുവാനുള്ള സർവ്വകലാശാലയുടെ തീരുമാനം സാധാരണക്കാരുടെ വിദ്യാഭ്യാസ അവകാശത്തെ ഇല്ലാതാക്കുമെന്ന് അദ്ദേഹം പറഞ്ഞു. പ്രൈവറ്റ് രജിസ്ട്രേഷനു ബദലായി അവതരിപ്പിക്കുന്ന ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ സ്വാശ്രയവിദ്യാഭ്യാസ കച്ചവടത്തിന്റെ ഓമനപ്പേരാണ് – അദ്ദേഹം അഭിപ്രായപ്പെട്ടു.



*കേരള സർവ്വകലാശാല കവാടത്തിനുമുന്നിൽ നടന്ന പാരലൽ വിദ്യാഭ്യാസ സംരക്ഷണ സംഗമം പ്രതിപക്ഷനേതാവ് വി.എസ്.അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.*

പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമൻ മുഖ്യാതിഥിയായിരുന്നു. സമൂഹത്തിന്റെ പൊതുസ്വത്തായ വിദ്യാഭ്യാസത്തെ ലേലത്തിനു വയ്ക്കുകയാണ് സർവ്വകലാശാലകളും സർക്കാരുകളും ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. അരനൂറ്റാണ്ടിലേറെയായി കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് പ്രമുഖമായ സ്ഥാനം വഹിക്കുന്ന പാരലൽ കോളേജുകൾ അടച്ചുപൂട്ടാൻ അനുവദിക്കരുതെന്നും അദ്ദേഹം പറഞ്ഞു. മുതിർന്ന പാരലൽ കോളേജ് അദ്ധ്യാപകൻ ആർ.അച്യുതൻനായർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന കൺവീനർ എം.ഷാജർഖാൻ, പാരലൽ സ്റ്റുഡന്റ്സ് മൂവ്മെന്റ് സംസ്ഥാന സെക്രട്ടറി വി.ഡി.സന്തോഷ്, എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ ശാന്തിരാജ്, പാരലൽകോളേജ് അസോസിയേഷൻ ദക്ഷിണമേഖലാ കോ-ഓർഡിനേറ്റർ കെ.ആർ.അശോക് കുമാർ എന്നിവർ പ്രസംഗിച്ചു. സ്റ്റീഫൻസൺ മാത്യു സ്വാഗതവും, എ.ഷൈജു കൃതജ്ഞതയും പറഞ്ഞു. രാവിലെ മാഞ്ഞാലിക്കുളം മൈതാനത്തുനിന്ന് യൂണിവേഴ്സിറ്റിയിലേക്കു നടന്ന പ്രകടനത്തിന് പാരലൽ വിദ്യാഭ്യാസ സംരക്ഷണ സമിതി നേതാക്കളായ കെ.സുകേശൻ, ജി.ഗിരികുമാർ, കെ.വീരേന്ദ്രകുമാർ, വി.വേണുഗോപാൽ, കെ.മോഹനൻനായർ, പിഎസ്.ഗോപകുമാർ, എസ്.ശ്രീകുമാർ, കെ.ബിമൽജി തുടങ്ങിയവർ നേതൃത്വം നൽകി. ●



*സംഗമത്തിനു മുന്നോടിയായി നടന്ന കേരളാ യൂണിവേഴ്സിറ്റി മാർച്ച്*

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.